**ധനകാര്യം**

2022-2023 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ച

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. ചിറ്റയം ഗോപകുമാർ): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ ഹൃദയപൂർവ്വം അനുകൂലിക്കുകയാണ്. ഏറ്റവും ഭയാനകമായ വിരുദ്ധ സാഹചര്യങ്ങളെ എത്രയും സമർത്ഥമായി നേരിടുവാൻ സജ്ജമാക്കുന്ന സാമ്പത്തികരേഖയാണ് ഈ ബഡ്ജറ്റ്. മൂന്നാം തരംഗവും പിന്നിട്ട് നാലാം തരംഗ ഭീഷണിയുമായി കോവിഡും സംസ്ഥാന സാമ്പത്തിക സുരക്ഷയെ ബാധിക്കാത്ത കേന്ദ്ര പ്രതിലോമ ബഡ്ജറ്റും തുടർച്ചയായ പ്രകൃതിദുരന്തങ്ങളും കാലിക യുദ്ധസാഹചര്യങ്ങളുമൊക്കെക്കൊണ്ട് ഭയപ്പെടുന്ന തരത്തിലല്ല, മറിച്ച് ഇവയെല്ലാം നേരിടുന്നതിനും അതിജീവിക്കുന്നതിനും കഴിയുമെന്ന് നമ്മുടെ ജനതയെ ബോദ്ധ്യപ്പെടുത്തുന്ന നിലപാടാണ് സർക്കാർ അവതരിപ്പിച്ച ഈ ബഡ്ജറ്റ്.

സംസ്ഥാനത്തിന്റെ ദീർഘകാല വികസനം ലക്ഷ്യമിടുന്ന ജനകീയ ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. എന്നാൽ കേവലം ഒരു മാസം മുമ്പ് കേന്ദ്ര പാർലമെന്റിൽ

സർക്കാർ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റ്, ആ കേന്ദ്ര ബഡ്ജറ്റും സംസ്ഥാന ബഡ്ജറ്റും താരതമ്യം ചെയ്യുമ്പോൾ എറ്റവും ജനകീയമായ ബഡ്ജറ്റാണ് സംസ്ഥാന സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കോവിഡാനന്തര കാലഘട്ടത്തിൽ, കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളെ കൂടുതൽ സഹായിക്കേണ്ട സാഹചര്യത്തിലാണെങ്കിലും അതിനനുയോജ്യമായ വിധത്തിൽ ഉയർന്നുപ്രവർത്തിക്കാൻ കേന്ദ്ര ബഡ്ജറ്റിന് കഴിഞ്ഞില്ലായെന്ന് ആ ബഡ്ജറ്റ് കാണുമ്പോൾ നമുക്ക് ബോദ്ധ്യപ്പെടും. 2022-ലെ കേന്ദ്ര ബഡ്ജറ്റ് കോവിഡ് മഹാമാരി കാരണം പ്രതിസന്ധികൾ നേരിടുന്ന വിവിധ മേഖലകൾക്ക് പ്രതീക്ഷിച്ച ആശ്വാസം പകരുന്നതല്ല. എന്നുമാത്രമല്ല, ആരോഗ്യ സംരക്ഷണത്തിൽ കോവിഡ് കാലത്തും ഇപ്പോഴും കേന്ദ്രം സംസ്ഥാനങ്ങളെ സഹായിക്കുന്നതിനുപകരം കോർപ്പറേറ്റുകളെ സഹായിക്കുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്.

നമ്മുടെ ചിരകാല ആവശ്യമായിട്ടുള്ള എയിംസ്, റെയിൽവേ സോൺ എന്നിവ ഇന്നും അംഗീകരിക്കപ്പെട്ടിട്ടില്ല. കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കായി നീക്കിവച്ച തുകയിലും കേന്ദ്ര ബഡ്ജറ്റിൽ ആവശ്യകതയ്ക്കനുസരിച്ച് പുരോഗതിയുണ്ടായിട്ടില്ലെന്ന വസ്തുത

നാം കാണേണ്ടതാണ്. കെ-റെയിലും ബഡ്ജറ്റിൽ പരാമർശിക്കപ്പെട്ടിട്ടില്ല. ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷംകൂടി നീട്ടി നൽകണമെന്ന സംസ്ഥാനങ്ങളുടെ ആവശ്യംപോലും പരിഗണിക്കാൻ കേന്ദ്രം തയ്യാറായിട്ടില്ല. വായ്പാപരിധി 5 ശതമാനമായി വർദ്ധിപ്പിക്കണമെന്ന ആവശ്യവും അംഗീകരിക്കാൻ കേന്ദ്ര ബഡ്ജറ്റ് ഇപ്പോഴും തയ്യാറായിട്ടില്ലായെന്ന വസ്തുതയും ഈ അവസരത്തിൽ നാം കാണേണ്ടതാണ്. സംസ്ഥാനങ്ങളുടെ റവന്യൂ കമ്മി നികത്തുന്നതിനായി നീക്കിവച്ച തുകയിലെ കുറവും സംസ്ഥാനങ്ങളുടെ സാമ്പത്തികസ്ഥിതി കടുത്ത സമ്മർദ്ദത്തിലാക്കുന്ന സമീപനമാണ് കേന്ദ്രം സ്വീകരിച്ചത്. ഈ പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ടാണ് സംസ്ഥാന ബഡ്ജറ്റ് ജനക്ഷേമ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത്. കേരളത്തിന്റെ സാമൂഹിക-ഭൗതിക പശ്ചാത്തല മേഖലകളെ മുന്നോട്ടുനയിക്കാനുള്ള പദ്ധതികളാണ് സംസ്ഥാന ഗവൺമെന്റ് ഈ ബഡ്ജറ്റിലൂടെ അവതരിപ്പിച്ചിട്ടുള്ളത്.

കേന്ദ്രബന്ധങ്ങൾ സജീവ ചർച്ചയാകുന്ന രാഷ്ട്രീയ സാഹചര്യത്തിലാണ് ഈ ബഡ്ജറ്റ് വിലയിരുത്തപ്പെടുന്നത്. ഭരണഘടനാ മൂല്യങ്ങളായുള്ള ഫെഡറലിസം, ബഹുസ്വരത, അഭിപ്രായസ്വാതന്ത്ര്യം, മതനിരപേക്ഷത എന്നിവയെ ദുർബ്ബലപ്പെടുത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാർ ഈ

അജണ്ട നിശ്ചയിച്ച് നടപ്പാക്കുന്നത്. ഇതിന് ഏറ്റവും പ്രത്യക്ഷമായിട്ടുള്ള ഉദാഹരണമാണ് കേരളത്തിലെ ബഹുമാന്യനായ ഗവർണർ എന്നുപറയാതിരിക്കാൻ നിർവ്വാഹമില്ല. സംസ്ഥാന മന്ത്രിസഭയുടെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുകയല്ലാതെ സ്വന്തം ഇഷ്ടമനുസരിച്ച് തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട ഗവർണർക്ക് അധികാരമില്ല എന്ന വസ്തുത നാം മനസ്സിലാക്കേണ്ടതാണ്. ഭരണഘടനാ ബാധ്യത നിർവ്വഹിക്കാൻ തയ്യാറാകാതിരിക്കുന്ന ബഹുമാനപ്പെട്ട ഗവർണറുടെ മുമ്പിൽ അദ്ദേഹത്തിന്റെ വിലപേശലിന് ഒരിക്കലും നാം നിന്നുകൊടുക്കേണ്ട കാര്യമില്ല. ഇന്ത്യൻ ഭരണഘടനയനുസരിച്ച് ഗവർണർ സംസ്ഥാന ഭരണത്തലവനാണ്. പക്ഷേ ആർട്ടിക്കിൾ 161 പ്രകാരം ബഹുമാനപ്പെട്ട ഗവർണർ നടത്തുന്ന ഭരണപരവും ലെജിസ്ലേറ്റീവ്പരവുമായ പ്രവർത്തനങ്ങൾ മന്ത്രിസഭയുടെ സഹായത്താലും ഉപദേശത്താലും നിർവ്വഹിക്കാനുള്ളതാണ്. എന്നാൽ ബഹുമാനപ്പെട്ട ഗവർണർ അത് മനസ്സിലാക്കാതെ സംസ്ഥാനങ്ങളെ സമ്മർദ്ദത്തിലാക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്.

സംസ്ഥാനം മുന്നോട്ടുവയ്ക്കുന്ന വികസന കാഴ്ചപ്പാടിനെ കേന്ദ്രം അംഗീകരിക്കുകയും പലതിനെ അനുകരിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്രസർക്കാർ പുറത്തിറക്കിയ അവലോകന

റിപ്പോർട്ടിൽ കേരളത്തിന്റെ നേട്ടങ്ങൾ പറഞ്ഞിട്ടുണ്ട്. സംസ്ഥാനം മുന്നോട്ടുവച്ച നിരവധി പദ്ധതികൾ കേന്ദ്ര ബഡ്ജറ്റിൽ പ്രതിഫലിപ്പിക്കപ്പെട്ടിട്ടുമുണ്ട്. സംസ്ഥാനത്തിന്റെ കാഴ്ചപ്പാട് അംഗീകരിക്കപ്പെട്ട സ്ഥിതിക്ക് ഈ പദ്ധതികളെ സഹായിക്കുന്നതിനാവശ്യമായ നടപടികൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടില്ലെന്ന വസ്തുത, കേന്ദ്രം ഏതുഭാഗത്താണ് നിൽക്കുന്നതെന്ന് നമുക്ക് മനസിലാക്കാൻ കഴിയും. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ കാര്യത്തിൽ കേന്ദ്രസർക്കാർ സ്വീകരിക്കുന്ന ജനവിരുദ്ധ സമീപനം പലതവണ ഈ സഭ ചർച്ച ചെയ്തിട്ടുള്ളതാണ്. കേന്ദ്രസർക്കാർ വ്യവസായ-സേവന മേഖലകളെ സ്വകാര്യ കുത്തകകൾക്ക് വിട്ടുകൊടുക്കുന്നു. എൽ.ഐ.സി.-യുടെ സ്വകാര്യവൽക്കരണം ഇപ്പോൾ എടുത്തുപറയേണ്ട പ്രധാനപ്പെട്ട കാര്യമാണ്. നഷ്ടത്തിലായ സ്വകാര്യ കുത്തക കമ്പനികളുടെ ഓഹരികൾ കേന്ദ്രം ഏറ്റെടുക്കുന്നു. അതേസമയം, ലാഭത്തിലായിട്ടുള്ള സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ ഇന്ത്യൻ സ്വകാര്യ കുത്തക മുതലാളിമാർക്ക് വിട്ടുകൊടുക്കുന്നു. ഇതെന്ത് സമീപനമാണ്? നമ്മുടെ രാജ്യത്ത് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളെ സർക്കാർ ഏറ്റെടുക്കുകയാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ

സ്ഥാപനങ്ങളെ കുത്തകകൾക്ക് വിട്ടുകൊടുക്കുന്നു. ശരിക്കും കുത്തക മുതലാളിമാർക്കുവേണ്ടിമാത്രം നിലകൊള്ളുന്ന ഗവൺമെന്റായി കേന്ദ്രസർക്കാർ മാറിയിരിക്കുന്നു എന്നതിന് ഇതിൽപ്പരം മറ്റ് തെളിവുകൾ നമുക്കാവശ്യമില്ല.

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾക്കായി സംസ്ഥാന സർക്കാർ ബഡ്ജറ്റിലൂടെ മുന്നോട്ടുവയ്ക്കുന്ന നടപടികൾ ഈ സാഹചര്യത്തിലാണ് ശ്രദ്ധേയമാകുന്നത്. വ്യവസായ മേഖലയ്ക്കായി 1226.66 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്. പൊതുമേഖലാ വ്യവസായ യൂണിറ്റുകളുടെ പുനരുജ്ജീവനത്തിന് അഞ്ചിന കർമ്മപരിപാടി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യവസായ വകുപ്പിനുകീഴിലുള്ള 41 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും മത്സരക്ഷമമാക്കാനും 405 പദ്ധതികൾ നടപ്പിലാക്കി വരുന്നുവെന്നുള്ളത് കേരളത്തിലെ ഗവൺമെന്റിന്റെ പ്രത്യേകതയാണ്. ഏതൊരു പ്രദേശത്തിന്റെയും വികസനത്തിൽ തടസ്സരഹിതമായിട്ടുള്ള ഗതാഗതം വളരെ നിർണ്ണായകമാണ്. ദേശീയപാത 66-ന്റെ വികസനം സാദ്ധ്യമാക്കിയതോടൊപ്പം തിരുവനന്തപുരം നഗരത്തിലേയ്ക്കുവരുന്ന എല്ലാ പ്രധാന റോഡുകളെയും ബന്ധിപ്പിച്ചുകൊണ്ട് 77.8 കിലോമീറ്റർ നീളമുള്ള ഔട്ടർ റിംഗ് റോഡിന് 'ഭാരത് മാല പര്യോജന'

പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം നേടിയെന്നത് വളരെ ശ്രദ്ധേയമായ കാര്യമാണ്.

പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അഴിമതിരഹിതമാക്കുന്നതിന് സഹായിക്കുന്ന പ്രൈസ് സോഫ്റ്റ്‌വെയർ നടപ്പിലാക്കിയതിനുപുറമെ റോഡ് മെയിന്റനൻസിന് ദീർഘകാലം കരാർ ഉറപ്പാക്കുന്ന ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് മെയിന്റനൻസ് കോൺട്രാക്ട് സംവിധാനം റോഡിന്റെ ഗുണനിലവാരത്തെ ദീർഘകാലം നിലനിർത്തുന്നതിന് സഹായിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈ ചുരുങ്ങിയ കാലംകൊണ്ട് പൊതുമരാമത്ത് വകുപ്പ് ഏറെ ശ്രദ്ധേയമായ നിലയിലാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിലുള്ള റസ്റ്റ് ഹൗസുകൾ ഓൺലൈനിലൂടെ രജിസ്റ്റർ ചെയ്ത് പൊതുജനങ്ങൾക്ക് താമസിക്കാൻ കൊടുക്കുന്നതുവഴി ധാരാളം സമ്പത്ത് ഖജനാവിലേയ്ക്ക് വരുന്നുവെന്നുള്ളതും ഏറെ ശ്രദ്ധേയമായ കാര്യമാണ്.

യുവജനങ്ങളെ തൊഴിൽ അന്വേഷകർ എന്നതിനേക്കാളുപരി തൊഴിൽ ദാതാക്കളായി രൂപപ്പെടുത്താനുള്ള മനോഭാവത്തിലേയ്ക്ക് സമൂഹത്തെ പരിവർത്തനം ചെയ്യേണ്ടതുണ്ട്. നാടിന്റെ പൊതുവായ പ്രശ്നങ്ങൾ

മനസ്സിലാക്കി ക്രിയാത്മകമായി ഇടപെടാൻ ചെറുപ്പക്കാർക്ക് കഴിയണം. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം ഈ ദിശയിലെ സർക്കാരിന്റെ പദ്ധതിയാണ്. പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ പുത്തൻ ആശയ രൂപീകരണത്തിന് ഊന്നൽ നൽകി K-DISC (Kerala Development and Innovation Strategic Council) നടപ്പാക്കുന്ന യംഗ് ഇന്നവേറ്റേഴ്സ് പദ്ധതി രാജ്യത്തുതന്നെ സമാനതകളില്ലാത്തതാണ്. സാങ്കേതികവിദ്യയെ മനുഷ്യനന്മയ്ക്കായി ഉപയോഗിക്കുക എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. നൈപുണ്യ വികസനം, വ്യവസായ പുനഃസംഘടന, കാർഷിക നവീകരണം എന്നിവയ്ക്ക് ഊന്നൽ നല്കി ഏതാണ്ട് 40 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തെ വിജ്ഞാന സമ്പദ്ഘടനയായും നൂതന സമൂഹമായും പരിവർത്തനപ്പെടുത്താൻ ഈ പ്രവർത്തനങ്ങളിലൂടെ സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നുവെന്നുള്ളത് ആ രംഗത്ത് കാണുന്ന ഏറ്റവും വിജയകരമായ കാര്യമാണ്.

രാജ്യത്തിന് മാതൃകയാകുന്നവിധത്തിൽ നമ്മുടെ സംസ്ഥാനത്തെ പൊതുവിതരണരംഗം കാര്യക്ഷമമായി മുന്നോട്ടുപോകുകയാണ്. ഈ

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസി മേഖലയിൽ 'സഞ്ചരിക്കുന്ന റേഷൻകട' നടപ്പാക്കി. അത് ഏറ്റവും പ്രയോജനകരമായി മാറാൻ കഴിഞ്ഞു. എല്ലാ മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന റേഷൻകടകൾ തുടങ്ങുമെന്ന് സംസ്ഥാന സർക്കാർ ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. പൊതുവിതരണ രംഗത്ത് സൂക്ഷ്മതയോടെയും അഴിമതിരഹിതമായും ഏറ്റവും മെച്ചപ്പെട്ട നിലയിലും ആളുകൾക്ക് സേവനം കൊടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങളാണ് ഇതുവഴി സംജാതമാകുന്നത്.

വിശപ്പുരഹിത കേരളം പദ്ധതി - പൊതുവിതരണ വകുപ്പ് മുൻകയ്യെടുത്ത് നടത്തുന്ന ഒരു പദ്ധതിയാണ്. ഒരു മനുഷ്യൻപോലും വിശന്നിരിക്കാനിടയാകരുത്. പണമില്ലെന്ന കാരണത്താൽ അവർക്ക് ഭക്ഷണം കഴിക്കാൻ കഴിയില്ലെന്ന സാഹചര്യമുണ്ടാകരുത്. അതുകൊണ്ടുതന്നെ സംസ്ഥാനത്തെ 'വിശപ്പുരഹിത കേരളം' പദ്ധതിയുടെ ഭാഗമായി 'സുഭിക്ഷ ഹോട്ടൽ പദ്ധതി' നടപ്പാക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു. ഇപ്പോൾ കേരളത്തിലെ പല ജില്ലകളിലും പൊതുവിതരണ വകുപ്പിന്റെ നേതൃത്വത്തിൽ സുഭിക്ഷ ഹോട്ടൽ പദ്ധതി ആരംഭിച്ചുകഴിഞ്ഞു. ഈ സാമ്പത്തികവർഷം പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ എല്ലാ താലൂക്കുകളിലും ശാസ്ത്രീയാടിസ്ഥാനത്തിൽ എൻ.എഫ്.എസ്.എ.

ഗോഡൗണുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അത്തരത്തിൽ എല്ലാ മണ്ഡലങ്ങളിലും എൻ.എഫ്.എസ്.എ.-യുടെ നിർദ്ദേശം പാലിച്ചുകൊണ്ട് ശാസ്ത്രീയാടിസ്ഥാനത്തിൽ പൊതുവിതരണ വകുപ്പിന്റെ കീഴിൽ ഗോഡൗണുകൾ കൂടി സ്ഥാപിച്ചുകഴിയുമ്പോൾ ഈ രംഗത്ത് ഏറ്റവും നല്ല പ്രവർത്തനം നടത്താൻ പൊതുവിതരണ വകുപ്പിന് കഴിയും. റേഷൻ കടകളുടെ പഴയ അവസ്ഥമാറ്റി പശ്ചാത്തല സൗകര്യം വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ സിവിൽ സപ്ലൈസ് വകുപ്പ് നടപ്പിലാക്കിവരികയാണ്. ഈ സംവിധാനം മെച്ചപ്പെട്ട നിലയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനും വിലക്കയറ്റ ഭീഷണിയെ അതിജീവിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുംവേണ്ടി ഈ ബഡ്ജറ്റിൽ 2000 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

സാധാരണ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് വില്ലേജാഫീസുകളെയാണ്. കഴിഞ്ഞ ഗവൺമെന്റ് 5 വർഷം കേരളത്തിൽ അധികാരത്തിലിരുന്നപ്പോൾ വില്ലേജാഫീസുകളെ സ്മാർട്ടാക്കുന്ന പദ്ധതി ആരംഭിച്ചു. കേരളത്തിലെ മിക്കവാറും എല്ലാ വില്ലേജാഫീസുകളും സ്മാർട്ടാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. നിരവധി വില്ലേജാഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകളായി മാറി. അത് തീർച്ചയായും സാധാരണ

ജനങ്ങൾക്ക് ഏറ്റവും പ്രയോജനകരമാണ്. ജനങ്ങൾ അവിടെ ചെന്നാൽ മാന്യമായി ഇരിക്കാനും അവർക്ക് കുടിവെള്ളം എത്തിക്കാനും അവർക്ക് നല്ല സേവനങ്ങൾ ലഭ്യമാക്കാനും അതുപോലെ ഉദ്യോഗസ്ഥർക്ക് മെച്ചപ്പെട്ട നിലയിൽ സേവനം നടത്തി ജനങ്ങളുടെ ആവശ്യങ്ങൾ വേഗത്തിൽ നടപ്പിലാക്കാൻ കഴിയുന്ന തരത്തിലുള്ള സ്മാർട്ട് വില്ലേജാഫീസുകളും ഇ-ഓഫീസുകളും റവന്യൂ ഡിവിഷണൽ ഓഫീസുകളും താലൂക്കാഫീസുകളുമടക്കം കാര്യക്ഷമമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം വില്ലേജാഫീസുകൾക്ക് വെബ്പോർട്ടൽ ആരംഭിക്കുകവഴി എല്ലാ സേവനങ്ങളും വിരൽതുമ്പിലെത്തിക്കുന്നതിന് കഴിഞ്ഞു. 1966-ൽ ആരംഭിച്ച റീ-സർവ്വേ നടപടികൾ ആധുനിക സാങ്കേതികവിദ്യയിലൂടെ പൂർത്തീകരിക്കാൻ ഈ സർക്കാർ നടപടികളാരംഭിച്ചു. കൈവശ ഭൂമിക്ക് പട്ടയം നൽകുക എന്നത് സംസ്ഥാന സർക്കാർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഏതാണ്ട് 177015 പേർക്ക് പട്ടയം കൊടുത്ത് സ്വന്തമായി ഭൂമിയുടെ അവകാശികളാക്കി. ഈ സർക്കാർ കഴിഞ്ഞ നൂറ് ദിവസത്തിനുള്ളിൽ ഏകദേശം 13534 പട്ടയങ്ങൾ വിതരണം ചെയ്തുകൊണ്ട് അത്രയും

കുടുംബങ്ങളെ സ്വന്തമായി ഭൂമിയുടെ അവകാശികളാക്കി മാറ്റാൻ കഴിഞ്ഞുവെന്നുള്ളത് ഈ ഗവൺമെന്റിന്റെ ചുരുങ്ങിയ കാലത്തെ പ്രവർത്തനങ്ങളുടെ ഏറ്റവും വലിയ നേട്ടമായിട്ടാണ് ഞാൻ കാണുന്നത്. തണ്ണീർത്തട നിയമവുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. എന്നാൽ ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനും ഭൂമി തരംമാറ്റി എടുക്കുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും ആറ് മാസത്തിനകം അപേക്ഷയിന്മേൽ തീർപ്പ് കല്പിക്കുന്നതിനുമുള്ള സംവിധാനം റവന്യൂ വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

വൈദ്യശാസ്ത്രരംഗം ഇന്ന് ഏറെ മെച്ചപ്പെട്ട നിലയിലാണ് മുന്നോട്ടുപോകുന്നത്. പൊതുജനാരോഗ്യ മേഖലയ്ക്കായി ഈ ബഡ്ജറ്റിൽ 2629.33 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് മുൻവർഷത്തേക്കാൾ 288 കോടി രൂപ അധികമാണ്. കേരളത്തിന്റെ ആരോഗ്യമേഖല മറ്റ് സംസ്ഥാനങ്ങൾക്ക് ഇന്ന് മാതൃകയാണ്. വാസ്തവത്തിൽ കോവിഡ്-19 എന്ന മഹാമാരിയെ നേരിടാൻ സഹായിച്ചത് സംസ്ഥാനത്തെ അതിശക്തമായ ഇടപെടലാണ് പൊതുജനാരോഗ്യ രംഗത്ത് ആ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. 2017-ൽ നിപ വൈറസ് വന്നു. നമ്മൾ അതിനെ

പിടിച്ചുനിർത്തി. ധാരാളം പ്രതിസന്ധികളുണ്ടായി. ഇപ്പോൾ കോവിഡ് വൈറസ് വന്നു. ആ സാഹചര്യത്തിൽ അതിനെയെല്ലാം നിയന്ത്രിക്കാനും അത് കൂടുതൽ ആളുകളിലേയ്ക്ക് വ്യാപിപ്പിക്കാതിരിക്കാനും മരണനിരക്ക് കുറയ്ക്കാനും കഴിയുന്ന തരത്തിലേയ്ക്ക് ആരോഗ്യ സംവിധാനം മെച്ചപ്പെട്ട നിലയിൽ ഉണർന്ന് പ്രവർത്തിച്ചുവെന്നുള്ളത് കഴിഞ്ഞ സർക്കാരിന്റെയും അതിന്റെ തുടർച്ചയായിട്ടുള്ള ഈ സർക്കാരിന്റെയും നേട്ടമായാണ് ഞാൻ കാണുന്നത്. കേരളം ഈ രംഗത്ത് പ്രത്യേകിച്ച് ഉയർന്ന ആയുർദൈർഘ്യം, ശിശുമരണ നിരക്ക്, ജനന/മരണ നിരക്ക് എന്നീ ആരോഗ്യ സൂചികകളിൽ കേരളം ഗണ്യമായ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളത് പ്രസിദ്ധമാണ്. ആർദ്രം മിഷൻ, സംസ്ഥാനത്തെ ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളിൽ പരിവർത്തനം കൊണ്ടുവന്നു. നീതി ആയോഗിന്റെ ദേശീയ ആരോഗ്യ സൂചികയിൽ കേരളം വീണ്ടും ഒന്നാമത് എത്തിയിരിക്കുകയാണ്. ആരോഗ്യരംഗത്ത് സംസ്ഥാനങ്ങളുടെ സമഗ്ര പ്രകടനം വ്യക്തമാക്കുന്ന നീതി ആയോഗിന്റെ നാലാമത്തെ ആരോഗ്യ സൂചികയിലാണ് കേരളം ഒന്നാംസ്ഥാനം നിലനിർത്തിയത്. സാമൂഹ്യ സുരക്ഷാ മേഖലയിൽ കേരളത്തിന്റെ മികച്ച പ്രകടനം ദേശീയ-അന്തർദേശീയ ശ്രദ്ധ ആകർഷിച്ചിട്ടുള്ളതാണ്. സാമൂഹ്യാരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ

മുൻപന്തിയിലുള്ള കേരളം സുസ്ഥിരവികസന ലക്ഷ്യസൂചികയിൽ മികച്ച നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. ഈയവസരത്തിൽ ഒരു കാര്യം ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്, കോവിഡിന്റെ ഒന്നും രണ്ടും ഘട്ടം പ്രതിസന്ധി വന്നപ്പോൾ, കോവിഡിന്റെ പ്രവർത്തനങ്ങളുമായി ജനങ്ങളും ആരോഗ്യപ്രവർത്തകരും പോലീസും റവന്യൂവും പഞ്ചായത്തടക്കമുള്ള ഉദ്യോഗസ്ഥരും എല്ലാംകൂടി ചേർന്നുകൊണ്ടാണ് ജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ഏറ്റവും മെച്ചപ്പെട്ട നിലയിൽ മുന്നോട്ടുപോയത്. എന്നാൽ ആരോഗ്യവകുപ്പ് ശ്രദ്ധിക്കേണ്ട ഒരു കാര്യം, കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ പലപ്പോഴും വെന്റിലേറ്ററില്ലായെന്നുപറഞ്ഞ് രോഗികളെ മടക്കി അയയ്ക്കുന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. അത് വളരെ ഗൗരവമായി ഗവൺമെന്റ് കാണേണ്ടതാണ്. അക്കാര്യം പ്രത്യേകം ശ്രദ്ധയോടെ കണ്ട് അത്തരം ആശുപത്രികൾക്കെതിരെ നടപടിയെടുക്കാൻ കഴിയുമെങ്കിൽ അതിനെക്കുറിച്ചുകൂടി ആലോചിക്കണം. അതുപോലെതന്നെ മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, സ്വകാര്യ ആശുപത്രികളിലെ തീവ്രപരിചരണ വിഭാഗത്തിൽ ഗുരുതരമായ അസുഖം വന്ന് വെന്റിലേറ്ററിൽ കിടക്കുന്ന രോഗികളുണ്ട്. അങ്ങനെ വെന്റിലേറ്ററിൽ കിടക്കുന്ന രോഗികളെ സംബന്ധിച്ച് അവരുടെ ബന്ധുക്കൾക്കോ സ്വന്തക്കാർക്കോ ഒന്നും അറിയാൻ

കഴിയാത്ത സാഹചര്യമാണുള്ളത്. അതുസംബന്ധിച്ച് ഒരു പരിശോധന നടത്താനും കുട്ടിരിപ്പുകാർക്ക് അല്ലെങ്കിൽ ബന്ധുക്കൾക്ക് ഇതുസംബന്ധിച്ച് ഒരു വ്യക്തത കൈവരിക്കാനും കഴിയുന്ന തരത്തിൽ ആരോഗ്യമേഖലയിൽ അവർക്ക് ഈ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ ഉതകുംവിധം സാങ്കേതിക വിഷ്വൽ മീഡിയ ക്രമീകരണങ്ങളും മറ്റും സ്ഥാപിച്ചുകൊണ്ട്, മെച്ചപ്പെട്ട നിലയിലേയ്ക്ക് കൊണ്ടുപോകാൻ നമുക്ക് കഴിയണം. ഒരുപാട് കാര്യങ്ങൾ ചെയ്ത് മെച്ചപ്പെട്ട നിലയിലാണ് ഈ ഗവൺമെന്റ് മുന്നോട്ടുകൊണ്ടുപോകുന്നത്.

ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. പട്ടികജാതി-പട്ടികവർഗ്ഗ വികസനമേഖലയിലും അതുപോലെതന്നെ, മറ്റ് തൊഴിൽ മേഖലയിലും സേവനരംഗത്തുമടക്കം ജനങ്ങളെ സഹായിക്കുന്ന സമീപനവുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഇവിടെ നമുക്കറിയാം, കർഷകത്തൊഴിലാളികൾക്കും കൃഷിക്കാർക്കും ഒരുപാട് നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തെ മെച്ചപ്പെട്ട നിലയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് ശ്രീനാരായണ ഗുരുസ്വാമിയും ചട്ടമ്പിസ്വാമിയും അയ്യങ്കാളിയും അയ്യാ വൈകുണ്ഠസ്വാമിയും പൊയ്കയിൽ കുമാരഗുരുദേവനും അടക്കമുള്ളവരുടെ പങ്ക് എന്നും

ഓർമ്മിക്കപ്പെടേണ്ടതാണ്. സംസ്ഥാന ഗവൺമെന്റ് കുമാരഗുരുദേവന്റെ ജയന്തി ദിനത്തിൽ അവധി നൽകണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ട്. അത് അനുഭാവപൂർവ്വം ഗവൺമെന്റ് പരിഗണിക്കണമെന്നുകൂടി ആവശ്യപ്പെടുന്നു. അതുപോലെതന്നെ പട്ടികജാതി വികസന മേഖലയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ഗവൺമെന്റ് അനുഭാവപൂർവ്വം നടപടി സ്വീകരിക്കണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഈ ബഡ്ജറ്റിനെ സർവ്വാത്മനാ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. സ്പീക്കർ: അങ്ങ് കൃത്യസമയത്ത് നിർത്തിയെന്നുമാത്രമല്ല, അല്പം നേരത്തെ നിർത്തി. ആ മാതൃക ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും പിന്തുടരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വളരെ പ്രതിസന്ധികൾ നിറഞ്ഞ ഒരു ഘട്ടത്തിൽ, ലോകമാകെ സാമ്പത്തികമായി വലിയ തകർച്ചയിൽ അകപ്പെട്ട കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ, വളരെ പ്രായോഗികവും ശാസ്ത്രീയവുമായിട്ടുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിച്ചതിന് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ആദ്യം ഉപയോഗപ്പെടുത്തുകയാണ്. ഇടതുപക്ഷ

ചിന്താഗതിയുടെ ഭാഗമായിട്ടുതന്നെയാണ് വീണ്ടും വീണ്ടും ഈ കൊച്ചുകേരളം ലോകത്തിന്റെ മുന്നിൽ ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു മാതൃകയായി മാറുന്നത്. കേരളം രൂപം കൊള്ളുന്നതിനുമുൻപും അങ്ങനെ തന്നെയായിരുന്നു. 1956 ജൂൺ മാസത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു സ്പെഷ്യൽ സമ്മേളനം തൃശ്ശൂരിൽ ചേരുകയുണ്ടായി. കേരളം രൂപം കൊണ്ടാൽ എങ്ങനെയാണ് കേരളത്തെ കെട്ടിപ്പടുക്കുക എന്നാണ് അന്ന് ചിന്തിച്ചത്. ബ്രിട്ടീഷുകാരുടെ നീണ്ടകാലത്തെ ആധിപത്യത്തിനിടയിൽ സർവ്വവും നശിച്ചുപോയ ഒരു രാജ്യമായി ഇൻഡ്യ മാറിയിരുന്നു. അങ്ങനെയാകുമ്പോൾ നമ്മുടെ സംസ്ഥാനത്തും അതിന്റെയെല്ലാ പ്രതിസന്ധികളുമുണ്ടായിരുന്നു. ആ പ്രതിസന്ധികളെ മറികടക്കാൻ തെരഞ്ഞെടുപ്പ് വരുന്നുണ്ട്; അതിൽ കമ്മ്യൂണിസ്റ്റ് പാർട്ടി മത്സരിക്കുന്നുണ്ട്; കമ്മ്യൂണിസ്റ്റ് പാർട്ടി ജയിച്ചാലും ആര് ജയിച്ചാലും പുതിയ ഭാഷാടിസ്ഥാനത്തിലുള്ള കേരളം രൂപംകൊള്ളുമ്പോൾ ആ കേരളം എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് അന്നത്തെ ഇടതുപക്ഷം, കമ്മ്യൂണിസ്റ്റ് പാർട്ടി വലിയ ചർച്ച നടത്തി. അതിന്റെയടിസ്ഥാനത്തിലാണ് കേരളം രൂപപ്പെടുത്താനുള്ള നയപരിപാടികൾ തീരുമാനിച്ചത്. ഇത് കേരളത്തിന്റെ എല്ലാ ഭാഗത്തും കാണാം. ഇന്നത്തെ

ഐക്യകേരളത്തിനുവേണ്ടി അന്ന് ഏറ്റവും കൂടുതൽ പോരാട്ടം നടത്തിയത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമാണ്; ഇടതുപക്ഷമാണ്. പുന്നപ്രവയലാർ സമരം അതിന്റെ ഭാഗമായിരുന്നു. സർ സി. പി. രാമസ്വാമിക്കെതിരെ വലിയ സമരം നയിച്ചു. കമ്മ്യൂണിസ്റ്റുകാർ ആ സമരത്തെ വലിയതോതിൽ പിന്തുണച്ചു. 1957-ൽ വന്ന ഗവൺമെന്റ് കേരളം കെട്ടിപ്പടുക്കുന്നതിനുള്ള അടിത്തറയിട്ടു. പലപ്പോഴായി പറഞ്ഞിട്ടുള്ളതിനാൽ ഞാൻ അതിന്റെ വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല. ആദ്യംതന്നെ, 10-20 ദിവസങ്ങൾക്കുള്ളിൽ കുടിയൊഴിപ്പിക്കൽ നിർത്തിവയ്ക്കുന്നതിനുള്ള ഓർഡിനൻസ് പാസ്സാക്കിയതുമുതൽ വിദ്യാഭ്യാസരംഗത്തെ പരിഷ്കാരം, ആരോഗ്യരംഗത്തെ മാറ്റങ്ങൾ ഇവയെല്ലാം വലിയ മാറ്റങ്ങളുണ്ടാക്കുന്നതിന് കാരണമായി. ഇന്നത്തെ കേരളത്തിന്റെ വളർച്ചയിൽ ഏറ്റവും അടിസ്ഥാനമായി മാറിയിട്ടുള്ളതും 1957-ലെ ഗവൺമെന്റിന്റെ ചെയ്തികൾ ആണെന്നത് എല്ലാവർക്കുമറിയാം. വളരെ പെട്ടെന്നുതന്നെ ഭൂമിയിൽ അവകാശം സ്ഥാപിക്കാൻ 33 ലക്ഷം കുടുംബങ്ങൾക്ക് സാധിച്ചു. കോൺഗ്രസ്സിന്റെ സ്വഭാവം എല്ലാകാലത്തും ഒരുപോലെയായിരുന്നു. കോൺഗ്രസ്സ് സ്വാതന്ത്ര്യസമരത്തിനുവേണ്ടി പോരാടിയ പ്രസ്ഥാനമൊക്കെയായിരുന്നു. പക്ഷെ എന്തുകൊണ്ടാണ് കോൺഗ്രസ്സിന്

ഇന്നത്തെ ദുഃസ്ഥിതി വന്നത്? അവർ ഇൻഡ്യയുടെ ജനകീയ പ്രശ്നങ്ങൾ പരിശോധിച്ചില്ല. നമ്മുടെ നാട്ടിലെ ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി ശ്രമിച്ചില്ല. ഞാൻ കഴിഞ്ഞതവണ പ്രസംഗിക്കുമ്പോഴും ഇത് പറഞ്ഞിരുന്നു. ജവർഹർലാൽ നെഹ്റു കാണിച്ചിട്ടുള്ള ആർജ്ജവം, സോഷ്യലിസ്റ്റ് മനോഭാവം അത് പിന്നീടുവന്ന കോൺഗ്രസ്സ് നേതാക്കന്മാർ കാണിച്ചില്ലായെന്നുമാത്രമല്ല, നമ്മുടെ രാജ്യത്തെ നശിപ്പിക്കുന്നതിനുള്ള തീരുമാനമാണ് കുത്തക കോർപ്പറേറ്റുകളുമായി ബന്ധപ്പെട്ടുകൊണ്ട് കോൺഗ്രസ്സ് സ്വീകരിച്ചത്. 1957-ലെ ഗവൺമെന്റിനെതിരായി നടത്തിയതും ഇന്ന് നടത്തുന്ന അതേ സമീപനമായിരുന്നു; ഒരു മാറ്റവും കോൺഗ്രസ്സിന് വന്നിട്ടില്ലായെന്നുള്ളതാണ്. അതുകൊണ്ടാണ് കോൺഗ്രസ്സ് ഇങ്ങനെ പരാജയപ്പെട്ടുപോകുന്നത്. അതുകൊണ്ടാണ് കോൺഗ്രസ്സ് ഇൻഡ്യയിൽ നിന്നും നിഷ്കാസിതമായിപ്പോകുന്നത്. ഒരു മാറ്റവും കോൺഗ്രസ്സിനുണ്ടായിട്ടില്ല. അന്ന് ജവഹർലാൽ നെഹ്റുവിനെ പ്രേരിപ്പിച്ച് ആ ഗവൺമെന്റിനെ പിരിച്ചുവിടാൻവേണ്ടിയാണ് കോൺഗ്രസ്സ് ഉത്സാഹിച്ചതെന്നാണ്. അതേ സ്വഭാവം ഇപ്പോഴും തുടരുന്നതായി നമുക്ക് കാണാം.

വലിയ മാറ്റങ്ങളുണ്ടാക്കുന്ന തീരുമാനങ്ങളാണ് നമ്മൾ ഇവിടെ

സ്വീകരിച്ചിട്ടുള്ളത്. എങ്ങനെയാണ് വിജ്ഞാനത്തെ ഉല്പാദനവുമായി ബന്ധപ്പെടുത്തുക; വികസനവുമായി ബന്ധപ്പെടുത്തുക; അതാണ് വിജ്ഞാനസമൂഹം എന്നുള്ളതുകൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ മേഖലയിലും ആ മാറ്റമുണ്ടാക്കിക്കൊണ്ട് തകർന്നുപോകുന്ന ഒരു സാമ്പത്തികസ്ഥിതിയെ പിടിച്ചുയർത്തിക്കൊണ്ടുവരാനുള്ള പരിശ്രമം ഈ ബഡ്ജറ്റിലുടനീളം നമുക്ക് കാണാൻ സാധിക്കും. " Prescription for Development" എന്നാണ് ഈ ബഡ്ജറ്റിന്റെ സമീപനത്തെ ചില പത്രങ്ങളും മാധ്യമങ്ങളും വിശേഷിപ്പിച്ചത്. നമ്മുടെ നാട് വികസിക്കാനുള്ള ചില പ്രിസ്ക്രിപ്ഷൻസാണ് ഇതിനകത്ത് വന്നിട്ടുള്ളതെന്ന് നമുക്ക് കാണാൻ സാധിക്കും. എന്നാൽ, കോൺഗ്രസ്സിന്റെ നേതൃത്വം അതിനെ എതിർക്കുന്നതിനുവേണ്ടി മുന്നോട്ടുവരികയാണ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനാണ് കുറച്ച് സീറ്റുകൾ ലഭ്യമായത്. എം.പി. സ്ഥാനം എന്തിനുവേണ്ടിയാണ് അവർ ഉപയോഗപ്പെടുത്തുന്നത്; ഇവിടെ കെ-റെയിലിനെക്കുറിച്ച് വിശദമായ ചർച്ച നടത്താനിരിക്കുകയാണ്. ഇന്ന് രാവിലെ പ്രതിപക്ഷത്തിന്റെ മുഖഭാവം കണ്ടപ്പോൾ, അവർക്ക് ഓർക്കാപ്പുറത്ത് ഒരടി കിട്ടിയതുപോലെ തോന്നി. കെ-റെയിലിനെതിരായി വലിയ തോതിൽ ബഹളം വച്ച് ഈ സഭ ബഹിഷ്കരിച്ച് പോകാൻ ഉദ്ദേശിച്ചതായിരിക്കണം; പക്ഷെ, അത് നടന്നില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു ചർച്ചയാവാം; ചർച്ച ചെയ്യുന്നതിന് എന്താ വിരോധം? ഈ കൊച്ചുകേരളത്തെ ലോകത്തിന്റെ നെറുകയിൽ പ്രതിഷ്ഠിക്കാൻ അല്ലെങ്കിൽ ഇത്തരം വലിയ ബുദ്ധിമുട്ടുകൾ എല്ലാം തരണം ചെയ്തുകൊണ്ട് കേരളത്തെ വികസിതമാക്കി മാറ്റാനുള്ള പദ്ധതികളല്ലേ കെ-റെയിലിലടക്കമുള്ളത്. അത് ചർച്ച ചെയ്യുന്നതിന് യാതൊരുതരത്തിലുള്ള ബുദ്ധിമുട്ടും ഇടതുപക്ഷ ജനാധിപത്യമുന്നണിക്കില്ല.

എന്നാൽ ആ പദ്ധതി ഇല്ലാതാക്കുന്നതിനുവേണ്ടി നമ്മുടെ എം.പി.മാർ ഡൽഹിയിൽ ബി.ജെ.പി.-ക്കാരുടെ കൊട്ടാരങ്ങൾ കയറി നടന്നുവെന്നതാണ്. ജനങ്ങൾ നോക്കിക്കാണുകയല്ലേ; നിങ്ങൾ നിവേദനവുമായി എവിടെയാണ് പോയത്; നിങ്ങൾ എന്ത് നിവേദനമാണ് കേന്ദ്രഗവൺമെന്റിന് മുമ്പാകെ കൊടുത്തത്? ഇവിടെ കെ-റെയിൽ പാടില്ല; ഇവിടെ വികസനം പാടില്ല; ഒന്നിനും അനുവാദം കൊടുക്കരുതെന്ന് പറയാനാണ് നിങ്ങൾ നിവേദനവുമായി പോയത്. ഇത്രയും എം.പി.-മാർ അവിടെയുണ്ട്; ഏത് പാർട്ടിയോ ആകട്ടെ, കേരളത്തിന്റെ എം.പി.-മാരല്ലേ; കേരളത്തിലെ ജനങ്ങൾ തെരഞ്ഞെടുത്തവരല്ലേ? നിങ്ങൾ അവിടെ പോയി കെ-റെയിലിന് അനുവാദം വാങ്ങിക്കൊണ്ടുവരുമെന്ന് ഞങ്ങൾ ആശിച്ചു. നിങ്ങൾ അതിവേഗ റെയിലിനെപ്പറ്റി നേരത്തെ പ്രഖ്യാപിച്ചതല്ലേ; വിഷൻ

2030-യിൽ നിങ്ങൾ പ്രഖ്യാപിച്ചതല്ലേ അതിവേഗ റെയിൽ; മറന്നുപോയോ; അതെല്ലാം കടലാസ്സിലെഴുതി വയ്ക്കാൻവേണ്ടി മാത്രമായിരുന്നോ നിങ്ങൾ അന്ന് പ്രഖ്യാപിച്ചത്? നിങ്ങൾ അത് മറന്നുപോയെങ്കിലും നിങ്ങളുടെ അണികൾക്ക് മറക്കാൻ പറ്റില്ലല്ലോ; നമ്മുടെ നേതാക്കന്മാർ ഇതിനെ എതിർക്കുന്നത് എന്തുകൊണ്ടാണെന്നാണ് ഈ നാട്ടിലെ നല്ലവരായ കോൺഗ്രസ്സുകാർ ചോദിക്കുന്നത്. വിഷൻ 2030-ൽ അതിവേഗ റെയിലുണ്ടല്ലോ; അതുതന്നെയല്ലേ ഇപ്പോൾ കൊണ്ടുവരുന്നത്?

ജനങ്ങൾക്ക് എന്ത് പ്രശ്നമുണ്ടെങ്കിലും അതെല്ലാം പരിഹരിച്ചുകൊണ്ടേ മുന്നോട്ടുപോകൂ എന്നാണ് ബഹുമാന്യരായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമടക്കമുള്ളവർ ഇവിടെ പ്രഖ്യാപിക്കുന്നത്. പക്ഷെ, നിങ്ങൾ ബി.ജെ.പി.-യുടെ ഓഫീസുകളിൽ, കേന്ദ്രമന്ത്രിമാരെ തേടിനടന്ന് ഇതിന് അനുവാദം കൊടുക്കരുതെന്ന്......, എവിടെയാണ് ജനങ്ങൾ നിങ്ങൾക്ക് വോട്ട് ചെയ്യുന്നത്? ജനങ്ങൾ ഇത് കണ്ടുകൊണ്ടിരിക്കുകയാണ്. ഇന്ന് ചർച്ച നടക്കുന്നുണ്ടല്ലോ; അതിന്റെ ഭാഗമായി വളരെ വിശദമായി കെ-റെയിലിനെക്കുറിച്ച് ചർച്ച ചെയ്യുന്നത് ഈ നാട്ടിലെ ജനങ്ങൾ കാണട്ടെ. ഓരോരുത്തരുടെയും ചെയ്തികൾ ജനങ്ങൾ കാണുന്നുണ്ട്. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് ചെയ്യുന്ന അതിക്രമങ്ങൾക്ക് ബദലായി നിൽക്കുന്ന

ഒരു സംസ്ഥാനമായി കേരളം ഇപ്പോൾ മാറിയിരിക്കുകയാണ്. കേരളം എല്ലാ ഘടകങ്ങളിലും ഒന്നാമതായി വരികയാണ്. ദാരിദ്ര്യത്തിന്റെ കാര്യത്തിൽ കോൺഗ്രസ്സും ബി.ജെ.പി.-യും ഭരിച്ചുഭരിച്ച് ഇൻഡ്യ ലോകത്തിലെ പരമദരിദ്രർ അധിവസിക്കുന്ന രാജ്യമായി മാറിയിരിക്കുന്നു. സമ്പത്തില്ലായെന്നുള്ളതല്ല, ഒരു വശത്ത് സമ്പന്നരുടെ ആസ്തി വലിയതോതിൽ വർദ്ധിക്കുന്നുണ്ട്. ഇപ്പോൾത്തന്നെ കോവിഡ് മഹാമാരി വന്നപ്പോൾ 23 ശതമാനം ഇൻഡ്യാക്കാർ പട്ടിണി രേഖയ്ക്കടിയിലേയ്ക്ക് പോയി; അതിദരിദ്രരരായി മാറിപ്പോയി. മുതലാളിത്തത്തിന്റെയും നിയോ കോളോണിയലിസത്തിന്റെയും ഗ്ലോബലൈസേഷന്റെയും ഫലമായി നമ്മുടെ രാജ്യത്ത് 179 പുതിയ ശതകോടീശ്വരന്മാരുണ്ടായി. കേന്ദ്രത്തിൽ ബി.ജെ.പി തുടരുന്നത് കോൺഗ്രസ്സിന്റെ അതേ സാമ്പത്തിക നയമാണ്, അതിൽ ഒരു വ്യത്യാസവുമില്ല. ആ സാമ്പത്തിക നയം കാരണം കോവിഡ് കാലത്ത് അദാനിയുടെ സമ്പത്ത് മുന്നൂറ് മടങ്ങായോ മറ്റോ വർദ്ധിച്ചിട്ടുണ്ട്. അംബാനിയുടെ സമ്പത്തും വർദ്ധിച്ചിട്ടുണ്ട്. പക്ഷേ ഈ നാട്ടിലെ സാധാരണക്കാരന് കിട്ടിയതെന്താണ്; ഇവിടെ കോവിഡിനെ നേരിട്ടത് എങ്ങനെയാണ്; ഇതുപോലെ ശതകോടീശ്വരന്മാരെ വളർത്തുന്ന സമീപനമല്ലല്ലോ കേരളം സ്വീകരിച്ചത്. ഇരുപതിനായിരം കോടി

രൂപയുടെ ഉത്തേജക പാക്കേജ് പ്രഖ്യാപിച്ചപ്പോൾ അതിനെയും നിങ്ങൾ പരിഹസിച്ചു. എന്തൊരു പരിഹാസമാണ് നിങ്ങൾക്ക്; ഇടതുപക്ഷത്തെ പരിഹസിക്കുന്തോറും ജനങ്ങളുടെ മുന്നിൽ സ്വയം പരിഹാസ്യരാകുന്നത് നിങ്ങൾ തന്നെയാണ്. ഇരുപതിനായിരം കോടി രൂപയുടെ പാക്കേജും ഭക്ഷ്യധാന്യക്കിറ്റും കൊടുത്ത സമയത്ത് ഇവിടെ എന്തൊരു ബഹളമായിരുന്നു. കിറ്റുഭരണമെന്ന് പറഞ്ഞ് കളിയാക്കി. പക്ഷേ ജനങ്ങൾ പട്ടിണിയിലേയ്ക്ക് വീണുപോകാതിരിക്കാൻ, ഈ സമൂഹത്തിന് ഒരു ഉത്തേജനമുണ്ടാകാൻ, ആ ഇരുപതിനായിരം കോടി രൂപയുടെ പാക്കേജാണ് സഹായകരമായി മാറിയത്. അതുകൊണ്ടാണ് ലോകം മുഴുവൻ കേരളത്തെ ഉറ്റുനോക്കുന്നത്. ലോകം മുഴുവൻ ദാരിദ്ര്യത്തിലേയ്ക്ക് മുതലക്കൂപ്പ് നടത്തുമ്പോൾ ഈയൊരു ചെറിയ സംസ്ഥാനം പരമ ദരിദ്രാവസ്ഥയിലേയ്ക്ക് ജനങ്ങളെ തള്ളാതെ ഈ മഹാമാരിയെ നേരിട്ടുകൊണ്ടിരിക്കുന്നത്. വീണ്ടും ഇരുപതിനായിരം കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചതുവഴി ദാരിദ്ര്യവത്കരണത്തിലേയ്ക്ക് ജനങ്ങളെ തള്ളിവിടാതെ പിടിച്ചുനിർത്താൻ സാധിക്കും. ഇതാണ് സൂക്ഷ്മതയോടുകൂടിയുള്ള ശാസ്ത്രീയമായ കാഴ്ചപ്പാടെന്ന് മനസ്സിലാക്കണം. ശ്രീ. യോഗി ആദിത്യനാഥ് തെരഞ്ഞെടുപ്പ് സമയത്ത് യു.പി.

കേരളത്തെപ്പോലെയായിപ്പോകുമെന്ന് പറഞ്ഞപ്പോൾ അതിൽ കമ്മ്യൂണിസ്റ്റുകാർ മാത്രമല്ല പ്രതികരിച്ചത്, ഒരുപാട് ആളുകൾ, സാമ്പത്തിക ശാസ്ത്രജ്ഞന്മാർ, സാംസ്കാരിക നായകന്മാർ അതുപോലുള്ളവർ പറഞ്ഞത് കേരളത്തെപോലെയാകുകയാണ് വേണ്ടത് അല്ലാതെ ഉത്തർപ്രദേശിനെ പോലെയാകാനല്ല എന്നാണ്. ഉത്തർപ്രദേശിലെ ദാരിദ്ര്യത്തിന്റെ കണക്കും കേരളത്തിന്റെ ദാരിദ്ര്യത്തിന്റെ കണക്കും തമ്മിൽ പരിശോധിക്കുമ്പോൾ ഇത് മനസ്സിലാകും. പുതിയ എൽ.ഡി.എഫ്. ഗവൺമെന്റ് അതിദരിദ്രരെ കണ്ടെത്തി അവരെക്കൂടി മുൻപന്തിയിലേയ്ക്ക് കൊണ്ടുവരാൻ ശ്രമിക്കുകയാണ്. 60,064 പേരാണ് അതിദരിദ്രരായിട്ടുള്ളത്. ഇത് ലോകത്തിൽ തന്നെ ഏറ്റവും ചെറിയൊരു കണക്കാണ്. ഒരു സംസ്ഥാനത്ത്, ഒരു പ്രവിശ്യയിൽ ഇത്രയും ആളുകൾ മാത്രമാണ് അതിദരിദ്രരായിട്ടുള്ളത്. കേരളത്തിൽ ദാരിദ്ര്യത്തിന്റെ തോത് ഒരു ശതമാനം മാത്രമാണ്. എന്നാൽ ഉത്തർപ്രദേശിൽ ദാരിദ്ര്യത്തിന്റെ തോത് 30 ശതമാനമാണ്. ഇതാണ് കേരളത്തിന്റെ വ്യത്യാസം. എട്ട് തവണ അധികാരത്തിലെത്തിയ ഇടതുപക്ഷ ഗവൺമെന്റ് കൊണ്ടുവന്ന പരിഷ്കാര നടപടികളല്ലെങ്കിൽ കേരളത്തെ ഈ മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് നയിക്കാൻ മറ്റെന്താണ് കാരണം? കോൺഗ്രസ്സാണെന്ന് അവകാശവാദം ഉന്നയിക്കുന്നുണ്ടെങ്കിൽ,

കോൺഗ്രസ്സ് ഭരിച്ച മറ്റ് സംസ്ഥാനങ്ങളിലും ഇത് കാണേണ്ടതല്ലേ; ഉത്തർപ്രദേശ് ദീർഘകാലം ഭരിച്ചത് കോൺഗ്രസ്സല്ലേ; ഇപ്പോഴല്ലേ അവിടെ ബി.ജെ.പി. ഭരിക്കുന്നത്. അവിടത്തെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; എന്തുകൊണ്ടാണ് അവിടത്തെ ജനം നിങ്ങളെ ഉപേക്ഷിച്ചതെന്ന് മനസ്സിലാക്കണം. ഞങ്ങളെ ആക്രമിക്കുന്നതുപോലെ നിങ്ങളെ ആരും ആക്രമിക്കാനൊന്നും വന്നിട്ടില്ലല്ലോ? കേന്ദ്രത്തിൽ നിങ്ങൾ ഭരിക്കുമ്പോൾ ത്രിപുരയും ബംഗാളും എല്ലാം അട്ടിമറിക്കാൻ ശ്രമിച്ചു. ബി.ജെ.പി. അധികാരത്തിൽ വന്നപ്പോഴും ശത്രുക്കൾ ഞങ്ങൾ തന്നെ. നിങ്ങളോട് അങ്ങനെയുള്ള യാതൊരു ശ്രമവും ഉണ്ടായിട്ടില്ലല്ലോ; എന്നിട്ടും നിങ്ങൾ എവിടെയെത്തി നിൽക്കുന്നു? നിങ്ങൾ അധികാരത്തിൽനിന്ന് പോയതിന്റെ കാരണം ജനങ്ങൾക്കുവേണ്ടി നിങ്ങൾ ചിന്തിച്ചില്ലെന്നുള്ളതുകൊണ്ടാണ്. ഇരുപത്തിയഞ്ച് കൊല്ലക്കാലത്തേയ്ക്കുള്ള ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളാണ് ഈ ബഡ്ജറ്റിന്റെ ഭാഗമായി വരുന്നത്. അതിൽ യുദ്ധംമൂലം വലിയ അസ്വസ്ഥതയുണ്ടായ പ്രദേശങ്ങളിൽ ആശ്വാസം എത്തിക്കുന്നതിന്, അവിടെ പോയി ഈ കൊച്ചുകേരളത്തിന് ചെയ്യാനൊന്നും സാധിക്കില്ല. പക്ഷേ ജനങ്ങളുടെ മനസ്സിലുണ്ടായ വലിയ വേർതിരിവ്, വിഷമങ്ങൾ, ഇവിടെ നമുക്കതിന്റെ കേന്ദ്രമാകുവാൻ

സാധിക്കുമോ; അതിനുവേണ്ടിയാണ് ഇവിടെ അന്താരാഷ്ട്ര തലത്തിലുള്ള സമാധാന സമ്മേളനം നടത്താൻ രണ്ടുകോടി രൂപ മാറ്റിവച്ചത്. നിങ്ങൾക്ക് അത് കേട്ടാൽ മനസ്സിലാകണമെന്നില്ല. പക്ഷേ ലോകത്തിനുമുന്നിൽ വീണ്ടും കേരളം തലയുയർത്തി നിൽക്കുകയാണ്. നമുക്ക് സാധിക്കുന്നത് നമുക്ക് ചെയ്യാം. ഈ വലിയ ബുദ്ധിമുട്ടുകൾ പരിഹരിക്കാമെന്നുള്ളതാണ് നമ്മൾ കാണുന്നത്. അതോടൊപ്പംതന്നെ ഇവിടത്തെ വിലകയറ്റം തടയാൻ രണ്ടായിരം കോടിരൂപ മാറ്റിവച്ചിരിക്കുകയാണ്. ഇവിടത്തെ കാര്യങ്ങൾ മറന്നുകൊണ്ടല്ല കേരളം ലോകത്തിനപ്പുറത്തേയ്ക്ക് വ്യാപിക്കുന്നത്. എല്ലാ പരിധികളും വിട്ട് കേരളം വളരുന്നുവെന്നതിന്റെ സൂചന തന്നെയാണിത്. ഇതെല്ലാം നടത്തുമ്പോൾ നിങ്ങൾ എന്താണ് ചെയ്യുന്നത്? നിങ്ങൾ കേന്ദ്രത്തിൽ ഇടതുപക്ഷത്തിനെതിരായി നീങ്ങുന്നുവെന്നത് മാത്രമല്ല, ഇവിടത്തെ ഇടതുപക്ഷത്തിനെ എങ്ങനെ ശരിയാക്കാമെന്നാണ് നിങ്ങൾ ആലോചിക്കുന്നത്. അതിനുവേണ്ടിയാണ് കെ.പി.സി.സി. പ്രസിഡന്റ് കേഡർ പാർട്ടിയുണ്ടാക്കാൻ പുറപ്പെട്ടത്. എന്തുകൊണ്ടാണ് അത് സെമി കേഡർ ആയിപ്പോയതെന്ന് അറിയില്ല. സെമി കേഡർ ഉണ്ടാക്കിയത് വികസനത്തിന്റെ കുറ്റിപ്പറിക്കാനാണ്. കെ-റെയിലിന്റെ കല്ലിടുമ്പോൾ അത് പറിക്കാൻവേണ്ടി സെമി കേഡർ. പിന്നെ ധീരജിനെപ്പോലുള്ള

വിദ്യാർത്ഥികളെ വളരെ ക്രൂരമായി കൊലചെയ്യുന്നതിന്, അതിനെകുറിച്ച് പറയാൻ ഖേദമുണ്ട്. ഏതെങ്കിലും ഒരു സംഘട്ടനത്തിന്റെ ഭാഗമായാണെങ്കിൽ നമുക്കത് പറയാം. പക്ഷേ വികസന പ്രവർത്തനങ്ങൾക്കെല്ലാം ശ്രദ്ധിച്ച് കൂടെ നിൽക്കേണ്ട കോൺഗ്രസ്സ് എവിടെ എത്തിയിരിക്കുന്നു. ഇതാണോ നിങ്ങളുടെ സെമി-കേഡർ; എന്നിട്ട് ഇരന്നുവാങ്ങിയ മരണമല്ലേ എന്നുള്ള പ്രതികരണവും. ഇത് വളരെ മോശമായിപ്പോയി എന്ന് മാത്രമെ പറയുവാനുള്ളൂ. ഞാൻ ഇത്തരം കാര്യങ്ങളിലേയ്ക്ക് ഏറെ കടന്നുപോകുന്നില്ല. ബഡ്ജറ്റിനെകുറിച്ച് ഇതൊരു prescription for development ആണെന്ന് ഹിന്ദു പത്രത്തിലെ ലേഖനത്തിൽ വന്നു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്, വിലക്കയറ്റം തടയുന്നതിനുള്ള രണ്ടായിരം കോടി രൂപയുടെ വകയിരുത്തലാണ് പ്രധാനപ്പെട്ടത്. വലിയ ആശ്വാസമാണ് ഇതുകൊണ്ടുണ്ടാകുക. അതുപോലെ ശാസ്ത്രം എങ്ങനെയാണ് ജനങ്ങളിലേയ്ക്ക് എത്തിക്കുക; നാല് സയൻസ് പാർക്കുകൾക്കുവേണ്ടി ആയിരം കോടി രൂപ, ഇന്നത്തെ പുരോഗതിക്ക് ഏറ്റവും അത്യാവശ്യമായൊരു കാര്യമാണ്. അതുപോലെ കേരള ജിനോമിക്സ് ഡാറ്റാ സെന്ററിന് അഞ്ഞൂറ് കോടിരൂപയാണ് വകയിരുത്തിയത്. ഇതെല്ലാം വളരെ നൂതനമായിട്ടുള്ള ആശയമാണ്. കേരളത്തെ വിജ്ഞാന സമൂഹമായി മാറ്റുമെന്ന് പറയുമ്പോൾ

അതിനുതകുന്ന കാര്യം തന്നെയാണ് ജിനോമിക്സ് ഡാറ്റാ സെന്റർ ഉണ്ടാക്കുന്നത്. ഇതുപോലെ പ്രധാനപ്പെട്ട ഒന്നാണ് സെന്റർ ഓഫ് എക്സലൻസ് ഫോർ മൈക്രോബയോം. ഇതെല്ലാം അടിയന്തരമായി നമ്മൾ ശ്രദ്ധ പതിപ്പിക്കേണ്ട ശാസ്ത്രശാഖകളാണ്. കാലാവസ്ഥ വ്യതിയാനം പരിസ്ഥിതിയിൽ വരുമ്പോഴും ഒരു സന്തുലനം പ്രകൃതിയിൽ സാധ്യമാക്കേണ്ടത് ബുദ്ധിയുള്ള ഏതൊരു ഗവൺമെന്റിന്റെയും പ്രവർത്തനത്തിന്റെ ഭാഗമാണ്. മനുഷ്യരും മൃഗങ്ങളും മറ്റുജീവജാലങ്ങളും പ്രകൃതിയുമെല്ലാം ചേർന്നുള്ള സന്തുലനമില്ലെങ്കിൽ നമ്മൾ മഹാമാരികൾക്ക് മുമ്പിൽ കീഴ്പ്പെട്ടുപോകും. അതുകൊണ്ടുതന്നെ മൈക്രോബയോം സെന്റർ വളരെ പ്രധാനപ്പെട്ടതാണ്. അവിടെ ജിനോമിക്സ് ഡാറ്റാ ശേഖരിച്ചുവയ്ക്കേണ്ടതുണ്ട്. ജനിറ്റിക് ഡിസോർഡേഴ്സ് സംബന്ധിച്ച പഠനങ്ങൾ നടക്കണം. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ പ്രവർത്തനം എത്രയുംവേഗം ആരംഭിക്കണം. ജനിറ്റിക് ഡിസോർഡേഴ്സ് സംബന്ധിച്ച് നല്ലരീതിയിൽ സ്റ്റഡി നടന്നാൽ മാത്രമെ ഇന്ന് കാണപ്പെടുന്ന പല അപൂർവ്വ രോഗങ്ങൾക്കും പരിഹാരം കാണാൻ നമുക്ക് കഴിയുകയുള്ളൂ. അതുകൊണ്ട് അത്തരമൊരു സെന്ററിന് പണം നീക്കിവച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല.

അതുപോലെതന്നെ കെ.എസ്.ആർ.ടി.സി. പോലെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളോടുള്ള സമീപനമെന്താണ്; കോൺഗ്രസും ബി.ജെ.പി.യും പൊതുമേഖലയെ വിറ്റുതുലയ്ക്കുന്ന സമീപനമാണ് സ്വീകരിച്ചതെങ്കിൽ ഇവിടെ കെ.എസ്.ആർ.ടി.സി.-ക്ക് ആയിരം കോടി രൂപ നീക്കിവച്ചിരിക്കുകയാണ്. അതുപോലെ കേരളം എല്ലാ രംഗത്തും ഒന്നാമതാണ്. ആരോഗ്യ മേഖലയിലും മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞു. ഇന്നലെ വന്നിരിക്കുന്ന വാർത്ത മാതൃമരണ നിരക്കിൽ, നമ്മുടെ ടാർജറ്റിൽ പ്രഖ്യാപിച്ച വർഷത്തിന് മുമ്പുതന്നെ നേടിയിരിക്കുന്നുവെന്നതാണ്. 2016-ൽ മാതൃമരണ നിരക്ക് അറുപത്തിയേഴായിരുന്നതിൽനിന്നും ഇപ്പോൾ മുപ്പതായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. 2016 മുതൽ നമ്മൾ വിളിച്ചിരുന്ന ഒരു മുദ്രാവാക്യമെന്ന് പറയുന്നത് തേർട്ടി ബൈ ട്വിൻഡി, ട്വിൻഡി ബൈ തേർട്ടി എന്നാണ്. മാതൃമരണ നിരക്ക് മുപ്പതായി കുറയ്ക്കാൻ നമുക്ക് കഴിഞ്ഞു. അത് കേരളത്തിലുണ്ടായിട്ടുള്ള വലിയ മാറ്റമാണ്. ശിശുമരണ നിരക്കിൽ അത്ഭുതാവഹമായ കുറവാണ് ഉണ്ടായിട്ടുള്ളത്. 2016-ലെ 12-ൽ നിന്നും 5.4 ആയി കുറയ്ക്കാൻ കഴിഞ്ഞു. ആരോഗ്യ മേഖലയിൽ നമുക്ക് കുറെക്കൂടി കാര്യങ്ങൾ ആ രീതിയിൽ ചെയ്യേണ്ടതുണ്ട്. ആരോഗ്യ മേഖലയിൽ തുടങ്ങിവച്ച എല്ലാ പ്രവർത്തനങ്ങൾക്കും ഈ ബഡ്ജറ്റിൽ ഫിനാൻഷ്യൽ

സപ്പോർട്ടുണ്ട്. ഒരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്, വയനാട്ടിൽ ബ്ലഡ് റിലേറ്റഡ് ഡിസോർഡേഴ്സിനുവേണ്ടി ഒരു സെന്റർ ആരംഭിക്കാനും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കാനും തീരുമാനിച്ചിരുന്നു. അരിവാൾ രോഗം, ഹീമോഫീലിയ, തലസേമിയ എന്നീ മൂന്ന് രോഗങ്ങൾക്കുള്ള റിസർച്ച് സെന്ററും ആശുപത്രിയുംകൂടി സ്ഥാപിക്കണമെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത് തുടങ്ങിയാൽ കേരളത്തിന് ഗുണമായിരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കോവിഡ് മൂന്നാം തരംഗം വരികയാണെങ്കിൽ അതിനെ നേരിടാൻ 700 കോടി രൂപയുടെ മെഡിസിനും ഉപകരണങ്ങളും ശേഖരിച്ചുവച്ചിരിക്കുന്നു. ഒന്നാം തരംഗവും രണ്ടാം തരംഗവും നമ്മൾ നേരിട്ടു. ഉപകരണങ്ങൾ സമാഹരിക്കാൻ നടത്തിയത് ജീവൻമരണ പോരാട്ടമായിരുന്നു. കോവിഡ് വന്നപ്പോൾ അന്ന് മെഡിസിനും വാക്സിനുമൊന്നുമില്ലായിരുന്നു. വിപണിയിൽ ഇവയ്ക്കുള്ള വില കുതിച്ചുയരുകയായിരുന്നു. അന്ന് അതിനുള്ള പ്രൊട്ടക്ഷൻ ഉപകരണങ്ങൾ വാങ്ങി വച്ചതിനെയാണ് അഴിമതിയെന്ന് പറഞ്ഞ് പരിഹസിച്ചത്. നിങ്ങളുടെ ഈ പരിഹാസം ജനങ്ങൾ നേരിട്ട് കാണുന്നുണ്ട്. ഇതിനുമുമ്പും നിങ്ങൾ പരിഹസിച്ചിരുന്നു. പ്രതിപക്ഷത്തെ ജനങ്ങൾ

വിലയിരുത്തുകയാണ്. കോവിഡിനെതിരെ വലിയ തോതിൽ പോരാട്ടം നടക്കുമ്പോൾ വ്യക്തിപരമായിതന്നെ ആക്ഷേപിക്കാൻ നിങ്ങൾ തയ്യാറായി. പക്ഷെ ജനങ്ങൾ അതിനെ എങ്ങനെയാണ് നേരിട്ടത്? അതുപോലെതന്നെ നിങ്ങളുടെ ഈ പ്രവർത്തനവും ജനങ്ങൾ കാണുമെന്ന് മാത്രമെ എനിക്ക് സൂചിപ്പിക്കാനുള്ളൂ. പറയാൻ ഒരുപാട് കാര്യങ്ങളുണ്ട്. അതെല്ലാം പറയാൻ സമയം തികയില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വളരെ ധീരമായി ഈയൊരു പ്രതിസന്ധിയെ നേരിടാനുള്ള പ്രാക്ടിക്കലായിട്ടുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിച്ചതിനും സയൻസിൽ ഊന്നിക്കൊണ്ട്, ശാസ്ത്രത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ട് ഒരു വിജ്ഞാന സമൂഹമായി കേരളത്തെ വളർത്താൻ നടത്തുന്ന പരിശ്രമത്തെ അഭിനന്ദിക്കുന്നു. വ്യവസായം, ടൂറിസം എന്നിങ്ങനെ ഓരോ വകുപ്പുകളെകുറിച്ചും പറയാനുണ്ടായിരുന്നു. പക്ഷെ അതിനൊന്നും സമയമില്ലാത്തതുകൊണ്ട് സംസാരിക്കുന്ന വാക്കുകളാണ് ഈ ബഡ്ജറ്റിലുള്ളതെന്നതുകൊണ്ടും ഞാൻ അത്തരം കാര്യങ്ങളുടെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. കോൺഗ്രസിനോട് ഒരപേക്ഷയുള്ളത്, അവിടെ ശ്രീമതി സോണിയാ ഗാന്ധിയെ വീണ്ടും അദ്ധ്യക്ഷയാക്കാൻ തീരുമാനിച്ചതുകൊണ്ടൊന്നും നിങ്ങൾ രക്ഷപ്പെടില്ല. നിങ്ങൾ ഉത്തരവാദിത്തമുള്ള പ്രതിപക്ഷമായി വികസനപ്രവർത്തനങ്ങളുടെ കൂടെ

നിന്നാൽ മാത്രമെ നിങ്ങൾക്ക് രക്ഷയുള്ളൂ എന്ന് സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ധനകാര്യ മാനേജ്മെന്റിന്റെ സമ്പൂർണ്ണ പരാജയമാണ് ഈ ബഡ്ജറ്റ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ബഡ്ജറ്റിൽ ഒരുപാട് വലിയ പ്രഖ്യാപനങ്ങളുണ്ട്. പക്ഷെ ആ പ്രഖ്യാപനങ്ങളുടെ ആയുസ്സ് ഒരു ദിവസത്തെ വാർത്തയിൽ ഒതുങ്ങി നിൽക്കുകയാണ്. പുതുക്കിയ ബഡ്ജറ്റ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചു. ആ ബഡ്ജറ്റ് അദ്ദേഹത്തിന്റെ കയ്യിലുണ്ടാകും. ഒഴിവ് കിട്ടുന്ന സമയത്ത് വായിച്ചുനോക്കിയാൽ അതിൽ എത്ര പ്രഖ്യാപനങ്ങൾ നടപ്പാക്കിയെന്ന് അദ്ദേഹത്തിനുതന്നെ ബോധ്യമാകും. അതിലും പിറകോട്ട് പോയിക്കഴിഞ്ഞാൽ, ഡോ. ടി. എം. തോമസ് ഐസക് പ്രഖ്യാപിച്ച പദ്ധതികൾ ഓരോന്നായി പരിശോധിച്ചാൽ പ്രഖ്യാപനങ്ങളുടെ ശവപ്പറമ്പായി നമ്മുടെ ബഡ്ജറ്റുകൾ മാറിയിരിക്കുന്നുവെന്ന് വേദനയോടുകൂടി പറയേണ്ട സാഹചര്യത്തിലാണ് നാം നിൽക്കുന്നത്.

ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി, ഇത്തരത്തിലുള്ള വലിയ

പ്രഖ്യാപനങ്ങളാണോ ഇന്നത്തെ വർത്തമാനകാല സാമ്പത്തിക സാഹചര്യത്തിൽ നമുക്ക് വേണ്ടത്; അങ്ങയുടെ സ്വപ്നങ്ങളെയൊന്നും ഞാൻ എതിർക്കുന്നില്ല. പക്ഷെ ഇന്നത്തെ സാഹചര്യത്തിൽ ആ സ്വപ്നങ്ങൾ എത്രമാത്രം പ്രാവർത്തികമാക്കാൻ കഴിയും; നമ്മുടെ ധനകാര്യ സ്ഥിതിയെന്താണ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വാർഷിക പദ്ധതിക്കായി 30,610 കോടി രൂപയാണ് നൽകിയത്. 2020-2021-ലും 2021-2022-ലും അത് 27,000 കോടി രൂപയായി കുറഞ്ഞു. എല്ലാ വർഷവും പ്ലാൻ സൈസിന്റെ വർദ്ധനവ് 5 ശതമാനം മുതൽ 10 ശതമാനം വരെ ഉണ്ടാകേണ്ടതാണ്. 2019-20-ൽ 30,000 കോടി രൂപ വാർഷിക പദ്ധതിക്കുവേണ്ടി നീക്കിവച്ചിട്ടുണ്ടെങ്കിൽ ഇപ്പോഴത് 35,000-ത്തിനും 40,000-ത്തിനും ഇടയിൽ വരേണ്ടതാണ്. പക്ഷെ ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ വാർഷിക പദ്ധതിക്കായി 30,370 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. വാർഷിക പദ്ധതിയുടെ ഈ കുറവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനത്തെയും പട്ടികജാതി വിഭാഗങ്ങളുൾപ്പെടെയുള്ളവരുടെ ക്ഷേമ പ്രവർത്തനങ്ങളെയും ബാധിക്കും. ഒരു ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ അളവുകോലായി

കാണേണ്ടത് എന്തിനെയാണ്; ഇത്തരം പ്രഖ്യാപനങ്ങൾ നടത്തുന്നതല്ലാതെ പണം ചെലവഴിക്കുന്നില്ല. പദ്ധതി വിഹിതം വെട്ടിക്കുറച്ചുകൊണ്ട് വികസനം നടത്തിയെന്ന് പറഞ്ഞാൽ ആരെ ബോധ്യപ്പെടുത്താൻ കഴിയും.

റവന്യൂ റെസീപ്റ്റ് സംബന്ധിച്ച് അത്ഭുതപ്പെടുത്തുന്ന കണക്കാണ് അവതരിപ്പിച്ചത്. ഒരു കിരീടം വച്ചുതന്നാൽ അങ്ങേയ്ക്കത് ചേരുമെന്നാണ് തോന്നുന്നത്. 2020-21-ലെ റവന്യൂ റെസീപ്റ്റ് 1,30,000 കോടി രൂപയാണെന്നാണ് പറഞ്ഞത്. പിന്നീടത് 1,17,888 കോടി രൂപയായി റിവൈസ് ചെയ്തു. അക്കൗണ്ട്സ് വരുമ്പോൾ അതിലും കുറയുമെന്ന് അങ്ങേയ്ക്കറിയാം. സമയപരിമിതികൊണ്ട് ഈ കണക്കിന്റെ വിശദമായ തലത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. ഈ കണക്കനുസരിച്ച് അക്കൗണ്ട് വരുന്നതോടുകൂടി 2020-21 വർഷം ഏതാണ്ട് 35,000 കോടി രൂപയുടെ റവന്യൂ ഡെഫിസിറ്റ് ഉണ്ടാകും. ആ കണക്ക് മാറ്റിയെടുക്കുന്നതിന് അങ്ങേയ്ക്ക് കിട്ടിയ കേന്ദ്ര ഗവൺമെന്റിന്റെ സഹായം ഗ്രാന്റായി കാണിച്ചു. അതുകൊണ്ട് അത് 23,000 കോടി രൂപയിൽ നിന്നു. മുൻകാലങ്ങളുടെ അവസ്ഥ വച്ച് അത് 32,000 കോടി രൂപയാകുമായിരുന്നു. അക്കൗണ്ട്സ് വരുമ്പോൾ അത് വീണ്ടും കുറയും. 2016-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വരുമ്പോൾ ഫിസ്കൽ ഡെഫിസിറ്റ് 16,000 കോടി രൂപയായിരുന്നു.

2020-21-ൽ അത് 29,000 കോടി രൂപയായി. ഇങ്ങനെയുള്ളൊരു സാമ്പത്തിക സാഹചര്യത്തിൽ നിങ്ങൾ നടത്തുന്ന പ്രഖ്യാപനങ്ങളല്ലാതെ വേറെ എന്താണുള്ളത്?

ബഡ്ജറ്റിന്റെ ചിത്രമെടുത്ത് പരിശോധിച്ചാൽ നികുതി പിരിവ് ഉൾപ്പെടെ ധനകാര്യ മാനേജ്മെന്റിന്റെ സമ്പൂർണ്ണ പരാജയം അങ്ങേയ്ക്ക് കാണാൻ കഴിയും. കിഫ്ബി ഫണ്ടുപയോഗിച്ചാണ് എല്ലാ കാര്യങ്ങളും ചെയ്യുന്നതെന്ന് അങ്ങ് പറഞ്ഞു. രണ്ടുവർഷം കൊണ്ട് ഇരുപതിനായിരം കോടി രൂപ ചെലവഴിക്കുമെന്നാണ് പറഞ്ഞത്. ആറ് വർഷം കഴിഞ്ഞപ്പോൾ പതിനേഴായിരം കോടി രൂപ ചെലവഴിച്ചു. പ്രതിവർഷം മൂവായിരം കോടി രൂപ പോലും ചെലവഴിക്കുന്നില്ല. കൊട്ടിഘോഷിക്കുവാനും പ്രഖ്യാപിക്കുവാനുമല്ലാതെ ഈ പദ്ധതികൊണ്ട് എന്തെങ്കിലും നടപ്പാക്കാൻ കഴിയുന്നുണ്ടോ? കിഫ്ബി എല്ലാ പ്രഖ്യാപനങ്ങൾക്കുമുള്ള ഒരു മറയായി നിൽക്കുകയാണ്. അത് നടപ്പാക്കാനുള്ള ഒന്നല്ല. ഈ ബഡ്ജറ്റ് സാമ്പത്തികമായി പരിപൂർണ്ണ പരാജയമെന്ന് അങ്ങയോട് ഞാൻ ഒരിക്കൽക്കൂടി പറയുകയാണ്. അങ്ങേയ്ക്ക് ഇക്കാര്യങ്ങളെക്കുറിച്ച് ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ പറയാം. സമയപരിധിയുള്ളതുകൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല.

രണ്ട് ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ വാഹനങ്ങൾക്ക് ഒറ്റത്തവണ മോട്ടോർ വാഹന നികുതി ഒരു ശതമാനം വർദ്ധിപ്പിച്ചിരിക്കുകയാണ്. ലോണെടുത്താണ് ചെറുപ്പക്കാർ വാഹനങ്ങൾ വാങ്ങുന്നത്. ഇരുപതുലക്ഷത്തിനുമുകളിൽ വിലയുള്ള ആഡംബര വാഹനങ്ങൾ വാങ്ങുന്നവർക്ക് അങ്ങ് നികുതി വർദ്ധിപ്പിച്ചോളൂ, അതല്ലാതെ ലോണെടുത്ത് ബൈക്ക് വാങ്ങുന്നവർക്കാണോ നികുതി കൂട്ടേണ്ടത്?

ഭൂനികുതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സ്ലാബ് സിസ്റ്റം ഉണ്ടാക്കുന്ന പ്രത്യാഘാതം രണ്ട് തരത്തിലുണ്ട്. ഒന്ന്, നിലവിലുള്ള സാഹചര്യത്തിൽ ഏതെങ്കിലുമൊരു ബ്ലോക്കിനെ ഒന്നിച്ചെടുക്കുകയാണ് ചെയ്യുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ കാളിക്കാവ് പഞ്ചായത്തിൽ 132-ാം നമ്പർ ബ്ലോക്ക് കാളികാവ് ടൗൺ ഉൾപ്പെട്ടതാണ്. അതേസമയം കാളികാവ് പഞ്ചായത്തിലെതന്നെ ചെമ്പൻകാട്, പോത്തൻകാട്, പുല്ലംകോട് എസ്റ്റേറ്റ്, കേരള എസ്റ്റേറ്റ് തുടങ്ങിയ ആനയും പുലിയും ഇറങ്ങുന്ന ഒട്ടനവധി പ്രദേശങ്ങളുണ്ട്. ആ പ്രദേശങ്ങൾക്കെല്ലാം കാളികാവ് ടൗണിൽ കൊടുക്കുന്ന അതേ സ്ലാബ് കൊടുക്കേണ്ടി വരും. ഇത്തരം കാര്യങ്ങളിലൊന്നും ശാസ്ത്രീയമായ സമീപനമില്ല.

'എല്ലാ വിഭാഗങ്ങളിലും നിലവിലുള്ള ന്യായവിലയിൽ 10 ശതമാനം ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കും. ഇരുന്നൂറു കോടിയോളം രൂപയുടെ അധികവരുമാനം ഇതുവഴി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്' എന്ന് ബഡ്ജറ്റിലെ 449-ാം പേജിൽ പറയുന്നുണ്ട്. നിയമസഭയെയും ജനങ്ങളെയും കബളിപ്പിക്കുന്ന പ്രഖ്യാപനമാണിത്. 2000 ജനുവരി 6 മുതൽ വാങ്ങിയ മുഴുവൻ ഭൂമിയുടെയും സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിച്ചുകൊണ്ട് ഇപ്പോൾ തന്നെ ആയിരക്കണക്കിനാളുകൾക്ക് പണമടയ്ക്കുന്നതിന് നോട്ടീസ് നൽകി കഴിഞ്ഞു. ഇതുവഴി ആയിരം കോടി രൂപയെങ്കിലും ലഭിക്കുമെന്ന് അങ്ങേയ്ക്കറിയാം. ഇത് ജനങ്ങളോട് ചെയ്യുന്ന ഏറ്റവും വലിയ അനീതിയാണ്. ഇരുപത് കൊല്ലം പഴക്കമുള്ള രജിസ്ട്രേഷൻ നടന്ന ഭൂമിയ്ക്കുപോലും പത്തു ശതമാനം വർദ്ധനവ് വരുത്തുകയാണ്. ഇക്കാര്യത്തിൽ അങ്ങ് ഒരു വ്യക്തത ബോധപൂർവ്വം കൊടുക്കാതിരിക്കുകയാണ് ചെയ്യുന്നത്. ഏത് കാലഘട്ടം മുതൽ, ആരിൽനിന്ന് വാങ്ങും, എന്ന് എന്തുകൊണ്ട് അങ്ങ് പറഞ്ഞില്ല. ഇരുന്നൂറ് കോടിയല്ല ആയിരം കോടി രൂപയുടെ വരുമാനം ഇതിനകത്തുണ്ടെന്നുള്ളത് അങ്ങേയ്ക്കറിയാം. ഈ രീതിയിലാണ് ബഡ്ജറ്റിനെ നോക്കികാണുന്നത്. അതുകൊണ്ടാണ് സമ്പൂർണ്ണമായും ഈ ബഡ്ജറ്റ് പരാജയമാണ് എന്ന് ഞാൻ സൂചിപ്പിച്ചത്.

കേരളത്തിന്റെ വികസനമുന്നേറ്റം ഇടതുപക്ഷത്തിന്റെ മുഴുവൻ അക്കൗണ്ടിലെഴുതണമെന്ന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞു. അവർക്ക് അങ്ങനെ പറയാമോ; കേരളത്തിന്റെ സാമൂഹ്യ മുന്നേറ്റത്തിൽ ഐക്യകേരളം രൂപം കൊള്ളുന്നതിനുമുമ്പ് കേരളത്തിന്റെ നവോത്ഥാന-സാമൂഹ്യ പ്രസ്ഥാനങ്ങളുടെയൊക്കെ കോൺട്രിബ്യൂഷൻ എന്താണ്; ആരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും നല്ലതീരിയിലുള്ള പ്രവർത്തനങ്ങൾക്ക് ആരംഭംകുറിക്കാൻ കഴിഞ്ഞത് എന്തകൊണ്ടാണ്; ആ കാലഘട്ടത്തിലുണ്ടായിട്ടുള്ള മുന്നേറ്റങ്ങളൊക്കെ നമുക്ക് ഗുണകരമായി മാറിയിട്ടുണ്ട്. പിന്നീട് മാറി മാറി വന്ന ഗവൺമെന്റുകൾ ഒട്ടനവധി കാര്യങ്ങൾ ചെയ്തില്ലേ; നിങ്ങളുടെ ഗവൺമെന്റ് മാത്രമാണോ അതൊക്കെ ചെയ്തത്; ഇടതുമുന്നണി സർക്കാർ അധികാരത്തിൽ വന്നപ്പോൾ മാത്രമാണോ ശിശുമരണ നിരക്ക് കുറച്ചത്; തുടർച്ചയായ വികസന പ്രക്രിയയുടെ ഭാഗമായാണ് ശിശുമരണ നിരക്കും മാതൃമരണ നിരക്കും കുറഞ്ഞത്. 1957-ന് മുമ്പാണ് കേരളത്തിന്റെ വളർച്ചയുടെ തുടക്കം. ആ രീതിയിലൊരു മുന്നേറ്റം കേരളത്തിലുണ്ടായിട്ട് അത് കാണാതെ എട്ട് പ്രാവശ്യം ഭരിച്ച ഞങ്ങളാണ് ശിശുമരണനിരക്കും മാതൃമരണ നിരക്കും കുറച്ചതെന്ന് ബഹുമാനപ്പെട്ട ടീച്ചറെപോലൊരാൾ പറയുമ്പോൾ അത് കേൾക്കാൻ അൽപ്പം പ്രയാസമുണ്ട്.

<u>മി. ചെയർമാൻ</u>: അങ്ങയുടെ സമയം അവസാനിച്ചു. ദയവ് ചെയ്ത് അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, അതുപോലെതന്നെ പത്രം വായിക്കണമെന്ന് ബഹുമാനപ്പെട്ട ടീച്ചർ പറഞ്ഞു. ഹിന്ദുവിലും ഇന്ത്യൻ എക്സ്പ്രസിലും ഈ ബഡ്ജറ്റിനെക്കുറിച്ച് എഴുതിയിട്ടുണ്ട്. സാമ്പത്തിക പരിഷ്കരണത്തിനും നവീകരണത്തിനും യാതൊരു രീതിയിലുള്ള പദ്ധതിയും ആവിഷ്കരിക്കാത്തതാണ് ഈ ബഡ്ജറ്റ് എന്നാണ് ഇന്ത്യൻ എക്സ്പ്രസിന്റെ മുഖപ്രസംഗത്തിൽ എഴുതിയിരിക്കുന്നത്. അതുകൊണ്ട് വാർത്തകളുടെ അടിസ്ഥാനത്തിലല്ല ഈ ബഡ്ജറ്റിന്റെ യഥാർത്ഥ ചിത്രം നമ്മൾ കാണേണ്ടത്. നമ്മുടെ വരുമാനം കുറഞ്ഞുകൊണ്ടിരിക്കുന്നു. നികുതി പിരിക്കുന്ന കാര്യത്തിൽ സമ്പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു. വായ്പ കൂടുതൽ എടുക്കുന്നു. കടം തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്കും കുട്ടികൾക്ക് ഭക്ഷണം കൊടുക്കാൻ ഇന്ന് ഹെഡ്മാസ്റ്റർമാർ സ്കൂളിൽ പിരിവ് നടത്തേണ്ട സ്ഥിതിയിലേയ്ക്കും കാര്യങ്ങൾ പോകുന്നു. ഹെഡ്മാസ്റ്റർമാർക്ക് പഠിപ്പിക്കൽ മാത്രമല്ല കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകാൻ പിരിവ് എടുക്കേണ്ട സ്ഥിതിയും ഉണ്ടായിരിക്കുകയാണ്.

<u>മി. ചെയർമാൻ</u>: ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത അങ്ങേയ്ക്ക്

അറിയാമല്ലോ, അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: ഞാൻ അവസാനിപ്പിക്കാം. ഇത്തരം കാര്യങ്ങൾ കാണാതെ, അടിസ്ഥാന പ്രശ്നങ്ങൾ കാണാതെ, കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെന്തെന്ന് മനസ്സിലാക്കാതെ, ധനകാര്യ മാനേജ്മെന്റിന്റെ പിടിപ്പുകേട് മുഴുവൻ പ്രതിഫലിപ്പിക്കുന്ന ബഡ്ജറ്റാണ് ഈ ബഡ്ജറ്റ് എന്നുള്ളതുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, കേരളീയ സമൂഹം ഈ ബഡ്ജറ്റിനെ പൊതുവായി കയ്യടിച്ച് സ്വീകരിച്ചതാണ്. ലോകത്തിന്റെ നവീന വികസന കാഴ്ചപ്പാടിനൊപ്പം ആധുനിക ശാസ്ത്രസാങ്കേതിക മേഖലകളിലെ സാധ്യതകളെ പൂർണ്ണമായും പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യം ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുകയാണ്. കേരളത്തിന്റെ വികസനത്തിന് പുതിയ ബദൽ നിർദ്ദേശങ്ങളും പരിപാടികളും മുന്നോട്ടുവയ്ക്കുമ്പോൾ കേന്ദ്രസർക്കാർ നമുക്കെതിരെ പുറംതിരിഞ്ഞുനിൽക്കുകയാണ്. കേന്ദ്രസർക്കാരിന്റെ ഈ നിലപാടിനൊരു ബദൽ എന്ന നിലയ്ക്കാണ് ഈ ബഡ്ജറ്റിന്റെ നിർദ്ദേശങ്ങളും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ തുടർച്ചയും. അതുകൊണ്ടുതന്നെയാണ് കേന്ദ്ര ബഡ്ജറ്റിന്

വിപരീതമായി ജനങ്ങളെ ദ്രോഹിക്കാത്ത, വിജ്ഞാന വികസന സാമൂഹ്യ ജനകീയ ബഡ്ജറ്റാണിതെന്ന് പറയുന്നത്. ജി.എസ്.ടി. വിഹിതം നൽകാതെ കേരളത്തെ കേന്ദ്രം വീർപ്പുമുട്ടിക്കുമ്പോൾ കേരളത്തിന്റെ വികസനത്തിന് പുതിയ ദിശാബോധത്തോടെ മുന്നേറാൻ സഹായകമായ ഈ ജനകീയ ബഡ്ജറ്റിനെ കേരളീയ സമൂഹം കയ്യടിച്ച് സ്വീകരിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെയാണ് നമ്മുടെ മാധ്യമങ്ങൾ ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ എടുത്തുപറഞ്ഞത്. മലയാള മനോരമ പറഞ്ഞു, വികസനത്തിന് ഊന്നൽ, അടിസ്ഥാന സൗകര്യവികസനം, ഉന്നത വിദ്യാഭ്യാസം, നൂതന കൃഷി, വ്യവസായം, ടൂറിസം എന്നിവയ്ക്ക് മുൻഗണന. മാതൃഭൂമി പറഞ്ഞു, വിജ്ഞാന വികസനം ഭാവികേരളത്തിനെ സ്വപ്നം കണ്ടുകൊണ്ടുള്ള ബഡ്ജറ്റ്. ജനയുഗം പറഞ്ഞു, കാൽനൂറ്റാണ്ടിന്റെ കുതിപ്പ് വിജ്ഞാനവും വികസനവും കൈകോർക്കുന്നു. ദേശാഭിമാനി പറഞ്ഞു, വികസന വിജ്ഞാനവീഥി, വികസനം 25 വർഷം മുന്നിൽകണ്ട് പുതിയ കാലം മുമ്പോട്ടുപോകാനുള്ള നയം തുടങ്ങി പത്രങ്ങളുടെ മുൻപേജിൽതന്നെ ഇത്തരം വാർത്തകളാണ് കാണാൻ സാധിച്ചത്. വിലക്കയറ്റ ഭീഷണിയെ നേരിടാൻ 2,000 കോടി രൂപ, കോവിഡ്, നോട്ട് നിരോധനം ഉൾപ്പെടെയുള്ള ഒട്ടേറെ പ്രതിസന്ധികളെയാണ് ഈ

കാലയളവുതുടങ്ങിയശേഷം നമ്മൾ തരണം ചെയ്തുപോകുന്നത്. ഇപ്പോൾ ഒരു യുദ്ധത്തിന്റെസാഹചര്യംകൂടി വന്നതിനെത്തുടർന്ന് വിലക്കയറ്റം വലിയതോതിലുണ്ടാകുമെന്ന് കണ്ട്, ദീർഘവീക്ഷണത്തോടെ വികസനത്തെ നേരിടാൻ 2,000 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. സാധാരണ ജനങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ, നിലവിലുള്ള മാവേലി സ്റ്റോറുകൾക്കും റേഷൻ കടകൾക്കുമൊപ്പം ഓരോ മണ്ഡലത്തിലും റേഷൻ സാധനങ്ങളെത്തിക്കാൻ മൊബൈൽ വാഹനം, പ്രത്യേകിച്ച് എസ്.ടി. വിഭാഗങ്ങൾക്ക് സാധനങ്ങൾ വാതിൽപ്പടിയിലെത്തിക്കുന്നതിനുള്ള നിലപാടും സ്വീകരിച്ചിട്ടുണ്ട്. വൈജ്ഞാനിക മേഖലയിൽ ഊന്നൽ നൽകുന്നതിന്റെ ഭാഗമായി നാല് സയൻസ് പാർക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചു. കാലത്തിനൊപ്പം യാത്ര ചെയ്യുക എന്നതിന്റെ അടിസ്ഥാനത്തിൽ അതിന് തുടക്കം കുറിക്കുകയാണ്. ഇരുപത്തിയഞ്ച് വർഷം മുന്നിൽകണ്ടുകൊണ്ടുള്ള പ്രവർത്തനത്തിനാണ് ഇത് ഊന്നൽ നൽകുന്നത്. കൊല്ലത്തും കണ്ണൂരിലും ഐ.ടി. പാർക്ക്, നാല് ഐ.ടി. ഇടനാഴി, 20 പുതിയ മൈക്രോ ഐ.ടി. പാർക്ക്, വർക്ക് നിയർ ഹോം പദ്ധതിക്കായി 50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ 12 കോടി തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതോടൊപ്പം

ആദിവാസിമേഖലയിലെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് 100 ദിവസത്തെ അധിക തൊഴിലവസരവും സൃഷ്ടിക്കുന്നു. ജില്ലാ നൈപുണ്യ പാർക്കിനുവേണ്ടി 350 കോടി രൂപ, അങ്കണവാടി കുട്ടികൾക്ക് രണ്ട് ദിവസം കൂടുമ്പോൾ പാലും മുട്ടയും നൽകുന്ന പദ്ധതി, ഗർഭസ്ഥ ശിശു മുതൽ സ്കൂൾ വിദ്യാർത്ഥികൾക്കുവരെ വിവിധ പദ്ധതികൾ വിഭാവന ചെയ്യുന്നു. കൈത്തറി മേഖലയെ പരമ്പരാഗത വ്യവസായമേഖലയായി പരിപോഷിപ്പിക്കാനുള്ള പദ്ധതി, അതോടൊപ്പം കുട്ടികൾക്ക് കൈത്തറി യൂണിഫോമും നൽകുന്നു. ചെറുപ്പക്കാരെ കാർഷിക വ്യാവസായിക മേഖലയുമായി ബന്ധപ്പെടുത്തി. വി.എച്ച്.എസ്.ഇ. വിദ്യാർത്ഥികൾക്ക് വിവിധ ആനുകല്യങ്ങൾ, മാസാമാസം ഇൻസെന്റീവും മറ്റും നൽകിക്കൊണ്ടുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് പുതിയ തലമുറയെ പൊതുസമൂഹത്തിന്റെ മുമ്പാകെ വികസന പ്രക്രീയയിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള ഭാവനാപൂർണ്ണമായ പദ്ധതി. വിദ്യാഭ്യാസ മേഖലയിൽ, സ്കൂൾ-കോളേജ് മേഖലകളിലും പശ്ചാത്തല മേഖലയിലും പഠന രംഗത്തും ശ്രദ്ധിക്കാൻ കഴിയുന്ന ലോകത്തെ നൂതന സാധ്യതകളെല്ലാം അവരുടെ കൈകളിലേയ്ക്കെത്തിക്കാനുള്ള അതിബൃഹത്തായ പദ്ധതികളാണ് വിവിധ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെടുത്തി

നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. വിദ്യാഭ്യാസത്തോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന നിലയ്ക്ക് വ്യാവസായിക മേഖലയിലൂൾപ്പെടെ ഓരോ വീട്ടിലും ഇതിന്റെ ഭാഗമായി വിവിധ പദ്ധതികൾ നടപ്പിലാക്കാനുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഈ ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ, കർഷക സംഘടനയുടെ നേതാവും കൃഷിക്കാരനുമാണ്. അദ്ദേഹത്തിന്റെ പ്രവർത്തനത്തിന്റെ മുഖമുദ്ര എന്ന നിലയിൽ കാർഷികമേഖലയ്ക്കാണ് ഊന്നൽ നൽകിയിട്ടുള്ളതെന്നാണ് എനിക്ക് തോന്നിയത്. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റിൽ കാർഷികമേഖലയ്ക്ക് ഇഷ്ടം പോലെ പണം വാരിക്കൊടുക്കുന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്. കോവിഡിന്റെ കാലയളവിൽ 'സുഭിക്ഷ കേരളം' പദ്ധതി ആവിഷ്കരിച്ചുമുന്നോട്ടുപോയതിന്റെ തുടർച്ചയെന്ന നിലയിൽ കാർഷികമേഖലയ്ക്ക് വളരെ സഹായങ്ങൾ നൽകി 881.96 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ച് മുന്നോട്ടുപോകുകയാണ്. നെല്ലിന്റെ താങ്ങുവില 28.20 രൂപയായി ഉയർത്തിയിട്ടുണ്ട്. പുതിയ ആധുനിക കൃഷി സമ്പ്രദായങ്ങൾ നടപ്പിലാക്കുന്നു, വിള ഇൻഷ്വറൻസ് പരിരക്ഷയ്ക്കുള്ള വിഹിതം 30 കോടി രൂപയായി ഉയർത്തി, കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ

വിപണനത്തിന് സിയാൽ മാതൃകയിൽ മാർക്കറ്റിംഗ് കമ്പനി കൊണ്ടുവരാൻ തീരുമാനിച്ചു. വി.എച്ച്.എസ്.ഇ. വിദ്യാർത്ഥികൾക്ക് 2,500 രൂപ ഇൻസെന്റീവ് നൽകുന്നു. ഇതുപോലുള്ള പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി ഉയർത്തിക്കൊണ്ടുവരാനും ശ്രമം നടത്തിയിട്ടുണ്ട്. ആരോഗ്യമേഖലയ്ക്ക് 2,269 കോടി രൂപ, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 500 കോടി രൂപ, 2023-24 മുതൽ പരിസ്ഥിതി ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിയുന്ന രീതിയിലേയ്ക്ക് കേരളത്തെ മാറ്റിയെടുക്കാനുള്ള ശ്രമം നടത്തുന്നുവെന്ന് പറഞ്ഞാൽ, ലോക ഭൂപടത്തിൽ കേരളത്തിന്റെ മാറ്റം ഏറെ ദീർഘവീക്ഷണത്തോടുകൂടി കാണുകയാണെന്നാണ് തെളിയിക്കുന്നത്. അതിനുള്ള എല്ലാ സംവിധാനങ്ങളും കാർഷിക-വ്യാവസായിക മേഖലകളിൽ നടപ്പിലാക്കാനാണ് ഈ ബഡ്ജറ്റിൽ മാറ്റം വരുത്തിയത്. എല്ലാ മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന റേഷൻ കടകൾ, സിൽവർലൈൻ ഭൂമി ഏറ്റെടുക്കുന്നതിന് 2,000 കോടി രൂപയുമാണ് വകയിരുത്തിയത്. അതുമായി ബന്ധപ്പെട്ട പ്രത്യേക ചർച്ച ഇവിടെ നടക്കുന്നുണ്ട്. 2000 വൈഫൈ ഹോട്ട് സ്പോട്ടുകൾ, ഇപ്പോൾ നിലനിൽക്കുന്ന സാഹചര്യങ്ങളെല്ലാം കണ്ടുകൊണ്ടുള്ള ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. 2050-ഓടെ കാർബൺ സീറോ

എമൽഷൻ സംസ്ഥാനമാകുന്നതിനായി 1000 ഇ-ആട്ടോകൾ നിരത്തുകളിലിറക്കുന്നു. വീടുകളിൽ സൗരോർജ്ജ പാനലിനുള്ള ഫണ്ട് നീക്കിവയ്ക്കുന്നു. സ്ത്രീകളുടെ സുരക്ഷ മുൻനിർത്തി ലൊക്കേഷൻ ട്രാക്കിംഗ്, അതിദാരിദ്ര്യ ലഘൂകരണത്തിന് 100 കോടി രൂപ, അഗ്രി ടെക് ഫെസിലിറ്റി കേന്ദ്രങ്ങൾ 100 എണ്ണം, 10 മിനി ഫുഡ് പാർക്ക്, സിയാൽ മാതൃകയിൽ മാർക്കറ്റിംഗ് കമ്പനി അങ്ങനെ വിവിധ പദ്ധതികളാണ് ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ളത്. കശുവണ്ടി വ്യവസായത്തിന്റെ നവീകരണത്തിന് 30 കോടി രൂപ, പരമ്പരാഗത വ്യവസായ മേഖലയെ ശക്തിപ്പെടുത്താൻ കൈത്തറി മാർക്കറ്റിംഗ് 40.56 കോടി രൂപ, സ്കൂൾ യൂണിഫോമിന് 140 കോടി രൂപ, സ്കൂൾ ഉച്ചഭക്ഷണത്തിന് 342 കോടി രൂപ, പട്ടികജാതി-പട്ടികവർഗ്ഗ മെസ് അലവൻസ് വർദ്ധിപ്പിക്കാൻ തീരുമാനിക്കുന്നു. ഈ ബഡ്ജറ്റെടുത്ത് പരിശോധിച്ചാൽ പാവപ്പെട്ടവന്റെ, സാധാരണക്കാരന്റെ ജീവിതത്തെ മുന്നോട്ടുകൊണ്ടുപോകാനുതകുന്ന ജനകീയ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളതെന്ന് കാണാൻ കഴിയും. ഈ ബഡ്ജറ്റിനെ സർവ്വാത്മനാ സ്വാഗതം ചെയ്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ ഈ ബഡ്ജറ്റ് പ്രഖ്യാപനത്തോടുള്ള വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്. അതിനുമുമ്പായി, കക്ഷി രാഷ്ട്രീയത്തിനും വിശ്വാസത്തിനുമപ്പുറം മനുഷ്യത്വത്തിന്റെയും മാനവികതയുടെയും മഹനീയമായ മാതൃക ഉയർത്തിപ്പിടിച്ച പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ ദീപ്തമായ സ്മരണകൾ ഓർമ്മിപ്പിച്ചാണ് ഇന്നത്തെ സഭാസമ്മേളനം തുടക്കം കുറിച്ചത്. ആ മഹാനുഭാവന്റെ പ്രവർത്തനസ്മരണകൾ മൂല്യബോധമുള്ള രാഷ്ട്രീയത്തിന് മുന്നോക്കമുണ്ടാക്കാൻ നമുക്കെല്ലാവർക്കും പ്രചോദനമുണ്ടാകട്ടെ എന്ന് ഞാൻ ആശിക്കുകയാണ്.

ഈ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഒട്ടേറെ കാര്യങ്ങൾ സൂചിപ്പിക്കുകയും അതിന്റെ പ്രാവർത്തികത എത്രമാത്രമുണ്ടാകുമെന്ന് പ്രിയപ്പെട്ട ശ്രീ. എ. പി. അനിൽ കുമാർ അടക്കമുള്ള ആളുകൾ ഇവിടെ പറയുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നു എന്നാണ് അങ്ങ് ആരംഭത്തിൽ സൂചിപ്പിച്ചത്. അത് നല്ലകാര്യമാണ്. ഉന്നത വിദ്യാഭ്യാസം തന്നെയാണ് മനുഷ്യനെ ഉത്തമനാക്കുന്നതും അതിലൂടെ വളർച്ചയുണ്ടാകുന്നതും. അങ്ങനെയുള്ള ഒരു പ്രവർത്തനത്തിലേയ്ക്ക് പോകുമ്പോൾ കേരളത്തിലെ കഴിഞ്ഞ കാലങ്ങളിലെ ഉന്നതവിദ്യാഭ്യാസ

രംഗത്തുണ്ടായ രാഷ്ട്രീയമായ അതിപ്രസരം എത്രമാത്രമാണ് ആ മേഖലകളിൽ പ്രയാസങ്ങളുണ്ടാക്കിയതെന്ന് നമുക്കറിയാം. സിൻഡിക്കേറ്റുകൾ തങ്ങളുടെ താല്പര്യങ്ങൾക്കനുസരിച്ച് പരീക്ഷകളുടെ നടത്തിപ്പും മൂല്യനിർണ്ണയവും മാർക്ക് ദാനവും നടത്തുകയും അതോടൊപ്പം ഗവർണറും വൈസ് ചാൻസലറുമടക്കം പരസ്പരം പോരടിക്കുകയും ചെയ്യുന്ന ഒരവസ്ഥ നമുക്ക് കാണാനുണ്ടായിരുന്നു. അതുപോലെ കഴിഞ്ഞവർഷം ഉന്നത വിദ്യാഭ്യാസത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ ഫണ്ടിൽ നിന്നും 47 ശതമാനം തുക മാത്രമാണ് ആ മേഖലകളിൽ ചെലവഴിച്ചത്. ഒപ്പം റൂസയിൽ നിന്നും 58 കോടി രൂപ നൽകിയതിൽ 38 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് അങ്ങ് പ്രഖ്യാപിച്ചിരിക്കുന്ന പാക്കേജുകളും പ്രവർത്തനങ്ങളും വളർച്ച നൽകണമെങ്കിൽ അതിനനുബന്ധമായി തുടങ്ങിവച്ചിരുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും രാഷ്ട്രീയ അതിപ്രസരം ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള ഒരു കാഴ്ചപ്പാടുകൂടി അങ്ങയുടെ ബഡ്ജറ്റിന്റെ ഭാഗമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ലോകസമാധാനത്തിന് ആവശ്യമായ തരത്തിലുള്ള സെമിനാറും സിമ്പോസിയവും സംവാദങ്ങളുമൊക്കെ നടത്തും എന്നിവിടെ സൂചിപ്പിച്ചു. അത് സൂചിപ്പിക്കുമ്പോൾതന്നെ കേരളത്തിലെ

രാഷ്ട്രീയ കൊലപാതകങ്ങളും ഗുണ്ടാ അക്രമങ്ങളും പോലീസ് അക്രമങ്ങളും മരണങ്ങളുമൊക്കെ നമ്മൾ കാണുകയാണ്. കേരളത്തിലെ ക്രമസമാധാനനിലയ്ക്ക് സംരക്ഷണമുണ്ടാക്കിക്കൊണ്ട്, പരിഹാരം കണ്ടുകൊണ്ട് അതിന് തുടക്കം കുറിക്കുകയും ആ തുടക്കം സ്വാഭിവകമായും മറ്റുള്ളവർക്ക് മാതൃകയാവുകയും ചെയ്യുന്നതരത്തിൽ മുന്നോട്ടുപോകാനാവശ്യമായ ഒരു നിലപാടുകൂടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത് നല്ലതായിരിക്കുമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. വിദ്യാഭ്യാസ മേഖലയെക്കുറിച്ച് അങ്ങ് പറയുമ്പോൾ ഒരു പ്രയാസമുള്ളത്, കഴിഞ്ഞ കാലങ്ങളിൽ അല്ലെങ്കിൽ കേരളം ഒരുപാട് കാലങ്ങളായി ആവശ്യപ്പെടുന്ന ആയുർവ്വേദ സർവ്വകലാശാലയെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിച്ചില്ല എന്ന പരാതികൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. വി. വി. ഗിരി പ്രസിഡന്റായ കാലഘട്ടങ്ങളിൽ ആരംഭിച്ചൊരു ആവശ്യമാണിത്. ആ ആവശ്യം ഇന്നും പൂർത്തീകരിക്കാതെ മുന്നോട്ടുപോകുന്നു. അതുകൊണ്ട് കേരളത്തിൽ ഒരു ആയുർവ്വേദ സർവ്വകലാശാല ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൂടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കിൻഫ്ര പാർക്കിനെക്കുറിച്ചും വ്യവസായ പാർക്കുകളെക്കുറിച്ചും KSIDC അടക്കമുള്ള

സ്ഥാപനങ്ങളെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചും അങ്ങിവിടെ സൂചിപ്പിച്ചപ്പോൾ കിൻഫ്രയുടെ കീഴിൽ കുറ്റിപ്പുറത്തുള്ള ഒരു വ്യവസായ പാർക്കിനെക്കുറിച്ച് അങ്ങ് പ്രതിപാദിച്ചതേയില്ല. അവിടെ ഒട്ടേറെ സ്ഥലം ബാക്കി കിടക്കുകയാണ്. ആ സ്ഥലങ്ങളിൽ പലരും സ്ഥലമേറ്റെടുത്തുവെന്ന് പറയുന്നുണ്ടെങ്കിലും അവിടെ പുതിയ വ്യവസായങ്ങളൊന്നും ഇതുവരെ ആരംഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ തുടങ്ങാതെ ഏറ്റെടുത്ത് കൈവശം വച്ചിരിക്കുന്ന പ്ലോട്ടുകൾ കൈവശമുള്ള ആളുകളിൽനിന്നും തിരിച്ചുപിടിച്ച് അവിടെ പുതിയ വ്യവസായം തുടങ്ങാനാവശ്യമായ നടപടിയുണ്ടാകണമെന്ന് സൂചിപ്പിക്കുന്നു.

ജലജീവൻ മിഷന്റെ പദ്ധതികൾ കേരളത്തിൽ ഒട്ടനവധി നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായിട്ടുള്ള കരാറനുസരിച്ച് പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകൾക്ക് മാത്രമേ റെസ്റ്റോറേഷൻ ചാർജ്ജ് നൽകുന്നുള്ളൂ. പഞ്ചായത്തുകൾ അല്ലെങ്കിൽതന്നെ സാമ്പത്തികമായി വളരെ പരാധീനതയിലാണ്. ആ പരാധീനത ഒഴിവാക്കുന്നതിനുവേണ്ടി ജലജീവൻ മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ഗ്രാമീണ റോഡുകൾ പൈപ്പിടുന്നതിനുവേണ്ടി പൊളിച്ചുമാറ്റിയത് റെസ്റ്റോർ ചെയ്യാനാവശ്യമായ സംഖ്യയും ഫണ്ടുംകൂടി

അനുവദിക്കണമെന്ന് ഇതിന്റെ ഭാഗമായി പറയുകയാണ്. ഉക്രയിനിൽ നിന്നും തിരിച്ചുവന്ന വിദ്യാർത്ഥികളെ സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്ര സഹായം തേടും അല്ലെങ്കിൽ അതിനാവശ്യമായി കേന്ദ്രത്തിൽ നിന്നുള്ള അനുവാദം ചോദിക്കുമെന്ന് അങ്ങ് പറയുമ്പോൾ മഹാരാഷ്ട്രയും തമിഴ്നാടുമൊക്കെ തിരിച്ചുവന്ന വിദ്യാർത്ഥികൾക്ക് ഇവിടെ സംരക്ഷണം നൽകുന്നതിനും പഠന സൗകര്യങ്ങളൊരുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതുകൊണ്ട് കേരളവും തിരിച്ചുവന്ന വിദ്യാർത്ഥികൾക്ക് സംരക്ഷണം നൽകുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണമെന്നുകൂടി അതിന്റെ ഭാഗമായി പറയുകയാണ്. ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ എല്ലാ പ്രവൃത്തികൾക്കും അനുമതി നൽകുന്നതാണെന്ന് നിയമസഭയിൽ സമർപ്പിച്ച വർക്ക് ബഡ്ജറ്റ് രണ്ടാം വോളിയത്തിന്റെ അവതരണക്കുറിപ്പിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ 20 ശതമാനം തുക വകയിരുത്തിയ എല്ലാ പ്രവൃത്തികൾക്കും അനുമതി നൽകേണ്ടതാണെന്നും ധനകാര്യ വകുപ്പിന്റെ 23-11-2021-ലെ ധനസർക്കുലറിൽ വ്യക്തമാക്കിയിരിക്കുകയാണ്. എന്നാൽ കഴിഞ്ഞ ബഡ്ജറ്റുകളിലൊക്കെ പറഞ്ഞുവച്ച, എന്റെ നിയോജകമണ്ഡലത്തിലെ

താലൂക്കാശുപത്രിയടക്കമുള്ള പ്രവർത്തനങ്ങൾക്ക് ഇതുവരെ പ്രവർത്തനാനുമതി നൽകുകയോ അതിനാവശ്യമായ എസ്റ്റിമേറ്റുണ്ടാക്കി അംഗീകാരം നൽകുകയോ ചെയ്തിട്ടില്ല. ഇത്തരത്തിൽ 20 ശതമാനം നീക്കിവച്ച, തുടങ്ങാതെ പോയ പ്രവൃത്തികൾ തുടങ്ങാനാവശ്യമായ നടപടി അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം എന്നുപറയുന്നു. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനോ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനോ പദ്ധതികളും മാർഗ്ഗങ്ങളും ആലോചിക്കാതെ കടമെടുത്തുകൊണ്ടിരിക്കുകയാണ്. വായ്പയെടുക്കുക ചെലവഴിക്കുക, വീണ്ടും വായ്പയെടുക്കുക എന്നൊരു തിയറിയാണ് കഴിഞ്ഞ ആറുവർഷമായി പിന്തുടരുന്നത്. കഴിഞ്ഞ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച ഒരു രൂപപോലും ചെലവഴിക്കാത്ത പല വൻപദ്ധതികളും ഇന്നിവിടെ നിലനിൽക്കുകയാണ്. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും കഴിഞ്ഞവർഷം 4 കോടി രൂപ തിരിച്ചുപിടിച്ചു. ആ തിരച്ചുപിടിച്ചത് എല്ലാ മണ്ഡലങ്ങളിലും പ്രവർത്തനങ്ങൾ നടക്കും, പൂർത്തീകരിക്കും എന്നൊക്കെ പറഞ്ഞ് തുടങ്ങി വച്ചിരുന്നെങ്കിലും കഴിഞ്ഞ 23-02-2022-ൽ ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്തിന്റെ ചോദ്യത്തിനുള്ള മറുപടി ലഭിച്ചതനുസരിച്ച്, ഈ മണ്ഡലത്തിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും

ആകെക്കൂടി ചെലവഴിച്ചത് 36 കോടി രൂപ മാത്രമാണെന്നാണ്. 546 കോടി രൂപ ആ വകയിൽ സംസ്ഥാനത്തിന് ലഭിച്ചിട്ട് ആ ഫണ്ടിൽ നിന്നും ഇതുവരെ ആകെ 36 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. മലപ്പുറം ജില്ലയിൽ ആകെ 3 നിയോജകമണ്ഡലങ്ങളിൽ മാത്രമാണ് ആവശ്യമായ 50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അംഗീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങാൻ ശ്രമിക്കുകയും ചെയ്തതെന്ന് കണക്കുകൾ വളരെ വ്യക്തമായി പറയുകയാണ്. ബഡ്ജറ്റുമായി ബന്ധപ്പെട്ട് ലോകബാങ്കടക്കം സഹായം നൽകിയിട്ടും നവകേരള നിർമ്മിതിക്കായി അനുവദിച്ച 1830 കോടി രൂപയിൽ 388 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതായത് 2 ശതമാനം തുക. ലോകബാങ്ക് ആദ്യഘട്ടത്തിൽ അനുവദിച്ച 1780 കോടി രൂപ സർക്കാർ വകമാറ്റി ചെലവഴിക്കുകയാണുണ്ടായത്. ഗ്രാമീണ റോഡുകൾ നിർമ്മിക്കാനായി പ്രളയ സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത 2500 കോടി രൂപയും വകമാറ്റുകയുണ്ടായി. ഇത്തവണ ബഡ്ജറ്റിൽ 1600 കോടി രൂപ മാത്രമാണ് ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ളത്. 2019-2020-ൽ റീ-ബിൽഡ് കേരളയ്ക്കായി 1000 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എങ്കിലും ഒരുരൂപപോലും ചെലവാക്കിയിട്ടില്ല. മൂന്നുവർഷത്തിനുള്ളിൽ നവകേരളം സൃഷ്ടിക്കുമെന്ന് കൊട്ടിഘോഷിച്ച

പദ്ധതിക്കും മറ്റെല്ലാ പദ്ധതികളെപ്പോലെതന്നെ കടലാസ്സിൽ ഒതുങ്ങാനാണ് വിധിയുണ്ടായിട്ടുള്ളത്. 2020 ജൂലൈ മാസം ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് അപേക്ഷ നൽകിയ 9.2 ലക്ഷം പേരുടെ അപേക്ഷ പരിശോധിച്ച് അന്തിമ പട്ടിക തയ്യാറാക്കാൻപോലും സർക്കാരിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയ 6.76 ശതമാനം തുക മാത്രമാണ് ഇതുവരെയായി ചെലവഴിച്ചിട്ടുള്ളതെന്ന് 'പ്ലാൻ സ്പേയിസ്' വളരെ വ്യക്തമായി പറയുന്നുണ്ട്. അതുപോലെയാണ് കോവിഡ് വ്യാപനം കാരണം പ്രതിസന്ധിയിലായ ചെറുകിട കച്ചടവടക്കാർക്ക് ആശ്വാസം നൽകുന്ന പദ്ധതികൾ ഈ ഭാഗത്തുനിന്നുമുണ്ടായില്ല. പ്രവാസികളായ ഒട്ടനവധി ആളുകളാണ് കേരളത്തിന് ധനസഹായവുമായി ബന്ധപ്പെട്ട് സഹായിക്കുന്നത്. അവരുടെ സംരക്ഷണത്തിനുവേണ്ടിയുള്ള ഒരു പദ്ധതിയും പ്രവർത്തനവും ഈ ബഡ്ജറ്റിലുണ്ടായില്ല. സംസ്ഥാനത്തിന്റെ മൊത്തം കടം 4 ലക്ഷം കോടി കഴിഞ്ഞുകിടക്കുകയാണ്. ആളോഹരി കടം ഒരു ലക്ഷം രൂപയ്ക്ക് മുകളിലാണ്. കിഫ്ബി വഴിയുണ്ടാക്കുന്ന കടബാധ്യത ഇതിനുപുറമെ വരാനിരിക്കുകയാണ്. 5 വർഷംകൊണ്ട് 50000 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞ് 2016-ൽ തുടങ്ങിയ കിഫ്ബി 6 വർഷത്തിൽ 70000 കോടി

രൂപയുടെ പദ്ധതി ഏറ്റെടുത്തെങ്കിലും ഇവിടെ സൂചിപ്പിച്ചതുപോലെ 17000 കോടി രൂപമാത്രമാണ് കൊടുത്തുകഴിഞ്ഞിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവസമാഹരണം, ധനവിനിയോഗം, വായ്പ തിരിച്ചടവ് എന്നിവ സംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭ്യമല്ല. പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്നില്ല. കിഫ്ബിയുടെ ബാധ്യതകൂടി കണക്കിലെടുക്കുമ്പോൾ സംസ്ഥാനത്തെ മൊത്തം കടം അഞ്ച് ലക്ഷം കോടി രൂപയ്ക്ക് മുകളിലാകും. വെള്ളക്കരം, ഇന്ധനവില, ബസ് ചാർജ്ജ് എന്നിവയ്ക്കടക്കം ജനങ്ങളുടെമേൽ ബാധ്യത വരുത്തിവയ്ക്കുന്ന ഈ ബഡ്ജറ്റ് ജനങ്ങൾക്ക് അനുകൂലമായ നിലപാടല്ല സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ഞാൻ ഇതിനെ എതിർക്കുകയാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ അനുകൂലിക്കുകയാണ്. വർത്തമാനകാലത്തിലെ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് വിജ്ഞാനത്തിന്റെയും വികസനത്തിന്റേതുമായ ഒരു പുതിയ കാലഘട്ടത്തിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തെ നയിക്കുവാൻ പര്യാപ്തമായ ഒട്ടേറെ നിർദ്ദേശങ്ങളാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്ന ഘട്ടത്തിൽ നമ്മുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചും നിലവിലുള്ള

സംവിധാനങ്ങളെക്കുറിച്ചുമുള്ള ഒരുപാട് ചർച്ചകൾ നടക്കുന്നുവെന്ന് നമുക്കറിയാം. കേരളം സാമ്പത്തികമായ കടക്കെണിയിലാണ്, നമ്മുടെ സാമ്പത്തിക വളർച്ചയെ സംബന്ധിച്ചൊക്കെയുള്ള ഒരുപാട് ചർച്ചകൾ നടക്കുന്നുണ്ട്. കഴിഞ്ഞ രണ്ടുവർഷമായി മഹാമാരിയുടെ പശ്ചാത്തലത്തിൽ ലോകത്തെമ്പാടുമുള്ള സാമ്പത്തിക മാന്ദ്യത്തിന്റെ എല്ലാ ബുദ്ധിമുട്ടുകളും അനുഭവിച്ച ഒരു സംസ്ഥാനം കൂടിയാണ് കേരളം. ഈ സാമ്പത്തിക ബുദ്ധിമുട്ടുകളൊന്നും സംസ്ഥാനത്തിന്റെ വികസനത്തെ ബാധിക്കാൻ പാടില്ല എന്നുള്ള കൃത്യമായ ഒരിടപെടൽ ധന വകുപ്പിന്റെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്നുണ്ടായി. കേന്ദ്ര ഗവൺമെന്റ് നൽകാനുള്ള തുകയൊന്നും നൽകുകയില്ല എന്നുള്ള വളരെ വാശിയോടുകൂടിയാണ് പോകുന്നത്. കേന്ദ്ര പൂളിൽ നിന്ന് നമുക്ക് ലഭിക്കേണ്ട വിഹിതവും ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട കോമ്പൻസേഷൻ ഉൾപ്പെടെ കൃത്യമായി ലഭിക്കാതിരിക്കുക, ഭരണഘടനയുടെ പ്രത്യേക അവകാശമുപയോഗിച്ച് സെസിന്റെയും സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കേണ്ടാത്ത രീതിയിലുള്ള മറ്റ് രീതിയിലുള്ള നികുതികളും സെസും ഏർപ്പെടുത്തിക്കൊണ്ട് കേന്ദ്രം സംസ്ഥാനങ്ങൾക്കെതിരെ പിടിമുറുക്കുന്ന സാഹചര്യമാണ്. ഈ പ്രതിസന്ധിയുടെ കാലഘട്ടത്തിൽ എനിക്ക് ഓർമ്മ

വരുന്നത്, ധനകാര്യ വകുപ്പുമന്ത്രി കൊട്ടാരക്കരക്കാരൻ കൂടിയാണ്. കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയാണ്. കൊട്ടാരക്കരത്തമ്പുരാനാണ് കഥകളിയുടെ ഉപജ്ഞാതാവ്. അദ്ദേഹത്തിന്റെ സ്മാരകത്തിനുവേണ്ടി പണം നീക്കിവച്ചിട്ടുണ്ട്. ഇതിന്റെ പിന്നിലൊരു പശ്ചാത്തലമുണ്ട്. ഒരു കാലഘട്ടത്തിൽ വടക്ക് സാമൂതിരിമാരുടെ ഭരണകാലഘട്ടത്തിൽ കൃഷ്ണനാട്ടം എന്നുപറയുന്ന കലാരൂപം ആരംഭിച്ചു. അന്ന് കൊട്ടാരക്കരത്തമ്പുരാൻ കൃഷ്ണനാട്ടം കളിക്കാരെ തിരുവിതാംകൂറിലേക്ക് വിടണമെന്ന് ആവശ്യപ്പെട്ടപ്പോൾ അന്നത്തെ മാനവേദൻ രാജാവ് അനുവദിച്ചില്ല. അതിനുപകരമാണ് അദ്ദേഹം രാമനാട്ടം എന്ന കലാരൂപമുണ്ടാക്കുകയും പിന്നീടത് കേരളത്തിന്റെ കലാരൂപമായ കഥകളിയായി പരിണമിച്ചതും. ഞാൻ ഈ സന്ദർഭം ഓർക്കാൻ കാരണം കേന്ദ്രം ഫണ്ടൊന്നും തരുന്നില്ല. ഇപ്പോഴത്തെ മാനവേദൻമാരെല്ലാം താമസിക്കുന്നതും ഭരിക്കുന്നതുമൊക്കെ ഡൽഹിയിലാണ്, വടക്കാണ്. എന്നുവച്ച് തെക്കുഭാഗത്തുള്ള കൊച്ചു കേരളത്തിന്റെ ആവശ്യത്തിന് പണം നൽകുന്നില്ല എന്നുപറഞ്ഞപ്പോൾ അന്നത്തെ കൊട്ടാരക്കര രാജാവ് ചെയ്തതുപോലെ ബദൽ മാർഗ്ഗമുണ്ടാക്കി. കഥകളിക്ക് ഒരു പ്രത്യേകതയുണ്ട്. കഥകളി കംപ്ലീറ്റ് തിയേറ്റർ എന്നാണ് പറയുന്നത്. അതിനകത്ത് എല്ലാ

രൂപങ്ങളുമുണ്ട്. സർവ്വതല സ്പർശിയായ കഥാരൂപമാണ് കഥകളി. ഈ ബഡ്ജറ്റ് യഥാർത്ഥത്തിൽ സർവ്വതല സ്പർശിയായ കൊട്ടാരക്കരക്കാരനായ ധനകാര്യ വകുപ്പുമന്ത്രിയാണ് അവതരിപ്പിച്ചത്. കേന്ദ്രത്തിന്റെ കൃഷ്ണനാട്ടത്തിനുപകരം രാമനാട്ടം കൊണ്ടുവന്ന് കഥകളിയുടെ കലാരൂപമായി അവതരിപ്പിച്ച് കേരളത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിയിലേയ്ക്ക് മുമ്പോട്ട് കൊണ്ടുപോകാനുള്ള ഒരു ശ്രമമായിട്ടാണ് ഞാൻ ഈ ബഡ്ജറ്റിനെ കാണുന്നത്. ആ ഒരു അർത്ഥത്തിൽ തീർച്ചയായും വളരെയേറെ അഭിനന്ദനാർഹമായ കാര്യമാണ്. കേരളം കടക്കെണിയിലാണെന്ന് പറയുന്നു. ഞാൻ ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട നിയമസഭാ സാമാജികർക്കുവേണ്ടി എന്റെ ഗവേഷണത്തിന്റെ ഭാഗമായി ഒരു അവലോകന ലെറ്റർ തയ്യാറാക്കിയിട്ടുണ്ട്. അതിനകത്ത് കണ്ട പ്രധാനപ്പെട്ട ഒരു കാര്യം, കേരളം കടക്കെണിയിലാണെന്ന് പറയുമ്പോൾ നമ്മൾ മനസ്സിലാക്കേണ്ട ഒരുകാര്യം, മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ ബീഹാർ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ, കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾ, മറ്റ് രാഷ്ട്രീയ കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ കേരളത്തിന്റെ ധനക്കമ്മിയേക്കാൾ വളരെ കൂടുതലാണ്. കടക്കെണി ഒരു പ്രശ്നമല്ല. പണമില്ല എന്ന് പഞ്ഞം പറഞ്ഞുകൊണ്ട്

വികസനത്തെ തടസ്സപ്പെടുത്താൻ നമുക്ക് കഴിയുകയില്ല. എന്നും പട്ടിണി പറഞ്ഞാൽ ഒരിക്കലും പട്ടിണി മാറുകയില്ല എന്ന് പണ്ട് പറയാറുണ്ട്. അതിന് മറ്റ് മാർഗ്ഗങ്ങൾ കണ്ടെത്തണം. സ്വാഭാവികമായും കിഫ്ബി പോലുള്ള സംവിധാനങ്ങളിലൂടെ വികസന പരിപ്രേഷ്യങ്ങളുണ്ടാക്കണം. മറ്റൊരു പ്രധാനപ്പെട്ട കാര്യം, കടം വാങ്ങുന്നത് വലിയ അപകടമല്ല. ഇതൊരു മാനസികാവസ്ഥയാണ്. കുടുംബപരമായ പശ്ചാത്തലത്തിൽ പലപ്പോഴും ആളുകൾ കടത്തെ കാണുന്നൊരു സമീപനമുണ്ട്. എന്നാൽ സംസ്ഥാനത്തിന് അങ്ങനെയല്ല. കടം വാങ്ങി ഇന്ന് വികസനം നടത്തിയാൽ ഭാവിയിലുണ്ടാകുന്ന പണപ്പെരുപ്പത്തിന്റെ ബുദ്ധിമുട്ട്, പലിശ കൊടുക്കാനുള്ള ബുദ്ധിമുട്ട്, അങ്ങനെയുണ്ടാകുന്ന വികസനവുമായി ബന്ധപ്പെട്ട് ഭാവിയിൽ നികുതിയിലുണ്ടാകാൻ പോകുന്ന വർദ്ധനവ് ഇതൊക്കെ കണക്കാക്കുമ്പോൾ സംസ്ഥാന സർക്കാരിന് വികസനപ്രവർത്തനങ്ങളിൽ നിന്ന് മാറിനിൽക്കാൻ കഴിയുകയില്ല. ഈ ബഡ്ജറ്റിന്റെ പൊതുസമീപനത്തിൽ ഞാൻ കണ്ടെത്തിയ വളരെ പ്രധാനപ്പെട്ട കാര്യം അങ്ങനെയുള്ള വികസനത്തെക്കുറിച്ചാണ്. മാത്രമല്ല, മാറുന്ന കാലത്തിനനുസരിച്ച് രണ്ടുപ്രത്യേകതകൾ കൂടിയുണ്ട്. അത് ഇവിടെ പറയാതിരിക്കാൻ കഴിയുകയില്ല. ബഡ്ജറ്റിൽ ഗ്രാഫീനെക്കുറിച്ചുള്ള ഒരു പരാമർശമുണ്ട്.

കേരളം പോലുള്ള സംസ്ഥാനം എത്രയോ മുമ്പോട്ടുചിന്തിക്കുന്നു. ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ കാലത്തിനുമുമ്പേ സഞ്ചരിക്കാനും ചിന്തിക്കാനും നമുക്ക് കഴിയുന്നുവെന്നുള്ളതാണ്. പുതിയ കാലഘട്ടത്തിന്റെ സാധ്യതകൾ എങ്ങനെ വിലയിരുത്താൻ കഴിയും. മാത്രമല്ല, മഹാമാരിയുടെ പശ്ചാത്തലത്തിൽ മൈക്രോ ബയോമുകൾ പോലുള്ള സംവിധാനങ്ങളൊരുക്കുവാൻ, ഭാവിയിൽ ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുള്ള വളരെ കൃത്യമായ ഒരിടപെടൽ ബഡ്ജറ്റിലുണ്ടാകണം. മുൻകാല ബഡ്ജറ്റുകളേക്കാൾ ഞാൻ കാണുന്ന ഒരു പ്രത്യേകത ഇത് വളരെ ദീർഘവീക്ഷണത്തോടെയുള്ള ഒരു കാഴ്ചപ്പാടിന്റെ ഭാഗമാണ്. കേരളത്തിൽ ഇനി വരുന്ന ഒരുവർഷക്കാലമുണ്ടാകാൻ പോകുന്ന വികസനത്തിനപ്പുറത്ത് കേരളത്തെ 25 വർഷക്കാലം മുമ്പോട്ടു കണ്ടുകൊണ്ട് പുതിയ കാഴ്ചപ്പാടുകളും പുതിയ കാലത്തിന്റെ വെല്ലുവിളികളും ഏറ്റെടുത്തുകൊണ്ട് ഈ സംസ്ഥാനത്തെ ഏറ്റവും മികച്ച തലത്തിലേയ്ക്ക് കൊണ്ടുപോകാനുള്ള ദീർഘവീക്ഷണമുള്ള ഒരു ബഡ്ജറ്റ് എന്ന നിലയിൽ തീർച്ചയായും ഒരിക്കൽക്കൂടി ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുന്നു. ഇത്തരം വളരെ നല്ല നിലയിലുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ മുൻകൈ എടുത്ത, inclusive growth എന്നപോലെ സർവ്വതല സ്പർശിയായ ഒരു ബഡ്ജറ്റ്

അവതരിപ്പിക്കാൻ കഴിഞ്ഞതിൽ തീർച്ചയായും ധനകാര്യ വകുപ്പുമന്ത്രിക്ക് അഭിമാനിക്കാൻ കഴിയും. ഒരിക്കൽക്കൂടി ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, സംസ്ഥാന സർക്കാരിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് കേരളത്തിന്റെ രൂക്ഷമായ ധനപ്രതിസന്ധിയെ അഭിസംബോധന ചെയ്യുന്നില്ല എന്ന യാഥാർത്ഥ്യത്തിൽ ഊന്നിക്കൊണ്ടുമാത്രമേ വിലയിരുത്താൻ കഴിയൂ. 27,856 കോടി രൂപയുടെ ബാധ്യതയുടെ കണക്കും അതിനുപുറമേ കിഫ്ബിയുടെ 70,762 കോടി രൂപയുടെ കടവും പലിശയും ചേർത്ത് ഒരുലക്ഷം കോടി രൂപയുടെ കടബാദ്ധ്യതയാണ് കേരള ജനതയ്ക്കുമേൽ അധികമായി അടിച്ചേൽപ്പിച്ചിരിക്കുന്നത്. ആഭ്യന്തര വരുമാനത്തിന്റെ 37.1 ശതമാനമാണ് കഴിഞ്ഞ വർഷത്തെ കടബാദ്ധ്യത. കേരളം കടക്കെണിയിലാണെന്ന് ജനങ്ങളോട് തുറന്നുപറയാൻ സർക്കാർ തയ്യാറാകണം. 603 കോടി രൂപയുടെ പുതിയ നികുതി നിർദ്ദേശം പറയുന്ന സർക്കാർ കോടികളുടെ കുടിശ്ശിക പിരിച്ചെടുക്കാൻ ആർജ്ജവം കാണിക്കുന്നില്ല. വിലക്കയറ്റം രൂക്ഷമായിക്കൊണ്ടിരിക്കുന്നുവെന്ന് പറയുന്ന ബഡ്ജറ്റ് 2000 കോടി രൂപ മാറ്റിവച്ചുവെങ്കിലും പ്രായോഗിക പരിഹാര പദ്ധതികൾ ആസൂത്രണം

ചെയ്യുന്നില്ല. നാട്ടിലെ പൊതുവിതരണ ശൃംഖലകളായ മാവേലി, നീതി സ്റ്റോറുകളുൾപ്പെടെ തളർന്നുകൊണ്ടിരിക്കുന്നു. നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകൾ വഴി വിൽക്കുമെന്ന പ്രഖ്യാപനം കടലാസ്സിൽ ഒതുങ്ങുമ്പോൾ തന്നെ വീണ്ടും സഞ്ചരിക്കുന്ന റേഷൻ വണ്ടി പ്രഖ്യാപിക്കുന്നു. എല്ലാം കടലാസ് പ്രഖ്യാപനങ്ങളായി മാറുന്നു. ബഡ്ജറ്റ് പൂർണ്ണമായും നയ മാറ്റത്തിന്റെ സൂചനയാണ് നൽകുന്നത്. തീവ്ര വലതുവൽക്കരണമാണ് ലക്ഷ്യമിടുന്നത്. പാർട്ടി സംസ്ഥാന സമ്മേളനത്തിൽ മുഖ്യമന്ത്രി അവതരിപ്പിച്ച വികസന നയത്തിന്റെ പകർപ്പാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് രേഖ. വിദ്യാഭ്യാസ സ്വകാര്യവൽക്കരണം, ആഗോള മൂലധനത്തിന്റെ അനിയന്ത്രിതമായ ഒഴുക്ക് എന്നിവയിലൂന്നിയ കേന്ദ്ര സാമ്പത്തിക നയത്തിന് ആക്കം കൂട്ടുന്ന നയമാണ് ഈ ബഡ്ജറ്റിൽ സ്വീകരിച്ചിരിക്കുന്നത്. വിദ്യാഭ്യാസ സ്വകാര്യവൽക്കരണത്തിനും ആഗോള മൂലധനശക്തികൾക്കുമെതിരെ സമരം നയിച്ച, സ്വകാര്യ പോളിടെക്നിക് വിരുദ്ധ സമരത്തിന്റെയൊക്കെ എസ്.എഫ്.ഐ. നേതാവായിരുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനെക്കൊണ്ടുതന്നെ ഇത്തരമൊരു ബഡ്ജറ്റ് രേഖ അവതരിപ്പിച്ചുവെന്നത് ചരിത്രത്തിന്റെ വിരോധാഭാസമാണ്. അടിസ്ഥാന

ജനവിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനോ തൊഴിലില്ലായ്മ പരിഹരിക്കാനോ മൂർത്തമായ പദ്ധതികൾ പ്രഖ്യാപിക്കുന്നില്ല. ദീർഘകാല വികസന ലക്ഷ്യങ്ങൾ നേരിടുന്ന കാൽവയ്പ്പ് എന്ന് പ്രഖ്യാപിക്കുന്ന ബഡ്ജറ്റുകൾ നടപ്പിലാക്കാൻ കഴിയാത്ത പ്രഖ്യാപനങ്ങളുടെ ആവർത്തനമായി മാറുകയാണ്. കഴിഞ്ഞ 5 വർഷത്തെ ബഡ്ജറ്റ് പരിശോധിച്ചാൽ പ്രഖ്യാപിച്ച പദ്ധതികളിൽ വലിയ ശതമാനവും പ്രവർത്തനക്ഷമമായിരുന്നില്ല. ഈ ബഡ്ജറ്റിൽ ഫണ്ട് വിഹിതം കണ്ടെത്തുന്നത് കൂടുതലും കിഫ്ബി വഴിയാണ്. മുൻവർഷങ്ങളിൽ 70,652 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചതിൽ കിഫ്ബി ചെലവഴിച്ചത് കേവലം 17,000 കോടി രൂപ മാത്രമാണ്. ഈ വർഷം 6,465 കോടി രൂപയുടെ പദ്ധതി വിഭാവനം ചെയ്യുന്ന കിഫ്ബി അഴിമതിയുടെ കറുത്ത കൂടാരമായതുകൊണ്ടല്ലേ ഓഡിറ്റ് അനുവദിക്കാത്തത്? കടം വാങ്ങി വികസനം, അതിലൂടെ അഴിമതി എന്നതാണ് സർക്കാർ മുദ്രാവാക്യം എന്നായിട്ടുണ്ട്. നമ്മുടെ നാടിന്റെ നട്ടെല്ലായ കർഷകരെയും കൃഷിയെയും തഴഞ്ഞ ബഡ്ജറ്റാണിത്. പ്രകൃതിക്ഷോഭം, വന്യജീവി ആക്രമണം, വിലയിടിവും കൊണ്ട് തളർന്ന കാർഷിക സമ്പദ്ഘടനയെ ശക്തമാക്കാൻ നെല്ലിന് 28 രൂപ തറവില പ്രഖ്യാപിച്ചാൽ മാത്രം കർഷകർക്ക് രക്ഷപ്പെടാൻ

കഴിയില്ല എന്ന മുൻ അനുഭവങ്ങളാണ് കാണുന്നത്. നാളികേരത്തിന്റെ വിലത്തകർച്ച, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനവും സംഭരണവും പ്രഖ്യാപിച്ചതിന്റെ പ്രായോഗികത സാധാരണ കർഷകർ ആശങ്കകളോടെയാണ് കാണുന്നത്. ഈ ആശങ്ക അസ്ഥാനത്തല്ലെന്ന് കേരകർഷകരെ രക്ഷിക്കാൻ അവതരിപ്പിച്ച നീര പദ്ധതിയുടെ അവസ്ഥ കണ്ടാൽ മനസ്സിലാകും. സാധാരണക്കാരന്റെ സ്വപ്നങ്ങൾക്കാകണം സർക്കാർ മുൻഗണന നൽകേണ്ടത്. പൊതുമേഖല കടം നികത്താൻ 2500 കോടി രൂപയാണ് നടപ്പുവർഷം കേരളം വകയിരുത്തിയത്. കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി 1000 കോടി രൂപ അനുവദിച്ച, പൊതുമേഖലാ സ്ഥാപനങ്ങളുടെ നടത്തിപ്പിലെ കെടുകാര്യസ്ഥതയും അഴിമതിയും അവസാനിപ്പിക്കാൻ എന്നുമാത്രമല്ല അതിന് ശ്രമിക്കുന്ന ഉദ്യോഗസ്ഥരെ ട്രേഡ് യൂണിയൻ രാഷ്ട്രീയ സമ്മർദ്ദമുപയോഗിച്ച് ഭയപ്പെടുത്തുന്നതും കേരളം ചർച്ച ചെയ്തതാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക വരുമാനത്തിലെ ഇടിവ് അമ്പരിപ്പിക്കുന്നതാണ്. കഴിഞ്ഞ 6 വർഷത്തിനിടയിൽ 15,000 കോടി രൂപയാണ് ചോർന്നത്. ഇവയുടെ വാർഷിക നഷ്ടം 2500 കോടി രൂപയോളമാണെന്നുള്ളത് കേരള ജനത കാണുന്നുണ്ട്. ജനങ്ങളുടെ നികുതിപ്പണം പൊതുമേഖലാ

സ്ഥാപനങ്ങളിലെ രാഷ്ട്രീയ ഉദ്യോഗസ്ഥ നേതൃത്വത്തിന് കട്ടുമുടിക്കാനാകരുത്. മറ്റൊരു വിരോധാഭാസം മദ്യത്തിന് അടിമപ്പെട്ടവർക്ക് ജില്ലാതലത്തിൽ ഡീഅഡിക്ഷൻ സെന്ററുകൾ പ്രഖ്യാപിച്ച സർക്കാർ അതേസമയം തന്നെ വ്യാപകമായി മദ്യഷാപ്പുകളും ബാറുകളും തുറക്കാൻ അനുവദിക്കുന്നു. കെ-റെയിലും കെ-ഫോണും മാത്രമല്ല, കെ-വാറ്റും പ്രോത്സാഹിപ്പിക്കുന്നത് എങ്ങനെയാണ് അംഗീകരിക്കാൻ കഴിയുക; തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ ചെറുപ്പക്കാരോട് മരച്ചീനി വാറ്റാൻ പറയുകയാണ്. 40 വർഷം മുമ്പ് പാലക്കാടും തമിഴ്നാടും പരാജയപ്പെട്ട പദ്ധതികളാണ് ഇപ്പോൾ പുറത്തിറക്കുന്നത്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു രസികൻ കൂടിയാണ്. യുക്രൈൻ-റഷ്യ യുദ്ധ പശ്ചാത്തലത്തിൽ ലോക സമാധാന സമ്മേളനം വിളിക്കാൻ രണ്ട് കോടി രൂപ വകയിരുത്തി എൻ.ജി.ഒ.-കൾക്കും സർക്കാർ ബന്ധുക്കൾക്കും സെമിനാറിന്റെ പേരിൽ നികുതിപ്പണം കൈമാറാനുള്ള വഴി കണ്ടെത്തുന്നതിന് കാണിച്ച വൈഭവം അപാരംതന്നെ. ലാറ്റിനമേരിക്കൻ സ്റ്റഡിയും സ്റ്റുഡന്റ്സ് എക്സ്ചേഞ്ചും ഈ വഴിപിഴച്ച ലക്ഷ്യം നന്നായി നടത്തും. നമ്മുടെ സ്വന്തം നാട്ടിൽ ക്രമസമാധാനം ഉറപ്പുവരുത്താൻ കഴിയാത്ത, നാടിനെ സ്ത്രീ പീഡകർക്കും ശിശുപീഡകർക്കും

കൊലപാതകികൾക്കും മദ്യ-മയക്കുമരുന്ന് മാഫിയകൾക്കും ഗുണ്ടകൾക്കും അഴിഞ്ഞാടാൻ അവസരമൊരുക്കുന്ന നയം മാറ്റിയിട്ടുപോരേ ലോകസമാധാനം? മറ്റൊന്ന് ലൈഫ് പദ്ധതിയാണ്. കഴിഞ്ഞ വർഷം പുതുതായി ഒരു വീടുപോലും അനുവദിച്ചില്ല. എന്നാൽ മിഷനിൽ അഴിമതി മാത്രമാണ് നടക്കുന്നത്. ഈ ബഡ്ജറ്റിൽ ഒരു ലക്ഷം വീടുകളാണ് വിഭാവനം ചെയ്യുന്നത്. എല്ലാവർക്കും ലൈഫ് മിഷനിലൂടെ വീട് എന്ന സർക്കാർ പ്രഖ്യാപനംകേട്ട് അപേക്ഷനൽകി കാത്തിരിക്കുന്ന 10 ലക്ഷത്തിൽപ്പരം കുടുംബങ്ങൾ കേരളത്തിലുണ്ടെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. 1,30,000 കോടി രൂപ കെ-റെയിലിനായി കടമെടുക്കുമ്പോൾ കിടപ്പാടമില്ലാത്ത പാവപ്പെട്ടവന്റെ നിലവിളി കേൾക്കാത്ത സർക്കാരിന്റെ ബഡ്ജറ്റിനെ എങ്ങനെയാണ് സ്വാഗതം ചെയ്യേണ്ടത്. കേന്ദ്ര പദ്ധതി കണ്ണടച്ച് നടപ്പാക്കുന്ന രീതിയിലാണ് സർക്കാർ നീങ്ങുന്നത്. ജൽജീവൻ മിഷന്റെ പ്രവർത്തനവും അതുതന്നെയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈവശമുള്ള മുഴുവൻ പദ്ധതികളും മിഷന് നൽകണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ ബാധ്യതയായി മാറുന്ന പദ്ധതിയായി ഇത് മാറിക്കൊണ്ടിരിക്കുകയാണ്. ജലലഭ്യത കൂടുതലായ കേരളത്തിലേയ്ക്ക് വടക്കേ ഇന്ത്യൻ മാതൃക നടപ്പാക്കുന്നത് ആശാസ്യമല്ല. ജലജീവൻ മിഷൻ

പ്രവർത്തനത്തിനായി വാർഷിക പദ്ധതിയേക്കാൾ വലിയ ഫണ്ട് ആവശ്യമായി വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം പ്രസംഗം അവസാനിപ്പിക്കണം.

ശ്രീമതി കെ. കെ. രമ: സർ, ഒരു മിനിട്ടുകൂടി. അങ്കണവാടികളിലെ ഭക്ഷണ പരിഷ്കരണത്തെ സ്വാഗതം ചെയ്യുമ്പോഴും സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നീക്കിയിരിപ്പ് 342.64 കോടി രൂപ മാത്രമാണ്. പരിമിതമാണിത്. വിദ്യാലയങ്ങളിലെ പാചകത്തൊഴിലാളികളുടെ വേതന വർദ്ധനവ് വളരെക്കാലത്തെ ആവശ്യമാണ്. കുതിച്ചുയർന്ന വിലക്കയറ്റത്തിൽ പോഷക സമൃദ്ധമായ ഉച്ചഭക്ഷണം കൊടുക്കാൻ പി.ടി.എ.-കളും അദ്ധ്യാപകരും ഇക്കാലത്ത് പെടാപ്പാട് പെടുകയാണ്. വിദ്യാർത്ഥികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് പ്രയോറിറ്റി വേണം. അതുപോലെ ഭിന്നശേഷിക്കാരായ ആളുകൾക്ക്... അവരെക്കൂടി ഈ ബഡ്ജറ്റിൽ അവഗണിച്ചിരിക്കുന്നു. അവരുടെ പെൻഷൻ ഉൾപ്പെടെയുള്ള കുടിശ്ശിക ഇപ്പോഴും ബാക്കിയാണ്. ഇത് കൊടുക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. ഭിന്നശേഷി പെൻഷൻ വർദ്ധന ആനുപാതികമായി

അനുവദിക്കുക. പെൻഷൻ തുക ജീവിത നിലവാരത്തിനനുസരിച്ച്/ സൂചികയനുസരിച്ച് വർദ്ധിപ്പിക്കണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം സഹകരിക്കണം. പ്രസംഗം അവസാനിപ്പിക്കണം.

ശ്രീമതി കെ. കെ. രമ: സർ, ബഡ്ജറ്റ് യാഥാർത്ഥ്യത്തിൽ ഊന്നിയാണ് തയ്യാറാക്കേണ്ടത്. യഥാർത്ഥത്തിൽ ധനക്കമ്മി പറയാതെ കർഷകരെയും ജനസാമാന്യത്തെയും ജീവിത പ്രശ്നങ്ങളെയും അഭിസംബോധന ചെയ്യാത്ത, തീവ്ര വലതുപക്ഷ നയത്തെ സ്വീകരിക്കുന്ന ഈ ബഡ്ജറ്റ് കേരളത്തിലെ ജനതയ്ക്ക് സ്വീകാര്യമല്ല.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. പിന്നിട്ട വർഷങ്ങളിൽ കേരളത്തിലുണ്ടായ അതിതീവ്രമായ മഴ, പ്രളയങ്ങൾ, ഓഖി തുടങ്ങിയ പ്രകൃതി ദുരന്തങ്ങളിൽനിന്നും നോട്ട് നിരോധനം, ജി.എസ്.റ്റി. തുടങ്ങിയ കേന്ദ്ര സർക്കാർ സൃഷ്ടിച്ച സാമ്പത്തിക വിപത്തുകളിൽനിന്നും കേരളത്തിലെ സാധാരണ മനുഷ്യരെ മാത്രമല്ല, സംസ്ഥാനത്തെ ജനതയെയാകെ സംരക്ഷിക്കുന്നതിൽ ലോകത്തിനുതന്നെ

മാതൃകയായ എൽ.ഡി.എഫ്. സർക്കാരിനെയും അതിന് നേതൃത്വം നൽകുന്ന ബഹുമാന്യനായ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനേയും ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുന്നു. പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് കേരളത്തെ വികസിത രാജ്യങ്ങൾക്കൊപ്പം എത്തിക്കുകയെന്ന സ്വപ്നതുല്യമായ ലക്ഷ്യപ്രാപ്തിക്ക് ദിശാബോധം പകരുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഭാവനാസമ്പന്നവും ദീർഘവീക്ഷണത്തോടെയുള്ളതുമായ ഈ ബഡ്ജറ്റ് യഥാർത്ഥത്തിൽ നവകേരള സൃഷ്ടിക്കായുള്ള ഒരു വികസന രേഖയാണ്. ഈ സന്ദർഭത്തിൽ വയലാറിന്റെ പ്രസിദ്ധമായ 'അശ്വമേധ'-ത്തിലെ വരികൾ ഓർമ്മയിൽ വരികയാണ്. മറ്റൊരു സന്ദർഭത്തിൽ എഴുതിയതാണെങ്കിലും ഇവിടെ വളരെ പ്രസക്തമായി ഞാൻ കരുതുന്നു.

" ആരൊരാളെൻ കുതിരയെ കെട്ടുവാൻ

ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ ?" എന്നുതുടങ്ങുന്ന കവിതയിൽ

" നിങ്ങൾ കണ്ടോ ശിരസ്സുയർത്തിപ്പായു-

മെൻ കുതിരയെ, ചെമ്പൻ കുതിരയെ?

എന്തൊരുന്മേഷമാണതിൻ കൺകളിൽ

എന്തൊരുത്സാഹമാണതിൻ കാൽകളിൽ!" ഈ വരികൾ ഇന്നത്തെ എൽ.ഡി.എഫ്. സർക്കാരിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ച ശ്രീ. കെ. എൻ. ബാലഗോപാലിനും ഞാൻ ചാർത്തുകയാണ്. ഈ പ്രതിസന്ധി സമയത്ത് അത്യുൽസാഹത്തോടെയാണ് കേരളത്തെ മുന്നോട്ട് നയിക്കുന്നത്. അതുകൊണ്ടാണ് ബഡ്ജറ്റിനെതിരെ കാര്യമായി വിമർശനമുന്നയിക്കാൻ പ്രതിപക്ഷത്തിന് കഴിയാതെ പോയത്. യാഥാർത്ഥ്യബോധമില്ലാത്ത ബഡ്ജറ്റാണ് ഇതെന്നുള്ള പരാതി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചതായി മാധ്യമങ്ങളിലൂടെ കാണാൻ കഴിഞ്ഞു. ഇതൊരു പതിവ് വായ്ത്താരിയായി മാത്രമേ കാണക്കാക്കേണ്ടതുള്ളൂ. കിഫ്ബി വികസന തന്ത്രവും മിഷനുകളുടെ രൂപീകരണ ഘട്ടത്തിലും ഇതേ ആരോപണംതന്നെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷം ഇതിനുമുമ്പും ഉന്നയിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള സർക്കാരിന്റെ നയത്തിന് അനുസൃതമായി സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ടും സ്വകാര്യ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായവും സ്ഥല സൗകര്യവും നൽകുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ

പാർക്കുകൾ സ്ഥാപിക്കുവാനുള്ള തീരുമാനം സ്വാഗതാർഹമാണ്. അതുമായി ബന്ധപ്പെട്ട് ഈ ബഡ്ജറ്റിലെ ഖണ്ഡിക 52 മുതൽ 59 വരെയുള്ള ഖണ്ഡികകളിലെ പരാമർശങ്ങളെ (സമയച്ചുരുക്കംമൂലം ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല) ഞാൻ സ്വാഗതം ചെയ്യുകയാണ്. പദ്ധതികൾ നമുക്ക് കുറേക്കൂടി ഉൾപ്പെടുത്താനാകണം. അതിനുംകൂടി തുക വകയിരുത്താനാകണം. കൊച്ചിയിലെ പെട്രോ കെമിക്കൽ കോംപ്ലക്സ് ത്വരിതഗതിയിലാക്കണം. റോ മെറ്റീരിയൽ ലഭ്യമാക്കുന്നതിനുള്ള എല്ലാ സാധ്യതകളെയും ഉപയോഗിക്കാനാകണം. ഇന്ന് ഗുജറാത്തിലേയ്ക്കും അഹമ്മദാബാദിലേയ്ക്കുമാണ് റോ മെറ്റീരിയൽ കൂടുതൽ പോകുന്നത്. അതുപോലെ നാച്ചുറൽ ഗ്യാസ് അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്കും സ്ഥാപനങ്ങൾക്കും ഊന്നൽ നൽകണം. വളരെ വൈകാരികമായ സമരങ്ങൾ ക്ഷണിച്ചുവരുത്തിയ ഒരു കേന്ദ്ര പദ്ധതിയാണ്. 2025-ൽ പാചക ഗ്യാസ് എറണാകുളം, തൃശ്ശൂർ ജില്ലയിൽ വ്യാപകമായി ലഭ്യമാകുമെങ്കിലും പദ്ധതി പ്രദേശത്ത് സൗജന്യമായി കണക്ഷൻ നൽകാൻ കഴിയുമോയെന്ന് ആലോചിക്കണം. അതിനാവശ്യമായ സമ്മർദ്ദങ്ങൾ ചെലുത്തണം. അവരുടെ സി.എസ്.ആർ. ഫണ്ടെങ്കിലും ഉപയോഗിച്ച് പ്രസ്തുത മേഖലയിൽ സൗജന്യമായി അത് നൽകാൻ ശ്രമിക്കണം. എറണാകുളം ജില്ലയിലെ ഇലക്ട്രോണിക് പാർക്കിന്റെ

നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. അതുപോലെ ഇൻഡസ്ട്രിയൽ പോർട്ട് എന്നൊരു ആശയം ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ടല്ലോ. കടൽ അതിര് പങ്കിടുന്നൊരു മണ്ഡലമെന്നുള്ള നിലയിൽ എന്റെ മണ്ഡലമായ വൈപ്പിനിൽ ഇടവനക്കാടോ നായരമ്പലം ഭാഗത്തോ മാരിടൈം ബോർഡിന്റെ നിർവ്വഹണച്ചുമതല നൽകി ധാരാളം തൊഴിലവസരങ്ങളും കേരളത്തിന്റെ വ്യാപാര രംഗത്തെ സജീവമാക്കാനും സഹായിക്കുന്ന ഈ പദ്ധതിക്ക് തുക അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മൈനർ പോർട്ട് എന്ന നിലയിൽ  സംസ്ഥാന ഗവൺമെന്റിനുതന്നെ തീർച്ചയായും അത് നോട്ടിഫൈ ചെയ്യാൻ കഴിയും.

ബഡ്ജറ്റിൽ  അത്യാകർഷകമായി അനുഭവപ്പെട്ടത് ഗ്രാഫീൻ എന്ന പദാർത്ഥമാണ്. ഡോ. എൻ. ജയരാജ് ഇവിടെ പറയുകയുണ്ടായി. ഗ്രാഫീൻ എന്ന പദാർത്ഥത്തിന്റെ ഭാവി വിനിയോഗം സംബന്ധിച്ചുള്ളതാണ്. പ്രത്യേക ശ്രദ്ധനേടിയൊരു പ്രഖ്യാപനമാണ്. ഗ്രാഫീൻ ഗവേഷണ മേഖലയ്ക്ക് വേണ്ടിയുള്ള പ്രഖ്യാപനം കേരളത്തിന്റെ ഇലക്ട്രോണിക്സ് വ്യവസായം, അതുപോലെ നിർമ്മാണ മേഖലകളിൽ വിപ്ലവകരമായ പരിവർത്തനങ്ങൾ വരുത്താനിടയുള്ള നിർദ്ദേശം അഭിനന്ദനാർഹം തന്നെയാണ്.

എറണാകുളത്തെ ഏലൂർ എടയാർ ഐലൻഡിലെ പല പഴയ കമ്പനികളും ഇന്ന് പൂട്ടിപ്പോയി. എല്ലാ ഫെസിലിറ്റികളുമുള്ള സ്ഥലമാണ്. സ്ഥലം, വൈദ്യുതി, വെള്ളം, റോഡ്, റെയിൽ കണക്റ്റിവിറ്റി എന്നിവയെല്ലാമുണ്ട്. എല്ലാം ഈ മേഖലയിലുള്ളതാണ്. ഈ സ്ഥലത്തെ വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് ഊന്നൽ നൽകണം. വ്യവസായ ആവശ്യത്തിന് പഴയ കാലത്ത് മാറ്റിവയ്ക്കപ്പെട്ട ഏക്കർ കണക്കിന് ഭൂമികൾ വ്യവസായ ആവശ്യത്തിനുതന്നെ ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്യണം. ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണം. ഇന്ന് പല ചെറുകിട ഉൽപ്പന്നങ്ങളിലും ചൈനീസ് ഉൽപ്പന്നങ്ങളാണ് പ്രധാനമായും മാർക്കറ്റ് കയ്യടക്കുന്നത്.

കാർഷിക മേഖലയിൽ നാം വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. നെല്ലുൽപ്പാദനത്തിന് നാം പ്രാധാന്യവും നൽകുന്നുണ്ട്. ഇവിടെ ശ്രദ്ധിക്കേണ്ടൊരു കാര്യം, തൃശ്ശൂർ, ആലപ്പുഴ, എറണാകുളം ജില്ലകളിലെ പ്രത്യേകിച്ച് എന്റെ മണ്ഡലമായ വൈപ്പിൻ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ മണ്ഡലമായ പറവൂർ ഭാഗത്ത് ഉൾപ്പെടെ നിലനിൽക്കുന്ന പൊക്കാളി കൃഷി പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കണം. അതുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കണം.

സാങ്കേതികവിദ്യയിൽ കാലാനുസൃതമായ മാറ്റം വരണം. ഈ മൂന്ന് ജില്ലകളിലുള്ള കൃഷി രീതിയാണ് പൊക്കാളി എന്നുള്ളതുകൊണ്ടുതന്നെ അതിനാവശ്യമായ കാലാനുസൃതമായ സാങ്കേതികവിദ്യയിൽ, അതിന്റെ ഉപകരണങ്ങളിൽ കാര്യമായ മാറ്റങ്ങൾ വരുന്നില്ല. കാംകോ (കേരളാ അഗ്രോ മെഷീനറി കോർപ്പറേഷൻ)യുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് നമുക്ക് ആ മേഖലയിൽ ഇടപെടാൻ കഴിയണം. സ്വകാര്യ കമ്പനികളാണ് ഇന്ന് ഇത്തരം ഉപകരണങ്ങളുടെ മേഖലയിൽ പ്രധാനമായും പ്രവർത്തിക്കുന്നത്. അതുപോലെ മത്സ്യമേഖലയിൽ വ്യവസായ വകുപ്പിന് കീഴിലുള്ള 10 സംസ്കരണ യൂണിറ്റുകളുടെ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അതിലൊന്ന് വൈപ്പിനിൽ സ്ഥാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 5 കോടി രൂപ മുതൽമുടക്കിൽ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിന്റെ 5 സ്ഥലങ്ങളിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതി വേഗത്തിലാക്കണം. എളങ്കുന്നപ്പുഴയിൽ നിർദ്ദേശിച്ചിട്ടുള്ള ഈ നിർദ്ദിഷ്ട പദ്ധതിയും ഊർജ്ജിതമാക്കണം. 50 കോടി രൂപയുടെ മുനമ്പം ഫുഡ് പാർക്ക് കേന്ദ്രാവിഷ്കൃത പദ്ധതികളിലൊന്നാണ്. കേന്ദ്രത്തിന്റെ സഹായത്തോടെയുള്ള പദ്ധതിയാണിത്. അതും എത്രയുംവേഗം നടപ്പാക്കാൻ കഴിയണം.

കൊച്ചി മണ്ഡലത്തിന്റെ ഭാഗമായ ചെല്ലാനം തീരദേശത്തെ ഏറ്റവും പ്രധാനപ്പെട്ടതാണ്. തീരദേശത്തുള്ള പ്രധാനപ്പെട്ട ഹോട്ട്സ്പോട്ടുകൾ അടങ്ങുന്നൊരു പ്രദേശമാണ് വൈപ്പിൻ എന്നത് പലപ്പോഴും കണക്കിലെടുക്കുന്നതിൽ ചില പരിമിതികളുണ്ട്. ചെല്ലാനം മോഡൽ ഒരു മത്സ്യഗ്രാമമായി വൈപ്പിൻ മേഖലയിലെ ഗ്രാമങ്ങളെ പ്രഖ്യാപിച്ച് ആവശ്യമായ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ബഡ്ജറ്റിൽ തുക വകകൊള്ളിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അവിടെ നടക്കുന്ന വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ടെട്രോപോഡ് ഉപയോഗിക്കുമ്പോൾ ജിയോ ടെക്സ്റ്റയിൽ ട്യൂബിനായി മാറ്റി വയ്ക്കപ്പെട്ട 8 കോടി രൂപ സ്ഥലം മാറ്റി വിനിയോഗിക്കാനുള്ള അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. മത്സ്യസമ്പത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ സൃഷ്ടിക്കുന്നതിന് കുറെക്കൂടി പ്രാധാന്യം നൽകണം. കാർഷിക പ്രാധാന്യമായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് നൽകിയ പ്രാധാന്യംപോലെ അത് നൽകണം. വൈപ്പിൻ മണ്ഡലം ഉൾപ്പെടെയുള്ള തീരദേശ മണ്ഡലങ്ങളിലെ പ്രാദേശിക സമ്പദ് വ്യവസ്ഥയിൽ അത് വൻതോതിലുള്ള ഉണർവ്വുണ്ടാക്കും. വരുമാനത്തിൽ ഗണ്യമായ വർദ്ധനവും സൃഷ്ടിക്കാനാകും. തീരദേശ റോഡ് 2600 കോടി രൂപയുടെ കിഫ്ബി പദ്ധതിയാണ്. അത് സമയബന്ധിതമായി

പൂർത്തീകരിക്കാൻ കഴിയണം. ഫോർട്ടുകൊച്ചിയിലെത്തിച്ചേർന്ന് വൈപ്പിനിലേയ്ക്ക് വരുമ്പോൾ ഫോർട്ടുകൊച്ചി അഴിമുഖമാണ്. അവിടെ പാലം നിർമ്മിക്കാൻ കഴിയില്ല. അതുകൊണ്ട് ലോകത്തിന്റെ ചില ഭാഗങ്ങളിലെല്ലാമുള്ളതുപോലെ കടലിന് അടിയിലൂടെ ഒരു റോഡ് നിർമ്മിക്കുന്നതിനാവശ്യമായ പുതിയൊരു രീതി അവിടെ നമുക്ക് ആവിഷ്കരിക്കാൻ കഴിയണം. വൈപ്പിനിൽ കായൽ റോഡ് എന്നുള്ള ആശയം ഞാൻ മുന്നോട്ടു വയ്ക്കുകയാണ്. അധികം റോഡുകളും പശ്ചാത്തല സൗകര്യങ്ങളുമില്ലാത്തതുകൊണ്ട് പുതിയ ഒരു കായൽ റോഡിനുള്ള പ്രൊപ്പോസൽ തയ്യാറാക്കണം. എറണാകുളം ജില്ലയിലെ കൊച്ചിയെ നന്നായി തലോടിയ ഒരു ബഡ്ജറ്റാണിത്. അതിന് ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കൊച്ചിയുടെ ഭാവി വികസനത്തിൽ നിർണ്ണായകമായ സ്വാധീനം അത് ചെലുത്തുമെന്ന് നമുക്കറിയാം. കൊച്ചിയിൽ ജീവിക്കുകയും കേരളത്തിന്റെ ആദ്യത്തെ നിയമ വകുപ്പുമന്ത്രിയാകുകയും നീതിപീഠത്തിന്റെ മേഖലകളിൽ വിധിന്യായത്തിലൂടെ വലിയ സംഭാവനകൾ നൽകുകയും ചെയ്ത വ്യക്തിത്വമാണ് ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ. അദ്ദേഹം ജീവിതാന്ത്യം വരെ താമസിച്ചിരുന്ന വീടും സ്ഥലവും സർക്കാർ ഏറ്റെടുത്ത് ഒരു സ്മാരകമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിനാവശ്യമായ

നിവേദനങ്ങളെല്ലാം സർക്കാരിന്റെ പരിഗണനയിലുണ്ടെന്നാണ് ഞാൻ കരുതുന്നത്. അതനുസരിച്ച് ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രതികരണം ഞാൻ പ്രതീക്ഷിക്കുകയുമാണ്. പശ്ചാത്തല സൗകര്യങ്ങളുടെ മേഖലയിൽ ഗോശ്രീ പാലങ്ങൾക്ക് സമാന്തരമായ പാലം വേണം. വൈപ്പിൻകരയേയും എറണാകുളത്തെയും ബന്ധിപ്പിക്കുന്നതിന്റെ ആധുനിക ചരിത്രം ആരംഭിച്ചിട്ട് 27 കൊല്ലമായി. തീരദേശറോഡും മുനമ്പം അഴീക്കോട് പാലവും വരുമ്പോൾ വളരെ തിരക്കേറിയ സ്ഥലമായിമാറും. വല്ലാർപാടത്ത് ഐ.സി.ടി.ടി.-യുടെ പ്രവർത്തനങ്ങൾകൂടി സജീവമാകുമ്പോൾ വലിയ യാത്രാക്ലേശം അനുഭവിക്കും. അതിനാൽ നിലവിലുള്ള ഗോശ്രീപാലങ്ങൾക്ക് സമാന്തരമായി അവിടെ പുതിയ പാലങ്ങൾകൂടി വരണം. അതിന് ആവശ്യമായ തുക അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പരിസ്ഥിതി സൗഹൃദ കേരളത്തെക്കുറിച്ച് ബഡ്ജറ്റിൽ നന്നായി പ്രതിപാദിക്കുന്നുണ്ട്. കാർബൺ ബഹിർഗമന നിരക്ക് 2050-ഓടെ പൂജ്യത്തിൽ എത്തിക്കുകയെന്ന നിലപാടാണ് അതിൽ ഉയർത്തിപ്പിടിച്ചിട്ടുള്ളത്. അതിന് സഹായിക്കുന്ന പൊക്കാളികൃഷിക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം. അതിന് ആവശ്യമുള്ള കേന്ദ്ര പദ്ധതികളെ നന്നായി നമുക്ക് ഉപയോഗിക്കാൻ കഴിയണം. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സി.എസ്.ആർ.

ഫണ്ടുകൾ ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള കാര്യങ്ങൾ സ്വീകരിക്കണം. ഇതുമായി ബന്ധപ്പെട്ട് വൈപ്പിൻകരയിലെ മത്സ്യസമ്പത്തിനേയും അതുപോലെതന്നെ നീരൊഴുക്കിനെയും സുഗമമാക്കുന്ന പ്രോജക്ടാണ് വീരൻപുഴ ഡ്രഡ്ജിംഗ്. നബാർഡിന്റെ സഹായത്തോടുകൂടി ഏറ്റെടുത്തിട്ടുള്ള പദ്ധതിയിൽ 36 കോടി രൂപ ലാപ്സാകാൻ പോകുന്ന ഒരു ഘട്ടത്തിലാണ്. പരിസ്ഥിതി മേഖലകളെന്ന നിലയിൽ ആ കാര്യങ്ങളിൽ ഇടപെടണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. ഈ ബഡ്ജറ്റ് കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ പരിമിതികൾക്കകത്ത് നിന്നുകൊണ്ടാണ് തയ്യാറാക്കിയിട്ടുള്ളത്. കേന്ദ്ര സർക്കാർ പലതരത്തിലും നമ്മുടെ വിഭവങ്ങളെ കൊള്ളയടിക്കുകയും നമുക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കാതിരിക്കുകയും ചെയ്യുമ്പോൾ വളരെ ഭാവനാ സമ്പന്നതയോടെ, ദീർഘവീക്ഷണത്തോടെ ഇതുപോലെയുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിച്ചതിന് ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കേന്ദ്രഗവൺമെന്റ് കൂടുതൽ അമിതാധികാര പ്രവണതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സമ്പത്ത് കവർന്നെടുക്കുന്നുവെന്ന് മാത്രമല്ല നമ്മുടെ ഫെഡറൽ സങ്കല്പങ്ങളെയെല്ലാം തകരാറിലാക്കിക്കൊണ്ടിരിക്കുകയാണ്. തീർച്ചയായും കേന്ദ്രഗവൺമെന്റിന്റെ

ഈ തെറ്റായ നയങ്ങൾക്കെതിരായി വലിയ പ്രക്ഷോഭങ്ങളും സമരങ്ങളും ഈ രാജ്യത്ത് ഉയർന്നുവരണം. നിർഭാഗ്യവശാൽ അതിനെ ദുർബലപ്പെടുത്തുന്ന നിലപാടാണ് രാഷ്ട്രീയമായി കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങൾ സ്വീകരിക്കുന്നത്. തെരഞ്ഞെടുപ്പുകളിൽ തന്നെ ഉത്തരപ്രദേശിൽ നടന്ന തെരഞ്ഞെടുപ്പിനെക്കുറിച്ച് നമുക്കറിയാം. അവിടുത്തെ പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടിയായ സമാജ്‌വാദി പാർട്ടിയുമായി ഐക്യത്തിൽ ഏർപ്പെടാനോ ബി.ജെ.പി. വിരുദ്ധ വോട്ടുകൾ ഛിന്നഭിന്നമാകാതെ ഒരുമിപ്പിച്ചുനിർത്താനോ ഉള്ള സമീപനത്തിനുപകരം അവർക്കെതിരായി എല്ലാ സീറ്റുകളിലും മത്സരിച്ച് ദയനീയമായി പരാജയപ്പെടുന്ന സ്ഥിതിയാണുണ്ടായത്. പ്രതിപക്ഷത്തെ ദുർബലപ്പെടുത്തുന്ന, ബി.ജെ.പി.-യെ സഹായിക്കുന്ന ഈ നിലപാടുകളിൽനിന്ന് കോൺഗ്രസ് പിന്തിരിയണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുന്നതായി പ്രഖ്യാപിക്കുന്നു. നന്ദി.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. കേരളത്തിലെ പരമ്പരാഗത

മേഖലകളായ കശുവണ്ടി, കയർ, മത്സ്യബന്ധനം തുടങ്ങിയ മേഖലകൾക്ക് കോടിക്കണക്കിന് രൂപയുടെ പ്രഖ്യാപനമാണ് ഇവിടെ നടത്തിയിട്ടുള്ളത്. വ്യവസായ മുന്നേറ്റത്തിന് കേരളം കളം ഒരുങ്ങുകയാണ്. നിരവധി വ്യവസായ പാർക്കുകൾ കേരളത്തിലെ പതിനാല് ജില്ലകളിലും ഉണ്ടാകാൻ പോകുകയാണ്. ഐക്യജനാധിപത്യമുന്നണി ഭരണം നടത്തിക്കൊണ്ടിരുന്നപ്പോൾ ഒരോ വർഷവും അഞ്ച് വർഷത്തേയ്ക്കുള്ള ബഡ്ജറ്റായിരുന്നു അവതരിപ്പിച്ചിരുന്നതെങ്കിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഇരുപത്തിയഞ്ച് വർഷത്തേയ്ക്ക് മുന്നോട്ടുള്ള കാഴ്ചപ്പാടോടുകൂടിയാണ് സാമ്പത്തിക വിദഗ്ദ്ധൻപോലുമല്ലാത്ത കർഷക നേതാവ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. അദ്ദേഹത്തിന് ഡോക്ടറേറ്റ് നൽകണമെന്നാണ് എന്റെ അഭിപ്രായം. സാമ്പത്തിക വിദഗ്ദ്ധൻ അവതരിപ്പിക്കുന്നതുപോലെതന്നെയാണ് ധനകാര്യ വകുപ്പുമന്ത്രി പൂർണ്ണമായൊരു ബഡ്ജറ്റ് കേരള നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് ഭൂമിയില്ലാത്ത/വീടില്ലാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. എസ്.സി./എസ്.ടി. മേഖലയ്ക്ക് 1,935 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുന്നത്. പ്രത്യേകിച്ച് കൊല്ലം

ജില്ലയ്ക്ക് വാരികോരി കൊടുത്തു. കൊല്ലം ജില്ലക്കാരനെന്ന നിലയിൽ അങ്ങയെ ഞാൻ പ്രശംസിക്കുകയാണ്. കൊല്ലത്തെ കശുവണ്ടി മേഖല പൂർണ്ണമായും നടപ്പിലാക്കുന്നതിന് അടഞ്ഞുകിടക്കുന്ന മുഴുവൻ കശുവണ്ടി ഫാക്ടറികളും തുറന്നുപ്രവർത്തിപ്പിക്കണം. അത് എന്റെ ഒരു നിർദ്ദേശം കൂടിയാണ്. അത് തുറന്നുപ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ബഡ്ജറ്റ് വിഹിതം ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിൽ കാണാൻ സാധിക്കുകയാണ്. തൊഴിൽ വിജ്ഞാന മേഖലയിൽ പുതിയൊരു ദിശാബോധം കണ്ടെത്തിയ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. ആരോഗ്യ മേഖലയിൽ ഇന്ത്യയിൽ ഏറ്റവും വിപ്ലവകരമായ മാറ്റം ഈ കൊച്ചു സംസ്ഥാനത്ത് നടക്കുകയാണ്. 2,629 കോടി രൂപ ആരോഗ്യ മേഖലയ്ക്കുമാത്രമായി മാറ്റിവച്ചിരിക്കുകയാണ്. കോവിഡ് കാലഘട്ടത്തിൽ ഇന്ത്യയിൽ ഏറ്റവും നല്ല പ്രവർത്തനം നടത്തിയ ഏക സംസ്ഥാനമാണ് കേരളം. കേരളത്തിലെ മുഴുവൻ ജനങ്ങളും ഐക്യത്തോടും കൂട്ടായ്മയോടുംകൂടി പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് കേരള സംസ്ഥാനത്ത് കോവിഡ് ലഘൂകരിക്കുവാൻ കഴിഞ്ഞത്. വിദ്യാഭ്യാസ മേഖല, കേരളത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഇടതുപക്ഷ ജനാധിപത്യ മുന്നണി നടപ്പിലാക്കിയപ്പോൾ, കേരളത്തിലെ എൽ.പി. തലംമുതൽ

ഹയർസെക്കണ്ടറി തലംവരെയുള്ള  എല്ലാ സ്കൂളുകളും മെച്ചപ്പെട്ടുവരികയാണ്. ഭരണ-പ്രതിപക്ഷ അംഗങ്ങൾക്കും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി നൽകി. വിദ്യാഭ്യാസ മേഖലയിൽ ഉന്നതമായ ഉയരത്തിലേയ്ക്ക് നമ്മുടെ നാട് പോകുന്നതിനുവേണ്ടി ആ മേഖലയ്ക്ക് 2,546 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുന്നത്. ഭിന്നശേഷി സൗഹൃദ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി 15  കോടി രൂപ ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുന്നു. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് 342 കോടി രൂപയും ഹരിത കാമ്പസിന് 5 കോടി രൂപയും കൊല്ലത്ത് ശ്രീനാരായണ ഗുരുദേവന്റെ നാമധേയത്തിലുള്ള ഓപ്പൺ യൂണിവേഴ്സിറ്റിക്ക് 7 കോടി രൂപയുമാണ് മാറ്റിവച്ചിരിക്കുന്നത്. എഞ്ചിനീയറിംഗ് കോളേജുകൾക്ക് 37 കോടി രൂപയും പോളി ടെക്നിക്കുകൾക്ക് 42 കോടി രൂപയും കാർഷിക മേഖലയിൽ വിപ്ലവകരമായ മാറ്റം നടത്തുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. നെല്ലിന്റെ താങ്ങുവില, ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളം ഭരിക്കുമ്പോൾ നെൽകർഷകർക്ക് വലിയ ആശ്വാസമാണ് നൽകിക്കൊണ്ടിരിക്കുന്നത്. നെല്ലിന്റെ താങ്ങുവില 28.20 രൂപയായി

വർദ്ധിപ്പിച്ചു. നെൽകൃഷി വികസനത്തിനുവേണ്ടി 76 കോടി രൂപയും 10 ജില്ലകളിൽ മിനി ഫുഡ് പാർക്കിനുവേണ്ടി 100 കോടി രൂപയും വിലക്കയറ്റം തടയാൻ 2000 കോടി രൂപയും കേരളത്തിലെ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി 263 കോടി രൂപയുമാണ് മാറ്റിവച്ചിരിക്കുന്നത്. ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ജെ.ജെ.എം. പ്രോജക്ട് ഇന്ത്യയിൽ ഏറ്റവും നന്നായി നടത്തുന്നത് കൊച്ചുകേരളത്തിൽ മാത്രമാണ്. സംസ്ഥാന ഗവൺമെന്റ് ഇടേണ്ടുന്ന മുഴുവൻ വിഹിതവുമിട്ട് എല്ലാ പഞ്ചായത്തിലും നടപ്പിലാക്കി വരുകയാണ്. അതിലുപരിയായി കുടിവെള്ള പദ്ധതിക്കുവേണ്ടി 1405 കോടി രൂപയാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി മാറ്റിവച്ചിട്ടുള്ളത്. ഇന്ത്യയിൽ അഭിമാനിക്കാൻ കഴിയുന്നത് സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളാണ്. സ്ത്രീ ശാക്തീകരണ പ്രവർത്തനത്തിന്റെ ഭാഗമെന്ന നിലയിൽ കുടുംബശ്രീക്ക് 500 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. ഒരു കാലഘട്ടത്തിൽ അങ്കണവാടി കുട്ടികൾക്ക് മുട്ടയും ബിസ്കറ്റും പാലും കൊടുത്തിരുന്നു. അത് പഴയകാലം. എന്നാൽ പിന്നെ ഇതുവരെയും ആരും അങ്കണവാടി കുട്ടികളെ ശ്രദ്ധിച്ചിരുന്നില്ല. അങ്കണവാടി കുട്ടികൾക്ക് ആഴ്ചയിൽ രണ്ടുദിവസം മുട്ടയും പാലും കൊടുക്കണമെന്ന് ഈ ഗവൺമെന്റ് തീരുമാനിച്ചു. അടിസ്ഥാന വിദ്യാഭ്യാസം ലഭിക്കുന്നത്

അവിടെനിന്നാണ്. കേരളത്തിലെ കുട്ടികൾക്ക് ക്വാളിറ്റി എഡ്യൂക്കേഷൻ ഉണ്ടാകണമെന്ന് ആഗ്രഹിച്ചുകൊണ്ടുതന്നെയാണ് അവർക്ക് പോഷകാഹാരമുൾപ്പെടെ കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. എല്ലാ അസംബ്ലി മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന റേഷൻ കട, പൊതുവിതരണ മേഖലയിൽ ഇ-പോസ് സംവിധാനം നടപ്പാക്കിയശേഷം റേഷൻകടകളെല്ലാം നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഹോസ്റ്റലുകളിൽ പഠിക്കുന്ന പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്ക് അനുവദിച്ചിരുന്ന മെസ് അലവൻസ് വളരെ തുച്ഛമായിരുന്നു. അവരുടെ മെസ് അലവൻസ് ഇപ്പോൾ വർദ്ധിപ്പിച്ചു. അത് വളരെ നന്നായിയെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ഇനിയും കുറച്ചുകാര്യങ്ങൾകൂടി ആ മേഖലയിൽ നടപ്പിലാക്കേണ്ടതുണ്ട്. അതുപോലെ, കോവിഡ് കാലഘട്ടത്തിൽ ആരോഗ്യമേഖലയിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവച്ചത് ആശാ വർക്കർമാരാണ്. ഓരോ വീടുകളിലും പോയി നല്ല നിലയിലുള്ള പ്രവർത്തനം കാഴ്ചവച്ച ആശാ വർക്കർമാർമാരുടെയും അങ്കണവാടി ജീവനക്കാരുടെയും ഓണറേറിയം വർദ്ധിപ്പിക്കണമെന്ന ഒരു നിർദ്ദേശം ഈ അവസരത്തിൽ എനിക്ക് മുന്നോട്ടുവയ്ക്കാനുണ്ട്. ശാസ്താംകോട്ട തടാകത്തിനും അഷ്ടമുടി കായലിന്റെ സംരക്ഷണത്തിനും വേണ്ടി നല്ല തുക

മാറ്റിവച്ചു. അഷ്ടമുടി കായലിന്റെ സംരക്ഷണത്തിനുവേണ്ടി 20 കോടി രൂപ, അതിനേക്കാൾ വിസ്തൃതിയുള്ള, മൂന്ന് പഞ്ചായത്തിന്റെ ക്യാച്മെന്റ് ഏരിയയിലുള്ള ശാസ്താംകോട്ട തടാകം സംരക്ഷിക്കുന്നതിനുവേണ്ടി ഒരു കോടി രൂപ മാത്രമാണ് മാറ്റിവച്ചിരിക്കുന്നത്. അതിനുവേണ്ട തുക വർദ്ധിപ്പിക്കണം. ആദ്യമായാണ് ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണത്തിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിരിക്കുന്നത്. ശാസ്താംകോട്ട തടാകം സംരക്ഷിക്കുന്നതിന് കുറച്ചുതുക കൂടി അനുവദിക്കണമെന്ന് മാത്രമല്ല, അവിടെ ഒരു മോണിറ്ററിംഗ് സംവിധാനമുണ്ടാകണം. ഞാൻ സംസാരിക്കുന്നത് നമ്മുടെ നാടിനുവേണ്ടി, വളർന്നുവരുന്ന തലമുറയ്ക്കുവേണ്ടിയാണ്. രക്തത്തിന് രക്തം തന്നെവേണം. അതുപോലെ വെള്ളത്തിന് വെള്ളവും വേണം. ഇത് എന്റെ ഒരു അപേക്ഷയാണ്. ശാസ്താംകോട്ട തടാകം സംരക്ഷിക്കേണ്ടത് നമ്മുടെയെല്ലാം ബാധ്യതയാണ്. കേരളത്തിലെ ശുദ്ധജല തടാകമെന്ന് അറിയപ്പെടുന്ന, ലോകത്തിലെതന്നെ ഏറ്റവും സുന്ദര തടാകമാണത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്.......യെസ്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>:സർ, ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഇവിടെ കെ-റെയിലുമായി ബന്ധപ്പെട്ട് നടന്ന

ചർച്ചയിൽ പങ്കെടുക്കാൻ എനിക്ക് സാധിച്ചില്ല. കെ-റെയിലുമായി ബന്ധപ്പെട്ട് ആശങ്കയും ഉത്കണ്ഠയും ഇപ്പോൾ കേരളത്തിലെ ജനങ്ങിലേയ്ക്ക് കുത്തിനിറച്ചുകൊണ്ടിരിക്കുകയാണ് യു.ഡി.എഫ്. എന്തുവില കൊടുത്തും കെ-റെയിൽ പദ്ധതി കേരളത്തിൽ നടപ്പിലാക്കണം. നാടിന്റെ സ്വപ്നപദ്ധതിയാണിത്. രണ്ടുവർഷങ്ങൾക്കുമുമ്പ് ഞാൻ ചൈനയിൽ പോയപ്പോൾ അവിടത്തെ ട്രെയിനിൽ കയറി, എത്ര വേഗത്തിലാണ് ഒരു സ്ഥലത്തുനിന്നും മറ്റൊരുസ്ഥലത്ത് എത്താൻ കഴിയുന്നത്. ആ പാരമ്പര്യം കേരളത്തിൽ വേണ്ടേ? ഇന്ത്യയിൽ ഏറ്റവും വികസിച്ചുനിൽക്കുന്ന സംസ്ഥാനമാണ് കേരളം. ലോകത്തിന്റെ നെറുകയിൽ ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തിയ നാടാണ് കൊച്ചുകേരളം. കോൺഗ്രസ്സുകാർ രാജ്യം ഭരിക്കാൻ വന്നവരാണ്. അവർ രാജ്യം ഭരിച്ചവരാണ്. 25 സംസ്ഥാനങ്ങളിൽ ഒറ്റയ്ക്ക് ഭരിച്ച പാർട്ടിയായിരുന്നു കോൺഗ്രസ്. ഇപ്പോൾ കോൺഗ്രസ് എവിടെയാണ്? കയ്യിലുണ്ടായിരുന്ന പഞ്ചാബും പോയി. യു.പി. ആയിരുന്നല്ലോ അവരുടെ തട്ടകം; എത്രപേരെയാണ് അവർക്ക് ജയിപ്പിക്കാനായത്? വെറും രണ്ടുപേരെയാണ് അവർക്ക് ജയിപ്പിക്കാൻ കഴിഞ്ഞത്. അവരാണ് ഇനി രാജ്യം ഭരിക്കാൻ വന്നിരിക്കുന്നത്. സംസ്ഥാനം ഭരിക്കാൻ കഴിയാത്തവർ രാജ്യഭരണവും രാജ്യസേവനവും പറഞ്ഞ്

വരികയാണ്. അതുകൊണ്ട് കോൺഗ്രസ് ഉമ്മാക്കി കാണിച്ച്, യു.ഡി.എഫ്. ഉമ്മാക്കി കാണിച്ച് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ തകർക്കാൻ ശ്രമിച്ചാൽ കേരളത്തിലെ ജനങ്ങൾ അത് അംഗീകരിക്കില്ല. ഈ നാടിന്റെ സ്വപ്ന പദ്ധതികൾക്കെല്ലാം എല്ലാ വിധമായ സഹായവും ഇടതുപക്ഷ ജനാധിപത്യമുന്നണി ചെയ്യും. തിരുവനന്തപുരത്തുനിന്ന് കാസർഗോഡ് എത്താൻ വെറും നാല് മണിക്കൂർ മതി. ഇപ്പോൾ എത്ര മണിക്കൂറാണ് വേണ്ടത്? പത്ത് മണിക്കൂറും നാൽപ്പത്തിയെട്ട് മിനിറ്റും വേണം. അതുകൊണ്ട് കെ-റെയിൽ പദ്ധതി കേരള സംസ്ഥാനത്ത് നടപ്പിലാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ പ്രസംഗം ചുരുക്കണം.. പ്ലീസ്.....

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മറ്റെല്ലാ മന്ത്രിമാരും ഈ നാടിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി മത്സരിച്ചുള്ള ഭരണമാണ് നടത്തുന്നത്. കേരളത്തെ ഏറ്റവും മുൻനിരയിലേയ്ക്ക് കൊണ്ടുവരാൻ, ലോകത്തിലെ ഏറ്റവും നല്ല സംസ്ഥാനമായി കേരളത്തെ മാറ്റാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി കാഴ്ചവയ്ക്കുന്ന ഈ നല്ല പ്രവർത്തനങ്ങൾക്ക് എല്ലാവിധ അനുമോദനങ്ങളും ആശംസകളും ഈ അവസരത്തിൽ

രേഖപ്പെടുത്തിക്കൊണ്ട്, ഈ ബഡ്ജറ്റിനെ പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ്: സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ അഭിമാനപൂർവ്വം പിന്തുണയ്ക്കുന്നു. ഇന്ന് മഹാനായ കാൾ മാർക്സിന്റെ ഓർമ്മദിനമാണ്.

"കിഴക്കുനിന്നല്ല സൂര്യൻ തെക്കുനിന്നുമല്ല സൂര്യൻ

ഉള്ളിൽനിന്നും വന്നുയർന്ന് പൊന്തിവന്നുദിക്കണം"

മഹത്തായ മാർക്സിസമെന്ന ആശയത്തെക്കുറിച്ച് എന്റെ നാട്ടുകാരനായ കവി ശ്രീ. മുരുകൻ കാട്ടാക്കട പാടിയതാണ്. മാർക്സിസമെന്ന ആശയത്തെ ആധാരബിന്ദുവാക്കിയാണ് ഐക്യകേരള സംസ്ഥാനം ചലിച്ചുതുടങ്ങിയത്. മാർക്സ് തന്നെ പറയുന്നുണ്ട്, ചിലർ പ്രപഞ്ചത്തെ വ്യാഖ്യാനിക്കും, നമുക്ക് പ്രപഞ്ചത്തെ മാറ്റിത്തീർക്കാം. കാലത്തെയും സമൂഹത്തെയും മാറ്റിത്തീർക്കാനുള്ള കമ്മ്യൂണിസ്റ്റുകാരന്റെ ഇച്ഛാശക്തിയാണ് ഐക്യ കേരള സംസ്ഥാനത്തിന്റെ രൂപീകരണം മുതൽ നമ്മൾ കണ്ടത്. ഭൂപരിഷ്കരണം, പൊതുവിതരണം, പൊതുവിദ്യാഭ്യാസം ഈ മേഖലകളിലെല്ലാം തുടക്കം കുറിച്ചത് കമ്മ്യൂണിസ്റ്റുകാരായിരുന്നു. ഇന്നിപ്പോൾ കാൽനൂറ്റാണ്ട് പിന്നിടുന്ന

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് ബീജാവാപം കുറിച്ചതും 1957-ൽ ഭരണപരിഷ്കാര കമ്മീഷന്റെ ചെയർമാനായിരുന്ന സഖാവ് ഇ.എം.എസ്. ആയിരുന്നു. നമുക്കെല്ലാം അറിയുന്നതുപോലെ, 13-ാം പഞ്ചവത്സര പദ്ധതിയിലെ അവസാന ധനകാര്യ വർഷത്തെ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. 13-ാം പഞ്ചവത്സര പദ്ധതിക്കാലം ഓർത്താൽ ഒരു കിടിലം മാത്രം ഉള്ളത്തിൽ ബാക്കിയാകുന്ന ഭീതി നിറഞ്ഞൊരു കാലമായിരുന്നു. വരൾച്ചയും പ്രളയവുമെല്ലാം വന്ന് നമ്മുടെ നാടിനെ വരിഞ്ഞുമുറുക്കി. ആ കെട്ട കാലത്തുനിന്നും ആനന്ദത്തിന്റെ കാലത്തേയ്ക്ക് നമ്മൾ തിരിച്ചുപോകാൻ തുടങ്ങുന്നെന്ന സൂചനകൾ തന്ന കാലത്താണ് ഈ ബഡ്ജറ്റ് അവതരിപ്പിക്കപ്പെടുന്നത്. ഇന്ത്യ എന്ന ലോകത്തിന്റെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തെ ഫെഡറൽ റിപ്പബ്ലിക്കിലെ ഒരു സംസ്ഥാനമാണ് കേരളം. എന്നാൽ ഫെഡറൽ തത്ത്വങ്ങളെയാകെ പകയോടെ, പ്രതികാരബുദ്ധിയോടുകൂടി പിച്ചിച്ചീന്തി ഒരു സംസ്ഥാനത്തിനെതിരായി രാഷ്ട്രീയകാരണങ്ങളാൽ നീങ്ങുന്ന കേന്ദ്രഭരണകൂടത്തിന്റെ ഇരകൾ കൂടിയായി നമ്മൾ മാറുകയാണെന്ന് നാം തിരിച്ചറിയണം. കേരളത്തിന് ജനസംഖ്യാനുപാതികമായി ലഭിക്കേണ്ടിയിരുന്ന വിഹിതത്തിന്റെ നേർപകുതിയാണ് ഇത്തവണ അനുവദിച്ചത്. 1.93 ശതമാനം. 2022 ജൂൺ

30-നശേഷം ജി.എസ്.ടി. വിഹിതം നല്കില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. ഭക്ഷ്യ സബ്സിഡിയിൽ 61.8 ശതമാനമാണ് കുറവ് വരുത്തിയിരിക്കുന്നത്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ 34.5 ശതമാനം കുറവ്. ഇത്തരത്തിലൊരു സമീപനം ഈ സംസ്ഥാനത്തോട് സ്വീകരിച്ചിരിക്കുകയാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കോവിഡ് കാലത്ത് കേരളം അഭിമുഖീകരിക്കേണ്ടിവന്നത് വലിയ വൈതരണിയായിരുന്നു. കാരണം ഇന്ത്യയുടെ ദേശീയ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 382 ആണ്. കേരളത്തിലെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 860 ആണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ജനസാന്ദ്രത ഏറെയുള്ള കേരളം സാമൂഹ്യ അകലം പാലിച്ച് കോവിഡിനെ പ്രതിരോധിക്കാൻ നിർബന്ധിതമായി. ലോകത്തിന് മാതൃകയായി ആ പ്രതിസന്ധിയെ മറികടക്കാൻ നമുക്ക് കഴിഞ്ഞു. നമുക്കെപ്പോഴും ആവേശമായും പ്രചോദനമായും നിന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കുകളായിരുന്നു. ഏത് പ്രതിസന്ധിയുടെ കാലത്തും ഒരു സാധ്യത ഒളിച്ചിരിപ്പുണ്ട്. പ്രതിസന്ധിയെ സാധ്യതയാക്കി മാറ്റാനുള്ള ഇച്ഛാശക്തിയോടുകൂടി കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞതുകൊണ്ടാണ് നമുക്ക്

അതിജീവിക്കാനാകുന്നത്. ഈ പ്രതിസന്ധിയുടെ കാലത്തും കേരളം മുന്നോട്ടുവയ്ക്കുന്ന സന്ദേശമെന്താണ്? രാജ്യത്ത് അതീവ ദരിദ്രരില്ലാത്ത ആദ്യ സംസ്ഥാനമായി കേരളം മാറാൻ പോകുകയാണ്. 64000-ത്തിലധികം വരുന്ന അതീവ ദരിദ്രരെ കണ്ടെത്തി അവരെ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരാനുള്ള ഇച്ഛാശക്തി ഈ ഗവൺമെന്റ് പ്രകടമാക്കുകയാണ്. പട്ടികജാതി വിഭാഗങ്ങളുടെ സമഗ്ര വികസനത്തിന് 1935.38 കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്. ഗോത്രവർഗ്ഗങ്ങളുടെ സമഗ്രവികസനത്തിന് 735.86 കോടി രൂപ. ഗോത്രമേഖലയിലെ സ്ത്രീകൾക്കും കുട്ടികൾക്കും ഭക്ഷ്യസുരക്ഷയ്ക്കായി 25 കോടി രൂപ. ഇന്ത്യയിൽ ആദ്യമായി കേരളം നടപ്പാക്കിയ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് 50 ലക്ഷം തൊഴിൽ ദിനങ്ങൾക്കായി 125 കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്. നെൽകൃഷിയിലുണ്ടായ വർദ്ധനവ് അഭിമാനകരമാണ്. നാളികേര കൃഷിക്കായി 73.9 കോടി രൂപ നീക്കിവച്ചിരിക്കുന്നു. പൊതുവിദ്യാഭ്യാസരംഗത്ത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ തുടക്കമാകുമ്പോൾ കാൽനൂറ്റാണ്ട് കാലത്തേയ്ക്കെങ്കിലും പൊതുവിദ്യാലയങ്ങൾക്ക് ഭൗതിക വികസനത്തിനുവേണ്ടി തുക അനുവദിക്കേണ്ടി വരാത്ത അവസ്ഥയിലേയ്ക്ക് പൊതുവിദ്യാഭ്യാസ മേഖല

മാറുകയാണ്. ഇപ്പോൾ ലോകമാകെ ചർച്ച ചെയ്യുന്നത് വികസനത്തിന്റെ സൂചകങ്ങളെക്കുറിച്ചാണ്. Index of happiness (ആനന്ദത്തിന്റെ സൂചിക)-ൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം 'സംതൃപ്തയായ സുരക്ഷിതയായ സ്ത്രീ' എന്നതാണ്. സ്ത്രീ സുരക്ഷയ്ക്കുവേണ്ടിയുള്ള സമീപനം ഗവൺമെന്റ് കാഴ്ചവച്ചിരിക്കുകയാണ്. 20.9 ശതമാനമാണ് ജെൻഡർ ബഡ്ജറ്റ് വിഭാഗത്തിനുവേണ്ടി നീക്കിവച്ചിരിക്കുന്നത്. കേരളം മാതൃകയാണ്. നാളത്തെ ഇന്ത്യ എങ്ങനെയായിരിക്കണമെന്ന് ഇന്നത്തെ കേരളം മറുപടി നൽകുകയാണ്. കേരളം ഉയർത്തിപ്പിടിക്കുന്ന മതനിരപേക്ഷതയുടെ മതേതരത്വത്തിന്റെ രാഷ്ട്രീയം, വികസനത്തിന്റെ രാഷ്ട്രീയം അത് നിർഭാഗ്യവശാൽ കേരളത്തിലെ പ്രതിപക്ഷത്തിന് മനസ്സിലാകുന്നില്ല. അടിസ്ഥാന ജനവിഭാഗങ്ങളുടെയും പ്രാഥമിക ആവശ്യങ്ങളുടെയും നിർവ്വഹണം സാധ്യമാക്കുന്നതോടൊപ്പം വരുംകാലത്തെ അഭിമുഖീകരിക്കാനുള്ള ദീർഘവീക്ഷണം ഈ ഗവൺമെന്റ് പ്രകടമാക്കുകയാണ്. 12 മാസംകൊണ്ട് നിങ്ങൾ എന്തുചെയ്തുവെന്നാണ് ചോദിച്ചത്. ഒരു ധനകാര്യ വർഷത്തെ ബഡ്ജറ്റ് എന്നുപറയുന്നത് ഒരു മാർച്ച് മാസം തുടങ്ങി അടുത്ത മാർച്ച് മാസം അവസാനിക്കുന്ന പന്ത്രണ്ട് മാസത്തെ സങ്കൽപ്പമല്ല മറിച്ച് വരുന്ന അരനൂറ്റാണ്ടുകാലം ഈ നാട്

എങ്ങനെയായിരിക്കണം എന്നതിന്റെയൊരു രൂപരേഖ കൂടിയാണ്. കേരളത്തിന്റെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഖാവ് കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റ് ലോക വികസിത രാഷ്ട്രങ്ങളുടെ കൂട്ടത്തിൽ കേരളമെന്ന കൊച്ചുസംസ്ഥാനത്തെ ചേർത്തുവയ്ക്കാൻ ഉതകുന്നതാണ് എന്നതിന്റെ എത്രയെത്ര ഉദാഹരണങ്ങളുണ്ട്. ഇവിടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വരാൻ പോകുന്ന മാറ്റങ്ങളുണ്ട്. പല വികസിത രാഷ്ട്രങ്ങളിലും പരീക്ഷിച്ച് വിജയിച്ചുകൊണ്ടിരിക്കുന്ന ഒരു സങ്കൽപ്പമുണ്ട്, 'Earn by learn- പഠിക്കുമ്പോൾതന്നെ സമ്പാദിക്കുക'. അതിന്റെ രൂപമാണ് സ്കിൽ പാർക്കുകൾ. സന്ദർഭവശാൽ ഞാനൊരുകാര്യം അഭ്യർത്ഥിക്കാൻ ആഗ്രഹിക്കുന്നത് കേരളത്തിലെ സാങ്കേതിക സർവ്വകലാശാലയായ ഡോ. എ. പി. ജെ. അബ്ദുൽകലാം ടെക്നോളജിക്കൽ സർവ്വകലാശാല എന്റെ മണ്ഡലത്തിലെ വിളപ്പിൽശാലയിലാണ് ആരംഭിക്കാൻ പോകുന്നത്. വിളപ്പിൽശാലയിലെ സർവ്വകലാശാല ആസ്ഥാനത്തോട് ചേർന്ന് സ്കിൽ പാർക്ക് അനുവദിക്കാനുള്ള തീരുമാനമുണ്ടാകണമെന്ന അഭ്യർത്ഥനകൂടി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. കോവിഡ് സൃഷ്ടിച്ച ദുരന്തത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ വികസനം മൂകമായിപ്പോയിരിക്കുന്നു. വിനോദസഞ്ചാരികളെത്തുന്നില്ല. കേരളത്തിന്റെ നികുതി വരുമാനം വല്ലാതെ

ബാധിച്ചിരിക്കുന്നു. അവിടെയെല്ലാം ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനുമാത്രം കഴിയുന്നതരത്തിലുള്ള ഭാവനാപൂർണ്ണമായ പദ്ധതികൾ എല്ലാ മേഖലയിലും വരികയാണ്. സ്കിൽ പാർക്കുകൾ വരുന്നു. തൊഴിലവസരങ്ങൾക്ക് പുതിയ കാഴ്ചപ്പാടുകൾ വരുന്നു. ടൂറിസം മേഖലയിൽ കാരവൻ ടൂറിസം മാത്രമല്ല, എന്റെ മണ്ഡലത്തിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള Adventurous tourism (സാഹസിക ടൂറിസം) പോലും വിദേശികളും സ്വദേശികളുമായ ടൂറിസ്റ്റുകളെ ആകർഷിക്കാൻ, കേരളത്തെ സന്ദർശകരുടെ പറുദീസയാക്കി വീണ്ടും മാറ്റാൻ നമുക്ക് കഴിയുന്ന തരത്തിലാണ്. ഇങ്ങനെ സർവ്വതല സ്പർശിയായ വികസനത്തിലൂടെ കേരളം മുന്നോട്ടുപോകുമ്പോൾ ഇന്ത്യയിലെ ഏത് സംസ്ഥാനങ്ങൾക്കും ലോകത്തിനാകെത്തന്നെയും മാതൃകയായി നമ്മുടെ സർക്കാർ മുന്നോട്ടുപോകുമ്പോൾ ഈ സർക്കാരിന്റെ സമീപനങ്ങളെക്കുറിച്ച് വളരെ ലളിതമായി പറയാൻ ഞാൻ പണ്ട് പഠിച്ചൊരു കഥയാണ് ഓർമ്മ വരുന്നത്. 'വിശന്നു വലിഞ്ഞിരിക്കുന്ന ഒരാൾ രാജാവിനോട് ചെന്നുചോദിച്ചത്, രാജാവിന്റെ മുന്നിൽ കുന്നുകൂട്ടിയിട്ടിരിക്കുന്ന മത്സ്യങ്ങളിലൊന്ന് കഴിക്കാൻ തരുമോയെന്നാണ്. രാജാവ് പറഞ്ഞത് ഞാൻ മത്സ്യം തരുന്നില്ല. നിനക്കൊരു ചൂണ്ട തരും എന്നാണ്. ആ ചൂണ്ട യഥാർത്ഥത്തിൽ ഒരു പ്രതീകമാണ്. താല്ക്കാലിക ആവശ്യം

പരിഹരിക്കുന്നതിനുവേണ്ടിയുള്ള ചുമതലയല്ല ഭരണാധികാരിക്കുള്ളത്. വരുംകാലത്തെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുകയെന്നതാണ് ഭരണാധികാരിയുടെ കർത്തവ്യമെന്നാണ് ആ കഥയിലൂടെ പറയാൻ ശ്രമിച്ചത്. ഈ ഗവൺമെന്റ് വരുംകാലത്തെക്കുറിച്ചുള്ള ആശയങ്ങൾ മുന്നോട്ടുവയ്ക്കുകയാണ്. രണ്ടുദിവസം മുമ്പ് ഞാൻ എന്റെ മണ്ഡലത്തിൽ എം.ടെക്കിന് ഒന്നാം റാങ്ക് നേടിയ ഒരു വിദ്യാർത്ഥിനിയെ വീട്ടിൽചെന്ന് ആദരിക്കാൻവേണ്ടി പോയി. ആ കുട്ടി സന്തോഷംകൊണ്ട് തുള്ളിച്ചാടുകയാണ്. ആ കുട്ടിയുടെ പഠനവിഷയങ്ങളിലൊന്ന് ഗ്രാഫീൻ എന്നുപറയുന്ന മൂലകത്തെക്കുറിച്ചായിരുന്നു. ഈ നാട് മാറാൻ പോകുകയാണ്. ആ കുട്ടിയുടെ ഭാഷയിൽ പറഞ്ഞാൽ നമ്മുടെ നാട്ടിലെ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഗ്രാഫീൻ ഉല്പാദനത്തിന് ഉതകുമെന്നാണ്. ഒരുപക്ഷേ സയൻസിനെക്കുറിച്ച് പരിമിതികൾ ഉള്ളതുകൊണ്ട് എനിക്കത് മനസ്സിലായില്ലായെങ്കിലും ആ കുട്ടി അഭിമാനത്തോടെ സന്തോഷത്തോടെ പറയുന്നത് കേരളം കണ്ടെത്തിയ ഏറ്റവും വലിയ വ്യവസായിക പുരോഗതിയിലേയ്ക്കുള്ള ഒരു പ്രതീകമാണ് ഗ്രാഫീൻ എന്നാണ്. ഈ ബഡ്ജറ്റിന്റെ കാഴ്ചപ്പാടിന്റെ അടയാളമായി അത് നിൽക്കുകയാണ്.

ഇവിടെ തൊട്ടുമുൻപ് ഒരു ചർച്ചയുണ്ടായി. ആ ചർച്ചയ്ക്കിടയിൽ ഉയർന്നുവന്നൊരുവാദം കേരളത്തെ പ്രതിപക്ഷത്തെ ഇപ്പോഴും വ്യാമോഹിപ്പിക്കുന്നത് നന്ദിഗ്രാമാണ്. നന്ദിഗ്രാം സമരം നടക്കുമ്പോൾ ഒരു അന്താരാഷ്ട്ര മാഗസിനിൽ വന്നൊരു കൊടിമരത്തിന്റെ ചിത്രമുണ്ട്. ഒരു കൊടിമരത്തിൽ 13-ഓളം കൊടികൾ. അതിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ത്രിവർണ്ണ പതാകയുണ്ട്. ആർ.എസ്.എസ്.-ന്റെ കാവിപ്പതാകയുണ്ട്. ശിവസേനയുടെ പതാകയുണ്ട്. ജമാഅത്തെ അൽഹിന്ദ്-ന്റെ പതാകയുണ്ട്. എസ്.ഡി.പി.ഐ-യുടെ പതാകയുണ്ട്. എസ്.യു.ഐ.സി.-യുടെ പതാകയുണ്ട്. എല്ലാ ഇടതുപക്ഷ തീവ്രശക്തികളും ദേശവിരുദ്ധശക്തികളും ഒരുമിച്ച് ചേർന്ന് നന്ദിഗ്രാം സമരം നടത്തി. ആ സമരമാണ് നിങ്ങൾ സ്വപ്നം കാണുന്നതെങ്കിൽ, സ്വപ്നത്തിന് നികുതിയില്ലാത്തതുകൊണ്ട് നിങ്ങൾക്കെന്തും കാണാം. പക്ഷെ ഇത് കേരളമാണ്. സഖാവ് പിണറായി വിജയൻ ഭരിക്കുന്ന കേരളമാണ്. ഇവിടെ നിങ്ങളുടെ സ്വപ്നങ്ങൾ പാഴായ സ്വപ്നങ്ങൾ മാത്രമാകും എന്നുമാത്രമാണ് സൂചിപ്പിക്കാനുള്ളത്. നിഷേധാത്മകതയ്ക്ക് കയ്യും കാലും വച്ച് അതിന് ഖദർ രൂപമിട്ടാൽ കേരളത്തിലെ പ്രതിപക്ഷമാകും. നിങ്ങളോട് ചോദിക്കാനുള്ളത് എന്താണ് ഇനിയും നിങ്ങൾ നന്നാകാത്തതെന്നാണ്. ഇന്ന് കെ-റെയിലിന്

എതിരായ ചർച്ച ഉയർത്തിക്കൊണ്ടുവന്ന ആളുകളുടെ മുഖം മ്ലാനമാണ്. അവരുടെ ശബ്ദത്തിന് വേഗമില്ല. എന്തുകൊണ്ടാണ്? ഇന്ത്യയുടെ ഹൃദയഭൂമിയായ ഉത്തർപ്രദേശിൽ അവർക്കെത്ര സീറ്റുകിട്ടിയെന്നുള്ളതല്ല 97 ശതമാനം സീറ്റുകളിൽ ഇന്ത്യാരാജ്യം ഭരിച്ചിരുന്ന കോൺഗ്രസ്സിന് കെട്ടിവച്ച കാശ് കിട്ടാതെ പോയിരിക്കുന്നു. കേരളത്തിൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പിന്തുണയില്ലെങ്കിൽ കോൺഗ്രസ്സിന്റെ സ്ഥിതിയെന്താകുമെന്ന് നിങ്ങളൊന്ന് ആലോചിച്ച് നോക്കണം. ഈ നാടിന്റെ വികസനത്തിനുവേണ്ടി പുരോഗമനത്തിനുവേണ്ടി ക്രിയാത്മകമായ പ്രതിപക്ഷമായി ഇനിയെങ്കിലും നിങ്ങൾ മാറിയില്ലായെങ്കിൽ നിങ്ങൾക്ക് സംഭവിക്കാൻ പോകുന്നത് ഉത്തർപ്രദേശിന്റെ ദുരന്തമായിരിക്കുമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ബഡ്ജറ്റിന്റെ പിന്തുണച്ച് ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങളെ എതിർക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ ആദ്യത്തെ പൂർണ്ണ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. ഇതിനുമുമ്പ് അദ്ദേഹം നമ്മെ ബഡ്ജറ്റുമായി ബന്ധപ്പെട്ട് അഭിസംബോധന ചെയ്തത് പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിക്കുന്ന വേളയിലായിരുന്നു. അതിൽ

അദ്ദേഹം നമ്മളോട് പറഞ്ഞത്, അന്ന് അദ്ദേഹത്തിന്റെ മുൻഗാമിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് കഴിഞ്ഞ ബഡ്ജറ്റിൽ 1,28,375 കോടി രൂപയുടെ റവന്യൂ വരുമാനമാണ് സംസ്ഥാനം പ്രതീക്ഷിക്കുന്നതെന്ന് പറഞ്ഞിരുന്നു. എന്നാൽ അതിനെ പുതുക്കി വച്ചുകൊണ്ട് നമ്മുടെ പുതിയ ധനകാര്യ വകുപ്പുമന്ത്രി 1,30,981 കോടി രൂപ ഈ സംസ്ഥാനത്തിന് വരുമാനമുണ്ടാകുമെന്ന് പറഞ്ഞു. അന്ന് ഞങ്ങൾ ആ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അത് യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ളൊരു കണക്കല്ലെന്നും 1,28,375 കോടി രൂപയിലേയ്ക്കുതന്നെ എത്താൻ പ്രയാസമായിരിക്കുമെന്നും പറഞ്ഞു. എന്നാൽ ഇന്ന് അദ്ദേഹംതന്നെ വച്ച റിവൈസ്ഡ് എസ്റ്റിമേറ്റിലെ കണക്കുപ്രകാരം 1,17,888 കോടി രൂപ മാത്രമാണ് വരുമാനമായി കൊണ്ടുവരാൻ കഴിഞ്ഞത്. അതിൽത്തന്നെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതിയായി പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടത് 73,120 കോടി രൂപയായിരുന്നു. അതിൽ പിരിച്ചെടുക്കാൻ കഴിഞ്ഞത് 58,867 കോടി രൂപ മാത്രമാണ്. 14,252 കോടി രൂപയുടെ കുറവ് തനത് നികുതി വരുമാനത്തിൽ മാത്രം വന്നത് എന്തുകൊണ്ടാണെന്ന് കേരളത്തോട് പറയാനുള്ള ബാദ്ധ്യത ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കുണ്ട്. നികുതിയേതര വരുമാനത്തിലും 4,797 കോടി

രൂപയുടെ കുറവുണ്ടായി. അത് എന്തുകൊണ്ട് വന്നുവെന്ന് അദ്ദേഹം വിശദീകരിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. അങ്ങ് ഈ സഭയ്ക്ക് മുമ്പാകെ പറഞ്ഞ കണക്കിൽനിന്നും മൊത്തം 19,050 കോടി രൂപയുടെ കുറവുണ്ടായി. നമ്മൾ പറയുമ്പോൾ ബഡ്ജറ്റിൽ ഉണ്ടാക്കുന്നൊരു രാഷ്ട്രീയ പ്രതീതി എന്നുപറയുന്നത് സ്വാഭാവികമായിട്ടും കേന്ദ്രം തരുന്നില്ല എന്നാണ്. എന്നാൽ കേന്ദ്രത്തിൽനിന്നും പ്രതീക്ഷിച്ചതിനേക്കാളും 8,562 കോടി രൂപ കൂടുതലായി ലഭിച്ചുവെന്നാണ് അങ്ങ് പറഞ്ഞത്. പക്ഷേ ഇതൊക്കെ അവിടെ നിൽക്കട്ടെ, എന്നെ ഏറ്റവും കൂടുതൽ വിഷമിപ്പിച്ചൊരുകാര്യം, അദ്ദേഹം ഒരുപാട് കാര്യങ്ങൾ പറഞ്ഞുപോയപ്പോഴും... ഇന്ന് ഒരുകാര്യം ഞാൻ ഉറപ്പിച്ചുപറയാം, കേരളത്തിലുള്ള ജനങ്ങളിൽ ഏറ്റവും കൂടുതൽ ജപ്തി നോട്ടീസ് കയ്യിലുള്ളത് ഈ രാജ്യത്തെ കർഷകന്റെ കയ്യിലാണ്, ഒരു സംശയവും വേണ്ട. മുഴുവൻ കർഷകരുടെയും കയ്യിൽ ജപ്തി നോട്ടീസിരിക്കുമ്പോൾ, ഇതുപോലൊരു പ്രതിസന്ധി സമയത്ത് ബഡ്ജറ്റ് പ്രസംഗം നടത്തിയിട്ട് അവർക്കൊരു കടാശ്വാസം നൽകുന്ന, അവരുടെ കാർഷിക മേഖലയെ അഡ്രസ് ചെയ്യുന്ന ഒരു കാര്യവും പറഞ്ഞില്ല എന്നത് വളരെ വേദനാജനകമാണ്. അങ്ങ് മുന്നോട്ടുവച്ച മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനവും അതിന്റെ സാധ്യതകളുമൊന്നും ഞാൻ

തള്ളിക്കളയുന്നില്ല. അതിനെയൊക്കെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. പക്ഷേ അങ്ങ് മനസ്സിലാക്കേണ്ടത്, ഇന്ന് സംസ്ഥാനത്തെ കർഷകൻ വെന്റിലേറ്ററിൽ കിടക്കുമ്പോൾ അങ്ങ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ പറഞ്ഞാൽ അവന് എഴുന്നേറ്റ് നിൽക്കാൻ കഴിയാത്ത സ്ഥിതിയാണ്. ഒരു വീട്ടിൽ മാത്രമല്ലിത്. ഇന്ന് സർഫാസി നിയമപ്രകാരമുള്ള നോട്ടീസുകളുമായി ബാങ്കുകൾ കർഷകന്റെ വീടുകൾ കയറിയിറങ്ങിക്കൊണ്ടിരിക്കുകയാണ്. അവൻ ഭീഷണിയുടെ മുനമ്പിലാണ്. ഞാനിവിടെ ഉറപ്പിച്ചുപറയാൻ ആഗ്രഹിക്കുന്നു, ഇനി കർഷകന്റെ വേദന അറിയണമെങ്കിൽ ഈ സംസ്ഥാനത്ത് കർഷക ആത്മഹത്യ ഉണ്ടാകേണ്ടിവരും. കർഷക ആത്മഹത്യയുണ്ടാകുമ്പോൾ നിങ്ങൾ പറയും, ശരിയാണ് കർഷകരെ നമ്മൾ എല്ലാവരും ചേർന്ന് സഹായിക്കണമെന്ന്. അതുമാത്രമല്ല, എന്നെ ഏറ്റവും അത്ഭുതപ്പെടുത്തിയ കാര്യം, കഴിഞ്ഞ നാളുകളിൽ കാർഷിക മേഖലയ്ക്ക് നിങ്ങൾ വച്ചിരുന്ന തുക... ഞാൻ ആധികാരികമായി പറയാൻ ആഗ്രഹിക്കുന്നു, 2019-20-ൽ 1,938 കോടി രൂപയുണ്ടായിരുന്നു, 2020-21-ൽ 1,672 കോടി രൂപയുണ്ടായിരുന്നു. കഴിഞ്ഞ ബഡ്ജറ്റിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അങ്ങ് പരിശോധിച്ചാൽ 1,831 കോടി രൂപയാണ് അങ്ങയുടെ മുൻഗാമി കാർഷിക മേഖലയിൽ പറഞ്ഞിരുന്നത്.

അങ്ങത് കുറച്ച് 1,406 കോടി രൂപയാക്കി. 431 കോടി രൂപ കാർഷിക ബഡ്ജറ്റിൽ കുറവ് വരുത്തിയത് എന്തുകൊണ്ടാണ്; അതിനെ എങ്ങനെ അങ്ങ് ന്യായീകരിക്കുമെന്ന് ഈ കേരളത്തിലെ ജനങ്ങളോട് പറയാൻ തയ്യാറാകണം.

അങ്ങ് വികസനത്തിന്റെ കാര്യങ്ങളെല്ലാം ഇവിടെ സൂചിപ്പിച്ചു. ഒരുപാട് കാര്യങ്ങൾ പരാമർശിച്ചിട്ടുണ്ട്. ഈ സംസ്ഥാനത്തിന്റെ വികസനത്തിന്റെ എഞ്ചിൻ എന്നത് കിഫ്ബിയാണ് എന്നാണല്ലോ പറയുന്നത്. കിഫ്ബി ഇതിനോടകം 70,752 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയെന്ന് പറഞ്ഞു. ഞാൻ വിനയത്തോടുകൂടി അങ്ങയോട് ചോദിക്കട്ടെ, ഇതിൽ കർഷകനെ സ്പർശിക്കുന്ന കാർഷിക മേഖലയ്ക്ക് എത്ര രൂപയാണ് കൊടുത്തതെന്ന് അറിയുമോ; ഈ കേരളം അറിയണം. 70,752 കോടി രൂപ കൊടുത്തപ്പോൾ കർഷകനുവേണ്ടി നിങ്ങൾ മാറ്റിവച്ചത് കേവലം 21 കോടി രൂപയാണ്. അങ്ങയുടെ മുൻഗാമിയായിരുന്ന ധനകാര്യ വകുപ്പുമന്ത്രി 2016-17-ൽ ഈ സംസ്ഥാനത്ത് 14 കാർഷിക പാർക്കുകൾ ഉണ്ടാക്കുമെന്ന് പറഞ്ഞ് അന്ന് കയ്യടി വാങ്ങിയിരുന്നു. ഈ സംസ്ഥാനത്ത് ഇന്ന് ഒരു അഗ്രോ പാർക്കെങ്കിലും ഉണ്ടാക്കാൻ കഴിഞ്ഞോ; അതെല്ലാം നിങ്ങൾ അവഗണിച്ചു. കാർഷിക മേഖലയെ പാടെ അവഗണിച്ച കഴിഞ്ഞ

കാലങ്ങളാണ് കടന്നുപോയത്. അതുമാത്രമല്ല, കാർഷിക കടാശ്വാസ കമ്മീഷൻ. ഇവിടത്തെ കർഷകന് എന്തെങ്കിലുമൊരു ആശ്വാസം ലഭിച്ചിരുന്നതാണ് കാർഷിക കടാശ്വാസ കമ്മീഷൻ. രണ്ട് പ്രളയം, അതിന് പിന്നാലെ വന്ന ഓഖിയും നിപയും അതുപോലെ കൊറോണ മഹാമാരിയും കഴിഞ്ഞ് കർഷകൻ നട്ടെല്ലില്ലാതെ, ഇവിടെ ജീവിക്കാൻ നിവൃത്തിയില്ലാതെ നിൽക്കുമ്പോൾ 2020 മാർച്ച് മാസത്തിലാണ് അവസാനമായി കാർഷിക കടാശ്വാസ കമ്മീഷൻ അപേക്ഷ സ്വീകരിച്ചത്. അതുമാത്രമല്ല, സ്വീകരിച്ച അപേക്ഷയിൽ പതിനായിരക്കണക്കിന് അപേക്ഷകൾ പ്രോസസ് ചെയ്യാതെ, ഇടുക്കി ജില്ലയിലേത് മാത്രം പതിനായിരത്തിലേറെ അപേക്ഷകൾ കാർഷിക കടാശ്വാസ കമ്മീഷൻ പ്രോസസ് ചെയ്യാതിരിക്കുമ്പോൾ കാർഷകന്റെ വീട്ടിൽ സർഫാസി ആക്ട് പ്രകാരം ജപ്തി നോട്ടീസുമായി, അല്ലെങ്കിൽ ജപ്തി നടപടികളുമായി ആളുകൾ മുന്നോട്ടുപോകുകയാണ്. അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ എനിക്ക് ഏറെ പ്രയാസം തോന്നിയത്, കർഷകന് കടാശ്വാസം നൽകുന്ന ഒരു കാര്യവും പ്രഖ്യാപിക്കാൻ തയ്യാറാകാത്തത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അങ്ങ് അഗ്രോ പാർക്കുകളുടെ സാധ്യതകളെക്കുറിച്ച് പറഞ്ഞു. ഞാനതിനെ നിഷേധിക്കുന്നില്ല. വളരെ നല്ലൊരു ഇനീഷ്യേറ്റീവും വളരെ നല്ലൊരു

ബോൾഡ് സ്റ്റെപ്പുമാണ്. ഒരുപാട് വൈവിദ്ധ്യങ്ങളാർന്ന രീതിയിൽ കാർഷിക മേഖലയെ അങ്ങേയ്ക്ക് സ്പർശിക്കാൻ കഴിയും. ഞാൻ വരുന്നത് ഒരു കാർഷിക മേഖലയിൽനിന്നാണ്. അവിടെയുള്ള നിരവധി കാര്യങ്ങൾ ഞാൻ ഈ സർക്കാരിന്റെ മുന്നിൽ ചൂണ്ടിക്കാണിച്ചിരുന്നു. 10-15 ഏക്കർ സ്ഥലത്ത് കോടിക്കണക്കിന് രൂപ മുടക്കി നിർമ്മിച്ച യൂറോപ്യൻ മാർക്കറ്റ് അങ്ങേയറ്റം അണ്ടർ യൂട്ടിലൈസ്ഡായി, എത്ര ദശാബ്ദങ്ങളായി ഒരു പ്രയോജനവുമില്ലാതെ കിടക്കുന്നു. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി അവിടെ സന്ദർശിച്ചിരുന്നു. അദ്ദേഹത്തിനത് നേരിട്ട് ബോധ്യപ്പെട്ടതാണ്. അതിനെ നവീകരിക്കാൻ കഴിയുന്ന വലിയൊരു പദ്ധതി ഞങ്ങൾ സമർപ്പിച്ചു. അങ്ങ് കണ്ട മട്ട് നടിച്ചില്ല. സത്യം പറഞ്ഞാൽ വാഴക്കുളം എന്നുപറയുന്ന പ്രദേശത്തുനിന്നും ലോകത്തിന്റെ നെറുകയിലേയ്ക്ക് കർഷകന്റെ നാമമുയർത്തിയ പൈനാപ്പിൾ അവിടെനിന്നും ഞങ്ങൾ പ്രൊഡ്യൂസ് ചെയ്തതാണ്. കേരളത്തിനും ഈ രാജ്യത്തിനും അഭിമാനമായി കർഷകന്റെ അദ്ധ്വാനംകൊണ്ട് വിളവെടുക്കുന്ന പൈനാപ്പിൾ ഇന്ന് അന്താരാഷ്ട്ര മാർക്കറ്റിൽ ഏറ്റവും ഡിമാന്റുള്ളതാണ്. അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ അവർക്കുവേണ്ടി ഒരു വാചകമുണ്ടായില്ല. അതുമാത്രമല്ല, അങ്ങ് ഏത് നാണ്യവിളകളും പരിശോധിച്ചുകൊള്ളൂ. അല്ലെങ്കിൽ ഏത് ഭക്ഷ്യ വിളകളും

പരിശോധിച്ചുകൊള്ളൂ. എല്ലാം വരുന്നത് മധ്യതിരുവിതാംകൂറിൽനിന്നുമാണ്. ഒരു അഗ്രോ പാർക്കോ വിപണന കേന്ദ്രമോ അല്ലെങ്കിൽ ഒരു സംരംഭ കേന്ദ്രമോ ആ പ്രദേശത്ത് പ്രഖ്യാപിക്കാൻ അങ്ങ് തയ്യാറായില്ല എന്നുമാത്രമല്ല നിലവിലെ കൃഷിക്ക് ഉത്തേജനം നൽകുന്ന ഒരു പ്രഖ്യാപനവും ഇതിലില്ല. കൃഷി കഴിഞ്ഞ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെ കുറിച്ച് അങ്ങ് പറഞ്ഞു. നിലവിലുള്ള കർഷകന് കൈത്താങ്ങാകാൻ കഴിയുന്ന എന്തെങ്കിലും നിർദ്ദേശങ്ങൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. നന്ദി.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. വളരെ ദീർഘവീക്ഷണത്തോടും ദീർഘദൃഷ്ടിയോടുംകൂടി അവതരിപ്പിച്ച ബഡ്ജറ്റാണിത്. വരാൻപോകുന്ന തലമുറകളെ മുന്നിൽ കണ്ടുകൊണ്ട്, നമ്മുടെ സംസ്ഥാനം 25 വർഷത്തിനപ്പുറത്ത് എങ്ങനെ ആയിരിക്കണം, ഏത് നിലയിലെത്തണം എന്ന് കണക്കാക്കി, ലോകത്തിന്റെ നെറുകയിൽ എത്തിക്കാനുള്ള ഏറ്റവും വലിയ പരിശ്രമമാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ നടത്തിയിട്ടുള്ളത്.

ഒരുപാട് പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ടാണ് നാം മുന്നോട്ട് പോകുന്നത്. സാമ്പത്തികമായി ഒരുപാട് പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ അതിനെയൊക്കെ മാറ്റിവച്ചുകൊണ്ട് സമസ്ത മേഖലകളിലും അദ്ദേഹത്തിന്റെ സ്പർശം എത്തിയിട്ടുണ്ട്. അങ്ങനെയുള്ളൊരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവസാനം പറഞ്ഞൊരു കാര്യമുണ്ട്, ഇപ്പോൾ കെ-റെയിൽ വരികയാണെങ്കിലും നമുക്കിപ്പോൾ അഞ്ചുവർഷംകൊണ്ട്, ഒരുപക്ഷേ ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ അത് പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്ന് വരില്ല. പക്ഷേ അതുകൊണ്ട് അത് വേണ്ടെന്നുവയ്ക്കാൻ കഴിയില്ല. നേരത്തെ നടന്ന ചർച്ചയിൽ പങ്കെടുക്കാൻ പറ്റാതിരുന്നതുകൊണ്ടാണ് ഞാൻ ഇപ്പോൾ പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോഴിക്കോടുവച്ച് കെ-റെയിലുമായി ബന്ധപ്പെട്ട ഒരു പരിപാടി നടത്തിയിരുന്നു. അവിടെയുള്ള എം.എൽ.എ.-മാർ ഒക്കെയുണ്ടായിരുന്നു. ബഹുമാനപ്പെട്ട താമരശ്ശേരി ബിഷപ്പ് അവിടെ ഒരുകാര്യം ചൂണ്ടിക്കാണിച്ചിരുന്നു. മൈക്കിൽ അദ്ദേഹം പ്രസംഗിച്ചതിന് ഞങ്ങളൊക്കെ സാക്ഷികളാണ്. റവറന്റ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, അദ്ദേഹം കമ്മ്യൂണിസ്റ്റുകാരനോ പാർട്ടിയോട് അനുകൂലമുള്ളയാളോ അല്ല. പക്ഷേ

അദ്ദേഹം മുഖ്യമന്ത്രിയോട് പറഞ്ഞത്, 25 വർഷങ്ങൾക്കുമുമ്പ് അങ്ങ് ഇവിടത്തെ മുഖ്യമന്ത്രി ആകേണ്ടതായിരുന്നു എന്നാണ്. ശരിക്കുപറഞ്ഞാൽ എല്ലാവരും തരിച്ചുപോയി. എന്നാൽ ഇന്ന് നമ്മുടെ സംസ്ഥാനം എവിടെയെത്തുമായിരുന്നുവെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. അതുപോലെത്തന്നെ കോഴിക്കോട് ബിഷപ്പ് വർഗ്ഗീസ് ചക്കാലക്കൽ പറയുന്നത്, ഞാൻ പല വിദേശ രാജ്യങ്ങളിലും പോയിട്ടുണ്ട്, അവിടെയൊക്കെ ഇതുപോലുള്ള പല ട്രെയിനുകളിലും സഞ്ചരിക്കാനിടയായിട്ടുമുണ്ട്. എന്തിനാണ് ഇതിനെ എതിർക്കുന്നതെന്ന് ഞങ്ങൾക്കാർക്കും മനസ്സിലായിട്ടില്ല എന്നാണ്. അവർ രണ്ടുപേരും സർവ്വാത്മനാ പിന്തുണ പ്രഖ്യാപിച്ചുകൊണ്ടാണ് പോയത്. രാമകൃഷ്ണ മിഷൻ ആശ്രമത്തിന്റെ സ്വാമിജിയും അവിടെയുണ്ടായിരുന്നു. അദ്ദേഹവും ഇക്കാര്യം പറഞ്ഞു. അവിടെ പങ്കെടുത്തിട്ടുള്ള ഒട്ടുമിക്ക ആളുകളും മറ്റൊന്നിനും വഴങ്ങുന്നവരല്ല. എന്നിട്ടുപോലും അവരിതൊക്കെ പറഞ്ഞു.

വികസനത്തിന് എതിരാണ് എന്നുള്ളതിന്റെ പ്രത്യക്ഷമായ ഒരു ഉദാഹരണം പറഞ്ഞുതരാം. കോഴിക്കോട് കോർപ്പറേഷനിൽ സീവറേജ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. മുൻപ് എ.ഡി.ബി.-യുടെ സഹായത്തോടെ കോർപ്പറേഷനിൽ മൂന്ന് ഘട്ടമായി വലിയൊരു പദ്ധതി നടപ്പിലാക്കി.

അതിന്റെ ആദ്യഘട്ടത്തിൽ 93 കോടി രൂപ അനുവദിച്ചു. ഒരാൾ കേസുകൊടുത്ത് 6 വർഷം നീണ്ടുപോയതിനെത്തുടർന്ന് എ.ഡി.ബി. തിരിച്ചുപോകുകയും പണം അവർ പിൻവലിക്കുകയും ചെയ്തു. ഏകദേശം 10-18 കോടി രൂപ ചെലവാക്കേണ്ടിവന്നു. പിന്നീട് ആ പ്രവൃത്തി തുടരാൻ സാധിച്ചില്ല. ഇപ്പോൾ അത് ചെയ്യണമെങ്കിൽ 150 കോടി രൂപ വേണം. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഇക്കാര്യം പ്രത്യേകം അഭ്യർത്ഥിച്ചിരുന്നു. കാരണം, സീവറേജ് പദ്ധതിക്ക് ഈ ബഡ്ജറ്റിൽ തുക അനുവദിച്ചതായി കാണുന്നില്ല. അതിന് ടോക്കൺ പ്രൊവിഷൻ വച്ചതുകൊണ്ടൊന്നും കാര്യമില്ല. 150 കോടി രൂപയുടെ പദ്ധതിക്ക് 50 കോടി രൂപയെങ്കിലും അനുവദിച്ചെങ്കിൽ മാത്രമേ എന്തെങ്കിലും പ്രയോജനമുണ്ടാകൂ. അത് സംസ്ഥാനത്തൊട്ടാകെ നടപ്പാക്കേണ്ട പദ്ധതിയാണ്. പ്രത്യേകിച്ച് കേരളം മറ്റേത് സംസ്ഥാനത്തേക്കാൾ വ്യത്യസ്തമായൊരു പ്രദേശമാണ്. നഗര-ഗ്രാമ വ്യത്യാസമില്ലാതെ ഒരേപോലെ വികസിച്ചുവരുന്നൊരു സംസ്ഥാനമെന്നുള്ള നിലയ്ക്ക് ആ ഒരു പ്രത്യേകതയോടുകൂടി ഇതിനെ കാണണം. സോളിഡ് വേസ്റ്റ് നമുക്ക് കാണാൻ സാധിക്കും. പക്ഷേ ലിക്വിഡ് വേസ്റ്റ് കാണാൻ കഴിയില്ല. ഭൂമിക്കടിയിൽ മുഴുവൻ ഇത് മലിനപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കുറച്ചുകഴിഞ്ഞാൽ വലിയ

പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരും. നമ്മുടെ മുഖ്യമന്ത്രിക്ക് ഇക്കാര്യത്തെക്കുറിച്ച് കൂടുതൽ വ്യക്തമായിട്ടറിയാം. അതുകൊണ്ട് ഇതിനൊരു പ്രത്യേക പരിഗണന നൽകണമെന്ന് പറയുകയാണ്. ഇതിനോടൊപ്പം, കോർപ്പറേഷൻ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 120 കോടി രൂപ അനുവദിച്ച് വെസ്റ്റ്ഹിൽ മുതൽ കോതി വരെ ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. എല്ലാ നടപടികളും പൂർത്തിയായി പ്രവൃത്തി ആരംഭിക്കാൻ തുടങ്ങിയപ്പോൾ യു.ഡി.എഫ്. അവിടെയുള്ള ജനങ്ങളെ സംഘടിപ്പിച്ച് ശക്തമായി ആ പദ്ധതിക്കെതിരായി വലിയ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും കൂടുതൽ സാധാരണക്കാരായ ആളുകൾ തിങ്ങി താമസിക്കുന്ന ഒരു പ്രദേശത്ത് പ്രത്യേകമായി അവർക്കുവേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. ഇങ്ങനെയുള്ള എന്ത് വികസനം വരുന്നോ അവിടെ അതിനെതിരായി എസ്.ഡി.പി.ഐ., സോളിഡാരിറ്റി, വെൽഫെയർ പാർട്ടി എന്നിവരുമായി ചേർന്ന് സമരം നടത്തുന്ന അവസ്ഥയുണ്ട്. ദയവുചെയ്ത് അതിൽനിന്ന് പിൻമാറണമെന്ന് നേതാക്കളോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിന് മാതൃകാപരമായ പദ്ധതി നടപ്പിലാക്കാൻ വേണ്ടി നിങ്ങൾ സഹായിക്കണം എന്നാണ് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

നമ്മുടെ സംസ്ഥാനം വികസനക്ഷേമ രംഗങ്ങളിൽ രാജ്യത്തെ ഒന്നാമതാക്കിത്തീർത്ത പ്രകടന പത്രികയുടെ അടിസ്ഥാനത്തിൽ അധികാരത്തിലെത്തിയ സർക്കാരിന് ആ ദിശയിൽ അസൂയാവഹമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിക്കുന്ന പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ ഇത്തവണയും ഒന്നാം സ്ഥാനമാണ് കേരളത്തിനുള്ളത്. രണ്ടാം സ്ഥാനത്തുള്ള സംസ്ഥാനത്തെക്കാൾ ഉദ്ദേശം ഇരട്ടി സ്കോർ നേടിയാണ് നമ്മുടെ സംസ്ഥാനം ഒന്നാം സ്ഥാനത്തെത്തിയതെന്ന് പ്രത്യേകം പ്രസ്താവ്യമാണ്. മറ്റ് സംസ്ഥാനങ്ങളെക്കാൾ ബഹുദൂരം മുന്നിലാണ് നാം. ഏറ്റവും പിന്നിലുള്ള ഉത്തർപ്രദേശിന് ലഭിച്ച സ്കോർ (-1.418) ആണ്. കേരളത്തിന് ലഭിച്ചിട്ടുള്ളത് 1.618 ആണ്, കേരളവുമായി അത്രയ്ക്ക് വ്യത്യാസമുണ്ട്. എല്ലാരംഗത്തും നമ്മുടെ സംസ്ഥാനം ഈ നേട്ടം കൈവരിച്ച് മഹാമാരിയേയും പ്രകൃതി ദുരന്തങ്ങളേയും നേരിട്ടുകൊണ്ടിരിക്കുന്നതിനുപുറമെ ഈ വർഷം ലഭിച്ച പ്രധാനപ്പെട്ട പുരസ്കാരങ്ങളിൽ ചിലതാണ് ഏറ്റവും മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവിനുള്ള ഹെൽത്ത് ഗിരി അവാർഡ്, വാർഷിക വിദ്യാഭ്യാസനിലവാര സൂചികയിൽ (ASER) ഒന്നാമത്, ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനം നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ നാലാം

വർഷവും ഒന്നാം സ്ഥാനം, ഇതിൽ 30.57 പോയിന്റ് മാത്രം നേടി ഏറ്റവും പിന്നിൽ നിൽക്കുന്ന ഉത്തർപ്രദേശിലെ മുഖ്യമന്ത്രിയാണ് നമ്മുടെ സംസ്ഥാനവുമായി താരതമ്യം ചെയ്തുകൊണ്ട് സംസാരിക്കാൻ ശ്രമിച്ചത്. നമ്മളെ അപമാനിക്കുന്ന നിലയിലുള്ള ഒരു പ്രസംഗമാണ് അദ്ദേഹം നടത്തിയിട്ടുള്ളത്. എന്നാൽ ഇതൊന്നും കണക്കാക്കാതെ 2003-ൽ അന്നത്തെ മുഖ്യമന്ത്രി ചെയ്തതുപോലെ ചീഫ് സെക്രട്ടറിയെക്കൊണ്ട് നോമിനേഷൻ നൽകി മെച്ചപ്പെടുത്തി ഒപ്പിച്ചെടുത്തതല്ല. അന്നത്തെ അവാർഡ് സംബന്ധിച്ച് 2014 ജനുവരി 6-ന് കാണിക്കുന്നത് സെമി കേഡർ നേതാവിന്റെ ക്രിമിനൽ സ്വഭാവത്തിലുള്ള മോൻസൺ മാവുങ്കലിന്റെ കോസ്മെറ്റിക് ചികിത്സ ഫലം ചെയ്തില്ലെന്നാണ്. പ്രകടനപത്രികയിലൂടെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാനുള്ളതാണെന്ന് തെളിയിച്ച കഴിഞ്ഞ സർക്കാരിന്റെ തുടർച്ചയായ ഈ സർക്കാർ ആ പാതയിലൂടെയാണ് സഞ്ചരിക്കുന്നത്. 50 ഇന പരിപാടികൾ ജനങ്ങളുടെ മുമ്പാകെവച്ച് അംഗീകാരം നേടിയതിൽ നാല് ഭീമൻ പശ്ചാത്തല സൗകര്യ വികസന പദ്ധതിയിൽപ്പെട്ടതാണ് സിൽവർലൈൻ പദ്ധതി. മറ്റൊന്നായ കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പ്രവൃത്തിപഥത്തിലേയ്ക്കെത്തിച്ചു. അതിന്റെ സ്ഥലമെടുപ്പിനായി കിഫ്ബി 1,038 കോടി രൂപ നൽകി. തിരുവനന്തപുരം

ക്യാപ്പിറ്റൽ സിറ്റി റീജിയണൽ ഡെവലപ്മെന്റ് പദ്ധതിക്കും കേന്ദ്രത്തിന്റെ അംഗീകാരം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. 20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുക എന്ന വാഗ്ദാനം നടപ്പിലാക്കുന്നതിനായി സമീപനരേഖ പ്രകാരം 10,600 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ 10000 പേർക്ക് തൊഴിൽ നൽകാൻ നിർദ്ദേശിച്ചതിൽ 2460 പേർക്ക് തൊഴിൽ നൽകിക്കഴിഞ്ഞു. നോളജ് മിഷൻവഴി 35 ലക്ഷം പേർക്ക് നൈപുണ്യ പരിശീലനം നൽകി തൊഴിൽസാധ്യത മികവുറ്റതാക്കുന്നതിന് പരിപാടി ആരംഭിച്ചുകഴിഞ്ഞു. ഇതിനായി 5,000 കോടി രൂപയാണ് സർക്കാർ നേരിട്ട് നൽകുന്നത്. കിഫ്ബി 2,000 കോടി രൂപയും നൽകുന്നുണ്ട്. കോവിഡ് സൃഷ്ടിച്ച ആരോഗ്യ-സാമ്പത്തിക-സാമൂഹിക വെല്ലുവിളികൾ നേരിടുന്നതിന് ആദ്യം പ്രഖ്യാപിച്ച 20,000 കോടി രൂപയ്ക്കുപുറമെ 20,000 കോടി രൂപ കൂടി നൽകി. ഇങ്ങനെ എല്ലാ മേഖലകളിലും നമുക്കൊരിക്കലും പ്രതീക്ഷിക്കാത്ത പുരോഗതിയാണ്. പച്ചക്കറിക്കൃഷിയിൽ കഴിഞ്ഞ ഒരു വർഷംകൊണ്ട് 6.8 ലക്ഷം ടണ്ണിൽനിന്ന് 14.9 ലക്ഷം ടണ്ണാക്കി വർദ്ധിപ്പിക്കാൻ സാധിച്ചു. 15 ഇനം കാർഷിക ഉൽപ്പന്നങ്ങൾക്ക് തറവില നിശ്ചയിക്കാൻ സാധിച്ചു. കേന്ദ്രസർക്കാർ പലതിനും തയ്യാറാകാത്തതിന്റെ ഭാഗമായി സംസ്ഥാനം അത് ഏറ്റെടുക്കുന്ന

ഒരു സ്ഥിതിവിശേഷമാണ് ഉണ്ടായിട്ടുള്ളത്. ഇതൊക്കെ കാർഷിക മേഖലയിൽ ഉണ്ടാക്കിയ ഉണർവ് ചെറുതല്ല.

എല്ലാ ഗ്രാമീണ ഭവന പദ്ധതിയിലും കുടിവെള്ളം - ജലമിഷൻ ഇതുവരെ 10.58 ലക്ഷം കുടുംബങ്ങൾക്ക് കണക്ഷൻ നൽകി. നഗരപ്രദേശങ്ങളിൽ 2026 ആകുമ്പോഴേക്കും മുഴുവൻ വീടുകൾക്കും കുടിവെള്ളം എത്തിക്കുന്ന നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ദേശീയപാതാ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബിയിൽനിന്ന് 4,085 കോടി രൂപ നൽകി. വികസനത്തിന്റെ കാര്യത്തിൽ എല്ലാവരും വലിയ ആഹ്ലാദത്തിലാണ്. ഭൂമി വിട്ടുനൽകുന്ന കാര്യത്തിൽ കേരളത്തിൽ ഒരു കേസ്സുപോലും വന്നിട്ടില്ല. ഭൂമി വിട്ടുനൽകിയ ആൾക്കാർ ഇനിയും ഭൂമി വിട്ടുനൽകാൻ തയ്യാറാണ്. കാരണം അത്രയും വലിയ തുകയാണ് ലഭിക്കുന്നത്. ദുബായിലുള്ള എന്റെ ഒരു സുഹൃത്ത് അടുത്ത ദിവസം എന്നോട് പറഞ്ഞത്, രണ്ട് ലക്ഷം രൂപയ്ക്ക് വിൽക്കാൻ നിശ്ചയിച്ച അയാളുടെ സ്ഥലത്തിന് ആറ് ലക്ഷം രൂപ പ്രതിഫലം ലഭിക്കാൻ ഇടയായെന്നും ഇനിയും എത്ര സ്ഥലം വേണമെങ്കിലും വിട്ടുനൽകാൻ തയ്യാറാണെന്നുമാണ്. വ്യവസായ പാർക്കുകൾക്ക് ഭൂമി ഏറ്റെടുക്കാൻ 15,227 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. അടിസ്ഥാന വികസനത്തിനായി 912 പദ്ധതികൾക്കായി

44,348 കോടി രൂപ ഉൾപ്പെടെ 64,348 കോടി രൂപയാണ് കിഫ്ബി മുഖേന അനുമതി നൽകിയിട്ടുള്ളത്. ഞാൻ ഇപ്പോൾ പറഞ്ഞ ഒന്നുരണ്ട് കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒന്ന് ശ്രദ്ധിക്കണമെന്ന് പറയുകയാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ പുതിയ പല ഡിപ്പാർട്ടുമെന്റുകളും ആരംഭിച്ചിട്ടുണ്ട്. അവിടെ ആവശ്യത്തിനുള്ള ഡോക്ടർമാരും സ്റ്റാഫും ഇല്ലാത്ത ഒരവസ്ഥയുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിൽ കുറെ പ്രയാസങ്ങളുണ്ട്. ഐ.എം.സി.എച്ച്. ഏഷ്യയിൽ തന്നെ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്ന ആശുപത്രികളിലൊന്നാണ്. ആ ആശുപത്രിയിൽ നിയോനാറ്റോളജിക് ഡിപ്പാർട്ട്മെന്റ് ഉണ്ട്. അവിടെ ഡോക്ടർമാർ ഇല്ല. വളരെ പ്രഗത്ഭരായ ഡോക്ടർമാർ നമുക്ക് ലഭ്യമാണ്, അവിടേയ്ക്ക് ഡോക്ടർമാരെ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കോഴിക്കോട് ത്വക്ക് രോഗാശുപത്രിയിൽ ഒരു ദിവസം ഒ.പി.-യിൽ 400-ഓളം ആളുകൾ ചികിത്സയ്ക്കായി വരുന്നുണ്ട്. 29 ഏക്കർ സ്ഥലമാണ് അവിടെയുള്ളത്. അതിൽ അഞ്ച് ഏക്കർ സ്ഥലമെങ്കിലും മാറ്റിവച്ച് ഏറ്റവും ആധുനിക രീതിയിലുള്ള ഒരു ഡെർമെറ്റോളജി ആശുപത്രി നിർമ്മിക്കാനുള്ള തുകകൂടി അനുവദിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ, എൻ.ജി.ഒ. ക്വാർട്ടേഴ്സിന് പതിനാറര ഏക്കർ സ്ഥലമുണ്ട്. ജീവനക്കാർ

അവിടെ താമസിക്കുന്ന അവസ്ഥ കണ്ടാൽ വളരെ പരിതാപകരമാണ്. 25 കോടി രൂപയെങ്കിലും അനുവദിച്ചാൽ 12 നിലകളുള്ള രണ്ട് കെട്ടിടങ്ങൾ നിർമ്മിച്ച് അവർക്ക് വാസയോഗ്യമായ ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകാൻ സാധിക്കും. അതിനുള്ള തുക അനുവദിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. എച്ച്. സലാം</u>: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ പരിപൂർണ്ണമായും ഞാൻ പിന്തുണയ്ക്കുകയാണ്. ഒരു നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള നമ്മുടെ യാത്രയിൽ വലിയ കുതിപ്പേകുന്ന ബഡ്ജറ്റാണ് പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ചത്. സാധാരണ ഒരു സാമ്പത്തിക വർഷത്തേയ്ക്കാണ് ബഡ്ജറ്റ് എന്നതാണ് ധാരണ. പക്ഷേ അതാണ് ശരിയായ കാര്യമെങ്കിലും ബഡ്ജറ്റിന്റെ ഉള്ളടക്കത്തിലും കാഴ്ചപ്പാടുകളിലും നയസമീപനത്തിലുമെല്ലാം കേവലമായ ഒരു വർഷത്തേയ്ക്കുമാത്രം പരിമിതപ്പെടുന്ന ഒന്നല്ലെന്ന് വ്യക്തമായി ബോദ്ധ്യമാകുന്ന കാര്യമാണ്. ദീർഘദൂര കാഴ്ചപ്പാടും കേരളത്തിന്റെ ഭാവി വികസനത്തിനുതകുന്ന വളരെ വ്യക്തമായ നിലപാടുകൾ അടിമുടി ബഡ്ജറ്റിൽ പ്രതിഫലിച്ചിരിക്കുന്നുവെന്ന് നമുക്ക് കാണാൻ കഴിയും.

അങ്കണവാടികൾ മുതൽ സിൽവർലൈൻ പദ്ധതി വരെയുള്ള, കേരളീയ ജീവിതത്തിന്റെ സമസ്തമേഖലകളേയും സ്പർശിക്കുന്ന ഒരു സമഗ്രത അദ്ദേഹത്തിന്റെ ബഡ്ജറ്റിൽ ഏതുഭാഗത്തും ദർശിക്കാൻ കഴിയുന്നുവെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. കവിതാശകലങ്ങളോ കാവ്യാത്മകതയോ നാടകീയതയോ ഒന്നുമില്ലാതെ കേരളീയ ജീവിതത്തിന്റെ ഹൃദയം തൊടുന്ന പച്ചയായ ബഡ്ജറ്റാണ് അദ്ദേഹം നമ്മുടെ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. അടുത്ത 25 വർഷം കൊണ്ട് ജനങ്ങളുടെ ജീവിത നിലവാരം വികസിത രാജ്യങ്ങൾക്ക് തുല്യമാകാൻ/സമാനമാക്കാൻ വേണ്ടി ലക്ഷ്യം വയ്ക്കുന്ന പദ്ധതികൾ വളരെ കൃത്യമായി അവതരിപ്പിച്ചിരിക്കുകയാണ്. അറിവിന്റേയും ശാസ്ത്രത്തിന്റെ വളർച്ചയുടേയും അനന്തമായ സാധ്യതകളെ ഉപയോഗിച്ച് ഈ ലക്ഷ്യത്തിലേയ്ക്ക് നാം എത്തിച്ചേരാനുള്ള പദ്ധതികളാണ് അദ്ദേഹം മുന്നോട്ടുവച്ചിട്ടുള്ളത്. ഒന്നാം പിണറായി സർക്കാർ തുടങ്ങിവച്ചതും അടിത്തറയിട്ടതും അതിന്മേൽ തുടരേണ്ടതെല്ലാം തുടരുകയും കാലത്തിന്റെ ആവശ്യമനുസരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്ന വളരെയേറെ മനോഹരമായ ഒരു സമീപനം അദ്ദേഹം സ്വീകരിച്ചിരിക്കുകയാണ്. ഇവിടെ പ്രതിപക്ഷത്തിന്റെ പലപ്പോഴുമുള്ള

വിലാപം ബഡ്ജറ്റിൽ നയമില്ല, കാഴ്ചപ്പാടില്ല, നടപ്പിലാക്കാൻ കഴിയാത്ത കാര്യമാണ് എന്നെല്ലാമാണ്. അത് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുകയാണ്. നമ്മുടെ കേരളത്തിൽ സാധ്യമായ വികസനത്തിന്റെ സൃഷ്ടികളെക്കുറിച്ച് പോസിറ്റീവായ ഒരു ചെറിയ അംശംപോലും പ്രകടിപ്പിക്കാത്ത പ്രതിപക്ഷമാണിത്. അതുസംബന്ധിച്ച് ഇവിടെ മറ്റ് അംഗങ്ങൾ ചർച്ചയുടെ ഭാഗമായി ചൂണ്ടിക്കാണിച്ചതിനാൽ ഞാൻ ദീർഘമായി പറയുന്നില്ല.

കേരളത്തിൽ ലൈഫ് പദ്ധതിയുടെ ഭാഗമായി ഏതാണ്ട് രണ്ടേമുക്കാൽ ലക്ഷം കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചുകൊടുത്തു. ഒരു ലക്ഷത്തിആറായിരം പേർക്ക് പുതിയതായി വീടുകളും 2950 ഫ്ലാറ്റുകളും നിർമ്മിക്കുമെന്നാണ് ഈ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചത്. ഭവനരഹിതരില്ലാത്ത കേരളമെന്ന ഇടതുപക്ഷ കാഴ്ചപ്പാട് സാധ്യമാക്കാനും അതിന് കൂടുതൽ അടിത്തറ ഉറപ്പിക്കാനും കഴിയുന്ന നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിന്റെ ഭാഗമായി മുന്നോട്ടുവച്ചിരിക്കുകയാണ്. ഇവിടെ നേരത്തെ വടകര അംഗം സംസാരിക്കുമ്പോൾ ലൈഫ് പദ്ധതി അഴിമതിയാണെന്ന് പറയുന്നതുകേട്ടു, അത് എങ്ങനെയാണെന്ന് മനസ്സിലായില്ല. ഇതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് മൂന്നോ നാലോ തവണയായി പണം അവരുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകുകയാണ്.

ഞങ്ങളുടെയെല്ലാം മണ്ഡലങ്ങളിൽ അതിന്റെ ഭാഗമായി വീടുകൾ നിർമ്മിക്കുന്നുണ്ട്. പലപ്പോഴും പണം തികയാതെ വരുമ്പോൾ ഞങ്ങൾ സഹായിച്ചു കൊടുക്കാറുണ്ട്. ഗുണഭോക്താക്കൾക്ക് നേരിട്ട് പണം ലഭിക്കുന്ന ഈ പദ്ധതി അഴിമതിയാണെന്ന് ഏത് നിലകൊണ്ടാണ്, ഏത് ഭാവം കൊണ്ടാണ് നിങ്ങൾ ഇങ്ങനെ സംസാരിക്കുന്നത്? ഇടതുപക്ഷ ഗവൺമെന്റ് നടപ്പിലാക്കുന്ന എല്ലാ കാര്യങ്ങളേയും ഇങ്ങനെ വക്രീകരിക്കപ്പെടുന്ന പൊതുസമീപനം ഇവിടെ വലതുപക്ഷം സ്വീകരിക്കുന്നുവെന്ന് നമുക്ക് കാണാൻ കഴിയും. എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടിയുള്ള പദ്ധതികൾക്ക് വലിയ പരിഗണന കൊടുത്തിരിക്കുകയാണ്. 1935 കോടി രൂപ അതിനുമാത്രം വകയിരുത്തിയിരിക്കുന്നു. വിവാഹധനസഹായം ഒന്നേകാൽ ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. പ്രീ-മെട്രിക് മെസ്സ് ഫീസ് വർദ്ധിപ്പിക്കാൻ ഇതിന്റെ ഭാഗമായി തയ്യാറായിരിക്കുന്നു. ആരോഗ്യമേഖലയ്ക്ക് 2629 കോടി രൂപ ഈ ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുന്നു. വ്യാപകമാകുന്ന കാൻസർ നിയന്ത്രിക്കുവാനും അതുമായി ബന്ധപ്പെട്ട ധാരാളം സ്കീമുകളും ഇതിന്റെ ഭാഗമായി പ്രഖ്യാപിച്ചു. ക്യാൻസർ കൺട്രോൾ സ്ട്രാറ്റജി എന്ന നിലയിലേയ്ക്കുള്ള സമീപനംതന്നെ ഈ ബഡ്ജറ്റിന്റെ ഭാഗമായി

മുന്നോട്ടുവയ്ക്കുകയാണ്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകൾ വികസിപ്പിക്കാൻ ആവശ്യമായ പണം മാറ്റിവച്ചിരിക്കുന്നു. പാലിയേറ്റീവ് മേഖലകളിൽ നൂതനമായ കോഴ്സുകൾ ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനിക്കുന്നു. ഹെൽത്ത് സെന്ററുകൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ ആരോഗ്യ സംവിധാനത്തേയും മെച്ചപ്പെടുത്താൻ വേണ്ടിയുള്ള പദ്ധതികൾക്ക് പണം കൃത്യമായി മാറ്റിവച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന് കാണാൻ കഴിയും. ആർ.സി.സി.-യെ മികവുറ്റതാക്കാൻ കൂടുതൽ പണം തീർച്ചയായും മാറ്റിവച്ചിട്ടുണ്ട്. അതോടൊപ്പം വികേന്ദ്രീകരിച്ച് ഈ ചികിത്സാസംവിധാനം മെച്ചപ്പെടുത്താൻ പരിശ്രമിക്കണമെന്ന ഒരു നിർദ്ദേശംകൂടി അദ്ദേഹത്തിന്റെ മുൻപാകെ വയ്ക്കുകയാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ കാൻസർ ചികിത്സയ്ക്കുവേണ്ടി പ്രത്യേകമായി സ്ഥലമേറ്റെടുത്ത് കോംപൗണ്ട് കെട്ടിത്തിരിച്ച് മാറ്റിയിട്ടുണ്ട്, കാൻസർ ഡിപ്പാർട്ടുമെന്റ് അവിടെയുണ്ട്, അത് കൂടുതൽ ഡെവലപ് ചെയ്യാനും രണ്ടുമൂന്ന് ജില്ലകളിലുള്ള കാൻസർ രോഗികൾക്ക് അവിടെ ചികിത്സ ലഭ്യമാക്കാനും കഴിയുന്ന നിലയിലേയ്ക്ക് വികസിപ്പിക്കാൻ സാധിക്കും. അക്കാര്യം പരിഗണിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. യാഥാർത്ഥ്യബോധമില്ലാത്ത ബഡ്ജറ്റ്, നയമില്ലാത്ത

ബഡ്ജറ്റ്, നടക്കാത്ത പദ്ധതികൾ എന്നിങ്ങനെ പ്രതിപക്ഷ നേതാവ് നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇത് നിങ്ങൾ പലപ്പോഴും പറഞ്ഞ കാര്യമാണ്. കിഫ്ബി ആവിഷ്കരിക്കപ്പെട്ടപ്പോൾ ഇത് തട്ടിപ്പാണ്, കടക്കെണിയാണ്, പ്രയാസമാണ്, കൊള്ളയാണെന്നെല്ലാം പറഞ്ഞുകൊണ്ടേയിരുന്നു. കിഫ്ബി സാധ്യമായപ്പോൾ പറയുന്നത്, നടപ്പിലാക്കിയത്, എ.എസ്. കൊടുത്തത്, ടി.എസ്. കൊടുത്തത് എല്ലാം പൂർത്തിയായിട്ടില്ലായെന്നാണ്. ഇപ്പോൾ സ്വരം അല്പം വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. ലൈഫ് മിഷൻ പ്രഖ്യാപിച്ചപ്പോൾ നിങ്ങൾ തട്ടിപ്പാണെന്ന് പറഞ്ഞു. ഞങ്ങൾ വന്നാൽ ഇത് നിർത്തൽ ചെയ്യുമെന്ന് നിങ്ങൾ ഇലക്ഷൻ കാലത്ത് പറഞ്ഞു. ദേശീയപാതാ വികസനത്തെക്കുറിച്ച് പറഞ്ഞപ്പോൾ അത് സാധ്യമാകാത്ത കാര്യമാണെന്ന് നിങ്ങൾ പ്രഖ്യാപിച്ചു. ഇങ്ങനെ ഒന്നാം പിണറായി സർക്കാർ ഓരോ കാര്യവും നടപ്പിലാക്കാൻ മുന്നോട്ട് വന്നപ്പോൾ നിങ്ങൾ ഇതുതന്നെയാണ് പറഞ്ഞുകൊണ്ടിരുന്നത്. നിങ്ങൾ കണ്ണ് തുറന്ന് കാണണം, കേരളത്തിൽ പണിതുയർത്തപ്പെട്ട ബഹുനില മന്ദിരങ്ങളും സ്കൂളുകളും നിങ്ങൾ കാണണം. ഹെൽത്ത് സെന്ററുകൾ മുതൽ നേരത്തെ പറഞ്ഞ സ്പെഷ്യാലിറ്റി ബ്ലോക്ക് വരെയുള്ള ആരോഗ്യ സംവിധാനങ്ങൾ പടുത്തുയർത്തപ്പെട്ടത് നിങ്ങൾ കാണണം.

പണിതുയർത്തപ്പെട്ട പാലങ്ങൾ, വൻകിട റോഡ് പദ്ധതികൾ, പ്രധാന നഗരങ്ങളിലെ മേൽപ്പാലങ്ങൾ ഇതെല്ലാം നിങ്ങൾക്ക് കാണാനേ കഴിയുന്നില്ല. കേന്ദ്ര സഹായമില്ലാതെ പണിതുയർത്തപ്പെടുന്ന ടെട്രാപോഡ് സംവിധാനം ഉപയോഗിച്ചുള്ള നമ്മുടെ തീരദേശ സംരക്ഷണത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമായ കടൽഭിത്തിയും പുലിമുട്ടും നിർമ്മിക്കുന്നത് നിങ്ങൾ കാണേണ്ട ഗൗരവമായ കാര്യമാണ്. പണിതുയർത്തപ്പെട്ട ഫ്ലാറ്റുകൾ, ഇതൊന്നും കാണാൻ നിങ്ങളുടെ കണ്ണുകൾക്ക് കാഴ്ചയില്ലാത്ത അവസ്ഥയിലേയ്ക്ക് മാറ്റപ്പെടുന്നുവെന്ന കാര്യം കൃത്യമായി ഇവിടെ രേഖപ്പെടുത്തുന്നുവെന്ന് കാണാൻ കഴിയും. ഡോ. മാത്യു കുഴൽനാടൻ സാമ്പത്തിക വശത്തെക്കുറിച്ച് നന്നായി നോക്കുന്ന ആളാണ്, പക്ഷേ ഒരു കാര്യം മാത്രം അദ്ദേഹം നോക്കിയില്ല. കമ്മിയെക്കുറിച്ചും റവന്യൂ വരുമാനത്തെക്കുറിച്ചും ചെലവിനെക്കുറിച്ചും അദ്ദേഹം പറഞ്ഞു. ഇതിൽ കേന്ദ്രത്തിന്റെ വിഹിതംകൂടി നിങ്ങൾ കണക്കാക്കുന്നില്ലെങ്കിൽ വലിയ കടക്കെണിയിലായിപ്പോകുമായിരുന്നില്ലേ, കമ്മിയാകുമായിരുന്നില്ലേ എന്ന് യു.ഡി.എഫ്-ന്റെ ഭാഗത്തുനിന്നും പലരും പറഞ്ഞത് എന്തടിസ്ഥാനത്തിലാണ്? നമ്മുടെ സ്റ്റേറ്റ് ബഡ്ജറ്റ് പരിഗണിക്കുമ്പോൾ റവന്യൂ വരുമാനത്തിന്റെ പ്രധാന ഭാഗമാണ് സെൻട്രൽ ഷെയർ, അത്

പ്രത്യേകിച്ച് പറയേണ്ടതായില്ല. റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ കേന്ദ്ര നികുതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതികൾ തുടങ്ങിയവയ്ക്കെല്ലാം വലിയ കുറവ് വരികയാണ്. 18 യു.ഡി.എഫ്. എം.പി.-മാരുണ്ട്, കേന്ദ്രം കുറവ് വരുത്തുമ്പോൾ അത് പാടില്ലെന്നൊരു വാക്ക് പറയാത്തവർ, അവരുടെ ഭാഗമായി നിലകൊള്ളുന്ന ആളുകൾ, ഈ സഭയിൽ ഇടതുപക്ഷത്തിന്റെ സാമ്പത്തിക സമീപനം ശരിയായിരുന്നില്ലെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നത് കാണാൻ കഴിയും. പത്താം ധനകാര്യകമ്മീഷന്റെ ഭാഗമായി ലഭിച്ചിരുന്നത് 3.87 ശതമാനമാണ്, അത് 14-ാം ധനകാര്യകമ്മീഷനായപ്പോൾ 2.5 ശതമാനമായി കുറഞ്ഞു, ഇപ്പോൾ അത് 1.92 ശതമാനമായി കുറഞ്ഞിരിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി ലഭിക്കുന്ന പണം വെറും ഒരു ശതമാനമായി പരിമിതപ്പെട്ടിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് നമ്മുടെ സംസ്ഥാനങ്ങൾക്ക് അർഹമായ വിഹിതം.., ജി.എസ്.ടി.-യുടെ കാര്യം നേരത്തെ ഇവിടെ പറഞ്ഞു, ജൂൺ മാസമാകുമ്പോൾ അതും അവസാനിക്കാൻ പോകുകയാണ്. ഇതെല്ലാം കേരളത്തിൽ ജീവിക്കുന്ന മനുഷ്യന്റെ നികുതിയുടെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് ഈടാക്കിക്കൊണ്ടുപോകുന്ന പണം, നമുക്ക് അർഹമായി ലഭിക്കേണ്ട പണം, അത് തരാൻ തയ്യാറാകാത്ത കേന്ദ്ര

നിലപാടിനെതിരായി ഒരു വാക്കുപോലും, ഒരുപാട് സാമ്പത്തിക വശത്തെ വിശകലനം നടത്തിയ ഡോ. മാത്യു കുഴൽനാടൻ ഒരു വാക്കുപോലും ഇവിടെ പറഞ്ഞില്ല. നിങ്ങളുടെ എം.പി.-മാർ ചെയ്യുന്ന കാര്യങ്ങളും ഇങ്ങനെ തന്നെയാണ്. ദീർഘമായി ആ ഭാഗം ഞാൻ പറയുന്നില്ല, മറ്റെല്ലാ നിലയ്ക്കും നമുക്ക് പണം വെട്ടിക്കുറയ്ക്കപ്പെടുകയാണ്.

ഭക്ഷ്യ സബ്സിഡി സംബന്ധിച്ച് ഇവിടെ നേരത്തെ പറഞ്ഞു, മുൻവർഷങ്ങളിലെ കണക്കെടുക്കുമ്പോൾ 5,41,330 കോടി രൂപയാണ്, 2022-23 ആകുമ്പോൾ കേന്ദ്ര ബഡ്ജറ്റ് പ്രകാരം 2,00,683 കോടി രൂപയായി അത് കുറയുകയാണ്. കുറയുന്നത് ചെറിയൊരു സംഖ്യയോ ശതമാനമോ അല്ല, 61.8 ശതമാനം കുറവ് വരികയാണ്. ഇതിനെതിരെ നിങ്ങൾ പാർലമെന്റിൽ ശബ്ദിച്ചിട്ടില്ല. വളം സബ്സിഡി നാലിലൊന്നായി കുറയ്ക്കാൻ ഇന്ത്യാ ഗവൺമെന്റ് തീരുമാനിക്കുന്നു, നിങ്ങൾ മിണ്ടിയിട്ടില്ല. നഗര-ഗ്രാമ വികസനത്തിനുള്ള ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 21 ശതമാനമാക്കി. ഇങ്ങനെ ഓരോന്നും കുറഞ്ഞുകുറഞ്ഞു വന്നുകൊണ്ടിരിക്കുന്നുവെന്ന് കൃത്യമായി കാണാൻ കഴിയും. നിങ്ങൾ ഇപ്പോഴും നന്നാവില്ല എന്ന സമീപനം സ്വീകരിക്കുകയാണ്. ഞാൻ ദീർഘമായി പറയുന്നില്ല, നിങ്ങൾക്ക് ഒരുപാട് സംസ്ഥാനങ്ങളൊന്നും

ബഡ്ജറ്റ് അവതരിപ്പിക്കാനായി ഇല്ല. നിങ്ങൾ ഒരുപാട് സെൻട്രൽ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുണ്ട്, ധാരാളം സംസ്ഥാനങ്ങളിൽ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുണ്ട്. ഇനി അവതരിപ്പിക്കാനായി രണ്ട് സംസ്ഥാനങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്. അതും ഏറെ താമസിയാതെ കടപുഴകിപ്പോകുമെന്ന അവസ്ഥ സംജാതമാക്കപ്പെടുകയാണ്. ഇന്ത്യയുടെ ഹൃദയഭ്രമിയെന്ന്, കോൺഗ്രസ്സിന്റെ ഹൃദയമെന്ന് നിങ്ങൾ തന്നെ പറഞ്ഞുവന്ന യു.പി.-യിലെ അവസ്ഥ നേരത്തെ ചൂണ്ടിക്കാണിക്കപ്പെട്ടു. 403 സീറ്റിൽ 387 സീറ്റിലും നിങ്ങൾക്ക് കെട്ടിവച്ച പണം പോയിയെന്ന യാഥാർത്ഥ്യം നിങ്ങൾ കാണണം. ഒരു കാര്യത്തിൽ നിങ്ങളെ സമ്മതിക്കുന്നു, നിങ്ങളുടെ ദീർഘവീക്ഷണത്തെ സമ്മതിക്കുകയാണ്. 2022-ൽ ഇങ്ങനെയായിരിക്കും യു.പി.-യുടെ അവസ്ഥയെന്ന് മൂന്നുകൊല്ലം മുൻപ് കാണാൻ കഴിഞ്ഞ നിങ്ങളുടെ ദൃഷ്ടി അപാരമാണ്. അതുകൊണ്ടാണ് നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെ കേരളത്തിൽ കൊണ്ടുവന്ന് മൽസരിപ്പിച്ചത്. അന്ന് ഞങ്ങൾ നിങ്ങളെ വിമർശിച്ചു, അന്ന് നിങ്ങളോട് ചോദിച്ചു, ബി.ജെ.പി.-ക്കെതിരായ കപ്പിത്താനെ എന്തുകൊണ്ടാണ് ഇവിടെ ഞങ്ങൾക്കെതിരെ മൽസരിക്കാൻ കൊണ്ടുവന്നതെന്ന് ചോദിച്ചപ്പോൾ നിങ്ങൾ ഒരുപാട് ന്യായമൊക്കെ പറഞ്ഞു. ഇപ്പോഴാണ് ആ ന്യായം

മനസ്സിലായത്, 2022 ആകുമ്പോൾ യു.പി.-യിൽ രണ്ട് സീറ്റായി പരിമിതപ്പെട്ടുമെന്ന ഇന്നത്തെ കോൺഗ്രസ്സിന്റെ അവസ്ഥയെ മുൻകൂട്ടി കാണാൻ കഴിഞ്ഞ സാക്ഷാൽ ശ്രീ. കെ. സി. വേണുഗോപാലിന്റെയും ശ്രീ. രാഹുൽ ഗാന്ധിയുടെയും കേരളത്തിലെ കോൺഗ്രസ്സിന്റെ ദീർഘദൃഷ്ടിയെയും അങ്ങേയറ്റം വിലമതിക്കുവാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. എങ്ങനെയാണ് യു.പി.-യിൽ ബി.ജെ.പി. ജയിച്ചത്? നിങ്ങൾ എല്ലായിടത്തും മൽസരിച്ചു, 50 സീറ്റിൽ ജയിച്ചത് 203 മുതൽ 10000 വരെ വോട്ടുകളുടെ കണക്കിലാണ്. ആയിരത്തിൽ താഴെ ഭൂരിപക്ഷത്തിൽ ബി.ജെ.പി. ജയിച്ചത് 10 സീറ്റിലാണ്. എന്നുപറഞ്ഞാൽ അവിടെ മതനിരപേക്ഷ വോട്ടിനെ ഭിന്നിപ്പിക്കുന്ന നിലപാട് നിങ്ങൾ സ്വീകരിച്ചു. നിങ്ങളുടെ കൂടെ ലീഗ് ഉണ്ടായിരുന്നില്ല, നിങ്ങൾക്ക് വോട്ട് ചെയ്യാൻ ലീഗ് ഉണ്ടായിരുന്നില്ല. ഇവിടെ ലീഗ്കാർ പ്രസംഗിക്കുമല്ലോ, രാജ്യത്ത് ബി.ജെ.പി.-യെ തോൽപ്പിക്കുവാൻ കോൺഗ്രസ്സാണ് ഏക വഴിയെന്ന് ഈ സഭയിൽ പ്രസംഗിക്കുന്ന ലീഗുകാരൻ എന്തുകൊണ്ടാണ് യു.പി.-യിൽ കോൺഗ്രസ്സിന് അനുകൂലമായി വോട്ടുചെയ്യാൻ നിൽക്കാത്തത്? അതുകൊണ്ട് നിങ്ങൾ ബി.ജെ.പി.-ക്ക് അനുകൂലമായി മതനിരപേക്ഷ വോട്ടിനെ ഭിന്നിപ്പിക്കാൻ മാത്രം നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുന്ന

കാഴ്ച ഇവിടെയും കാണാൻ കഴിയും. അതുകൊണ്ട് കേരളത്തിലെ പ്രതിപക്ഷം വകതിരിവോടെ, ഇവിടെ നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ വകതിരിവോടെ ഈ നാടിന്റെ ഭാവിയെ കരുതി, ഈ നാടിന്റെ വികസന സമീപനത്തെ കണ്ട് നിലപാട് സ്വീകരിക്കാൻ തയ്യാറാകണമെന്നുമാത്രം ചൂണ്ടിക്കാണിച്ച്, ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്തുണച്ച് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സഭയിൽ ഇന്ന് നമ്മൾ ആദരാഞ്ജലികൾ അർപ്പിച്ച മതേതര കേരളത്തിന്റെ വളർച്ചയ്ക്ക് വലിയ സംഭാവനകൾ നല്കിയ പാണക്കാട് ഹൈദരലി ശിഹാബ് തങ്ങളെ ഓർമ്മിച്ചുകൊണ്ട് ഈ ചർച്ചയിൽ ഞാൻ പങ്കെടുക്കുകയാണ്.

സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നാണ് സാമ്പത്തിക അവലോകന റിപ്പോർട്ടിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ഈ ബഡ്ജറ്റിന്റെ കാലയളവിൽ 15000 കോടി രൂപയുടെ സാമ്പത്തിക സഹായമാണ് നമുക്ക് കേന്ദ്രത്തിൽ നിന്ന് നഷ്ടമാകാൻ പോകുന്നത്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 6000 കോടി രൂപ, 2022 ജൂണിനുശേഷം ജി.എസ്.ടി. കോമ്പൻസേഷൻ 9000 കോടി രൂപ കിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. ഇത്തരമൊരു അവസ്ഥയിൽ ദുർവ്യയം ചുരുക്കി തനത് വരുമാന മാർഗം

കണ്ടെത്തി വരുമാന വർദ്ധനവിന് ശ്രമിക്കാനുള്ള അവസരമാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി നഷ്ടപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്.

ഇപ്പോൾ ഭരണപക്ഷത്തെ ആളുകൾ വളരെയധികം സന്തോഷത്തിലാണ്. യു.പി.യിലെയും പഞ്ചാബിലെയും കോൺഗ്രസ്സിന്റെ പരാജയത്തെക്കുറിച്ചാണ് ചില എം.എൽ.എ.മാർ പറയുന്നത്. അവരുടെ ഭാവം കണ്ടാൽ, പഞ്ചാബിലും യു.പി.യിലും മന്ത്രിസഭ രൂപീകരിക്കുമ്പോൾ മന്ത്രി സഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്യാൻ പോകുന്നതുപോലെ തോന്നുന്നു. നിങ്ങളുടെ മന:സ്ഥിതി നിങ്ങൾ മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. മരുമകളുടെ താലി അറ്റുപോയാലും കണ്ണീര് കാണണമെന്ന നിങ്ങളുടെ ചിന്ത മാറ്റണം. മൂർഖൻ പാമ്പ് കടിച്ച് മരണപ്പെട്ട ഒരാളുടെ ശവശരീരം കൊണ്ടുപോകുന്നസമയത്ത്, ഞങ്ങളോട് കളിച്ചാൽ ഇങ്ങനെയാണെന്നാണ് ഞാഞ്ഞൂൽ പറഞ്ഞത്. അതുപോലെയാണ് ഇവരുടെ സന്തോഷം കാണുമ്പോൾ എനിക്ക് തോന്നുന്നത്. പഞ്ചാബിലെയും യു.പി.യിലേയും കോൺഗ്രസ്സിന്റെ പരാജയത്തിന് മാർക്സിസ്റ്റ് പാർട്ടിക്ക് എന്ത് പങ്കാണുള്ളത്? എന്തെങ്കിലും കാര്യം അവർക്കുണ്ടോ?

ബഡ്ജറ്റിനെക്കുറിച്ച് പറയുമ്പോൾ, ബഡ്ജറ്റിന്റെ പിറ്റേദിവസം എല്ലാ

പത്രങ്ങളും മുഖപ്രസംഗമെഴുതി. THE NEW INDIAN EXPRESS-ന്റെ തലക്കെട്ട് ഇങ്ങനെയായിരുന്നു. "Kerala budget is a missed opportunity- The fact is knowledge economy is not just about IT and skill parks. And the FM proposed to set up more IT parks when large areas in the existing facilities are lying vacant.

Considering that this is the first full Budget of the second Pinarayi Government, the FM has sorely failed to grab the opportunity to lay a sound long-term plan for economic revival."

ഇതുതന്നെയാണ് കേരളീയ സമൂഹത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്. മലയാള മനോരമയുടെ മുഖപ്രസംഗത്തിന്റെ തലക്കെട്ട് "ബഡ്ജറ്റിൽ ഉള്ളതും ഇല്ലാത്തതും - ചെലവിന്റെ വഴി വ്യക്തം; വരവിന്റെ വഴിയോ?" സംസ്ഥാന സർക്കാർ കടത്തിൽനിന്നും കടത്തിലേയ്ക്ക് കൂപ്പുകുത്തുമ്പോൾ ബഡ്ജറ്റിലെ പദ്ധതികളൊക്കെ നടപ്പാക്കാൻ എവിടെനിന്ന് പണം കണ്ടെത്തുമെന്ന ചോദ്യം അതീവ ഗൗരവമുള്ളതാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ് ഇതിന് ഉത്തരം പറയേണ്ടത്. മാതൃഭൂമിയുടെ മുഖപ്രസംഗം "സാധ്യതകളിൽ കണ്ണും നട്ട് " എന്നതാണ് അതിന്റെ തലക്കെട്ട്. പദ്ധതികൾ അത്യാവശ്യമാണ് എന്നാൽ അതിനായി

കടത്തിന്റെ മാത്രം വഴിതേടുന്നതിനുപകരം സാധാരണക്കാരെ പ്രയാസപ്പെടുത്താതെയുള്ള കൂടുതൽ വിഭവ സമാഹരണമാർഗ്ഗം കണ്ടെത്തുകയും വേണം. മുസ്ലീം ലീഗിന്റെ മുഖപത്രമായ ചന്ദ്രികയിലെ തലക്കെട്ട്, "കണക്കുകളുടെ ലീലാവിലാസം - മുൻ ധനമന്ത്രി തോമസ് ഐസക് വാക്കുകളുടെ ഗിമ്മിക്കിലൂടെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ശ്രീ. കെ. എൻ. ബാലഗോപാൽ ചെയ്തത് കണക്കുകളുടെ ലീലാവിലാസമാണെന്ന വ്യത്യാസമേയുള്ളൂ." നമ്മുടെ സ്വന്തം പത്രമായ ദേശാഭിമാനിയിൽ ബഡ്ജറ്റിനെക്കുറിച്ചുള്ള തലക്കെട്ട്, 'വികസനത്തിന്റെ കേരള ബദൽ - പുതുതായി ഏറ്റെടുക്കേണ്ടിവരുന്ന കടുത്ത സാമ്പത്തിക ഭാരങ്ങൾക്കിടയിലും അടിസ്ഥാന സൗകര്യവികസനത്തിന് കാര്യമായ തുക വകയിരുത്തി വികസനത്തിന്റെ പുതുവസന്തത്തിലേയ്ക്ക് സംസ്ഥാനത്തെ കൈപിടിക്കുകയാണ് എൽ.ഡി.എഫ്. ഭരണം." ദേശാഭിമാനിയുടെ മൂർച്ച കുറഞ്ഞോയെന്ന് ഞാൻ സംശയിക്കുന്നു. പുതുതായി ഏറ്റെടുക്കേണ്ടിവരുന്ന കടുത്ത സാമ്പത്തിക ഭാരങ്ങൾക്കിടയിലുമെന്ന് ദേശാഭിമാനി പറയുന്നുണ്ട്. നമ്മുടെ സാമ്പത്തിക പ്രതിസന്ധി സർക്കാർ അംഗീകരിക്കുന്നില്ലെങ്കിലും ദേശാഭിമാനിയെങ്കിലും അത് മനസിലാക്കിയിട്ടുണ്ടെന്നാണ് ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്. ദേശാഭിമാനിയുടെ ശൗര്യം

മാത്രമല്ല പോയത്, ഭരണപക്ഷത്തിരിക്കുന്ന പല ആളുകൾക്കും ഇപ്പോൾ പഴയതുപോലെ ശൗര്യമില്ല. ശ്രീ. എ. എൻ. ഷംസീർ, കുറേക്കാലമായി അദ്ദേഹത്തിന്റെ ശൗര്യം കുറഞ്ഞുകുറഞ്ഞ് വരികയാണ്. ഇപ്പോൾ അദ്ദേഹത്തെ ചാനലുകളിൽ കാണാനേയില്ല. ചാനലുകളിലെ അദ്ദേഹത്തിന്റെ ചർച്ച കേൾക്കാൻ നല്ല സുഖമുണ്ടായിരുന്നു. അദ്ദേഹം പറയുന്നത് മുഴുവൻ പച്ചക്കള്ളമാണെങ്കിലും ആ അസത്യത്തിനും ഒരു സൗന്ദര്യമുണ്ടെന്ന് മാത്രമല്ല അത് കേൾക്കാനും ഒരു സുഖമുണ്ട്. എന്തുകൊണ്ടാണ് അദ്ദേഹം ചാനലിൽ വരാത്തത്? ഇപ്പോൾ അദ്ദേഹത്തിന് ഒന്നും പറയാനില്ല. മാത്രമല്ല, ഒച്ചവച്ച് ഇവിടെ സംസാരിക്കുമെങ്കിലും വളരെ സിംപിളാണ് അദ്ദേഹമെന്ന് നമുക്കെല്ലാവർക്കും അറിയാം. അദ്ദേഹത്തിന്റെ പി.എ.യുടെ സ്കൂട്ടറിന്റെ പുറകിലിരുന്നാണ് രാവിലെ നിയമസഭയിലേയ്ക്ക് വരുന്നത്. അതുകാണുമ്പോൾ ഞാനും ശ്രീ. പി. ഉബൈദുള്ളയുമൊക്കെ ചോദിക്കും, ഇത് എപ്പോഴാണ് മാറുന്നതെന്ന്, മുകളിൽ ലൈറ്റുവച്ച കാറിൽ നിങ്ങൾ എപ്പോഴാണ് സഞ്ചരിക്കുന്നതെന്ന്.... അദ്ദേഹത്തിന് അതിനൊരു അവസരം കിട്ടുമെന്ന് ഞങ്ങൾ വിചാരിച്ചു. പക്ഷേ നിങ്ങൾ അവസരം കൊടുത്തില്ല. എന്തുകൊണ്ടാണ് നിങ്ങളത് കൊടുക്കാത്തത്? എം.എൽ.എ. മാരെയും മന്ത്രിമാരെയും തെരഞ്ഞെടുക്കുമ്പോൾ ജാതി മാത്രമല്ല ഉപജാതിയും

മതവും നിങ്ങൾ നോക്കും. അതിനുശേഷം ഞങ്ങളോട് മതമാണ് വലുതെന്ന് പറയും. ഞങ്ങൾക്ക് മതം തന്നെയാണ് വലുത്. മതമനുസരിച്ച് ഞങ്ങൾ ജീവിക്കും. അതുപോലെതന്നെ ഞങ്ങൾ മതേതരത്വത്തിൽ അടിയുറച്ച് നിൽക്കും. ഒരാഴ്ചമുമ്പ് മഹാനായ പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ അന്തരിച്ചപ്പോൾ പാണക്കാട്ടേയ്ക്ക് ഒഴുകിയ ജനം എന്താണ് വ്യക്തമാക്കുന്നത്; ഞങ്ങളുടെ മതേതരത്വത്തിന് കിട്ടിയ അംഗീകാരമാണത്. ഹൈദരലി ശിഹാബ് തങ്ങളും ആ മഹാൻ കെട്ടിപ്പടുത്ത പാർട്ടിയും കേരളത്തിന്റെ മതേതരത്വത്തിന് നൽകിയ ധന്യമായ സംഭാവനകളെ കേരള സമൂഹം അംഗീകരിക്കുന്നതിന്റെ തെളിവായിരുന്നു അത്. പ്രവാസികളോട് നിങ്ങൾക്ക് വലിയ സ്നേഹമാണെന്ന് ഞാൻ മനസിലാക്കുന്നു. ബഹുമാന്യനായ നമ്മുടെ മുഖ്യമന്ത്രി അമേരിക്കയിൽനിന്നും ചികിത്സ കഴിഞ്ഞ് യു.എ.ഇ.-യിലാണ് വന്നത്. നിങ്ങളുടെ എല്ലാ സമ്പത്തും കേരളത്തിലേയ്ക്ക് കൊണ്ടുവരൂ നമുക്ക് അവിടെ വ്യവസായം തുടങ്ങാമെന്ന് പ്രവാസികളോട് അദ്ദേഹം പറഞ്ഞു. പക്ഷേ ഞാൻ ഒരുകാര്യം ഇവിടെ സൂചിപ്പിക്കുകയാണ്, കണ്ണൂർ ജില്ലയിൽ നിന്നുള്ള എം.എൽ.എ.-മാർ ഇവിടെയുണ്ട്. കഴിഞ്ഞയാഴ്ച ഞാൻ ദുബായിലായിരുന്നു. അവിടെ വച്ച് ഒരു സുഹൃത്ത് എനിക്കൊരു കത്തുനൽകി. ആ കത്തിലെ എല്ലാ കാര്യങ്ങളും ഞാൻ വായിക്കുന്നില്ല, കുറച്ചുകാര്യങ്ങൾ

ഞാനിവിടെ വായിക്കാം. അഫ്സൽ മാതമംഗലം, അദ്ദേഹത്തെ നിങ്ങൾക്ക് ഞാൻ പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. "ഞാൻ അഫ്സൽ മാതമംഗലം. കണ്ണൂർ ജില്ലാ സി.ഐ.ടി.യു. തൊഴിലാളികൾ സമരം ചെയ്ത കടയിൽനിന്ന് സാധനം വാങ്ങിയതിന് അക്രമിക്കപ്പെട്ടത് ഞാനാണ്. ഫെബ്രുവരി 2-ന് എന്റെ കടയുടെ മുന്നിൽനിന്നും പന്ത്രണ്ടോളം വരുന്ന സി.ഐ.ടി.യു. തൊഴിലാളികൾ നടുറോഡിലിട്ട് എന്നെ അക്രമിക്കുന്ന സി.സി.ടി.വി. ദൃശ്യങ്ങളടക്കം പോലീസിന് കൈമാറിയിട്ടും നടപടിയുണ്ടായില്ല. ഫെബ്രുവരി 17-ന് സഹോദരിയെ കോളേജിൽനിന്ന് കൊണ്ടുവിടാൻ പോകുന്നവഴി മാതമംഗലം-പാണപ്പുഴ റോഡിൽവച്ച് എന്നെ പിൻതുടർന്ന് ബൈക്കിൽ വന്ന, മുമ്പെന്നെ അക്രമിച്ച പ്രതികളിൽ ഒരാളായ സി.ഐ.ടി.യു. തൊഴിലാളിയും കുനിയംകോട് ബ്രാഞ്ച് സെക്രട്ടറിയുമായ രഞ്ജിത് എന്നയാൾ എനിക്കുനേരെ കത്തിവാൾ വീശുകയും ഭാഗ്യംകൊണ്ട് ഞാൻ അവിടെനിന്നും രക്ഷപ്പെടുകയും ചെയ്തു" ഇതിനാണോ നിങ്ങൾ ഗൾഫിലുള്ള ആളുകളെ വ്യവസായം തുടങ്ങാനായി കേരളത്തിലേയ്ക്ക് ക്ഷണിക്കുന്നതെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്..........

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഈ ബഡ്ജറ്റിനെക്കുറിച്ച്

പറയുമ്പോൾ എന്റെ ജില്ലയെക്കുറിച്ച് പറയാൻ ഒരു മിനിറ്റ് അനുവദിക്കണം. കാസർഗോഡുള്ളവർ എന്ത് പിഴച്ചെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്. എന്ത് തെറ്റാണ് കാസർഗോഡുകാർ നിങ്ങളോട് ചെയ്തത്. നമ്മുടെ കുട്ടികൾ സ്കൂളിൽ പഠിക്കുന്നത് കേരളത്തിൽ 14 ജില്ലകളുണ്ടെന്നാണ്. ഈ ബഡ്ജറ്റ് കാണുമ്പോൾ നമുക്ക് മനസിലാകുന്നത് കേരളത്തിൽ 13 ജില്ലകൾ മാത്രമേയുള്ളൂവെന്നാണ്. നാല് മണിക്കൂർ കൊണ്ട് കാസർഗോഡ് നിന്നും തിരുവനന്തപുരത്തേയ്ക്ക് എത്തുന്നതാണോ കാസർഗോഡുകാരുടെ പ്രധാനപ്പെട്ട പ്രശ്നം; ഞങ്ങൾക്ക് വിദ്യാഭ്യാസവും കുടിവെള്ളവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും വേണ്ടേ; അത് നിങ്ങൾ നൽകിയോ? കാസർഗോഡ് കേരളത്തിന്റെ ഭാഗമല്ലേ? നിങ്ങൾ ഇങ്ങനെയാണ് ചിന്തിക്കുന്നതെങ്കിൽ ഞങ്ങൾക്കും വേറെ വഴി ചിന്തിക്കേണ്ടിവരുമെന്നാണ് നിങ്ങളോട് എനിക്ക് പറയാനുള്ളത്.

മി. ചെയർമാൻ: പ്ലീസ്.....കൺക്ലൂഡ്.........

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: നിങ്ങളുടെ കൂട്ടത്തിൽത്തന്നെ മിടുക്കന്മാരായ കാസർഗോഡുകാരുണ്ടല്ലോ? ഇനി നിങ്ങൾ മന്ത്രിമാരെ തെരഞ്ഞെടുക്കുമ്പോൾ അവരെ നിങ്ങൾക്ക് അംഗീകരിച്ചുകൂടേ; അവരെ

അംഗീകരിക്കാത്തതിൽനിന്നും ഞങ്ങൾ എന്താണ് മനസിലാക്കേണ്ടത്; നിങ്ങൾക്ക് കാസർഗോഡിനോട് പുച്ഛമാണെന്നാണ്.

മി. ചെയർമാൻ: ദയവായി അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് ഇവിടെയുണ്ട്. കേരളത്തിൽ 44 നദികളുണ്ടെന്ന് അദ്ദേഹത്തിനറിയാം. അതിൽ ഏറ്റവും കൂടുതൽ നദികളൊഴുകുന്നതും ടൂറിസത്തിന് വളരെയധികം സാധ്യതകളുള്ളതുമായ ജില്ലയാണ് കാസർഗോഡ്. പക്ഷെ പരിഗണിച്ചില്ല. ഇടുക്കി, വയനാട്, കാസർഗോഡ് എയർ സ്ട്രിപ്പ് 4.51 കോടി രൂപയ്ക്ക് ഡി.പി.ആർ. തയ്യാറാക്കണം, ഭൂമി ഏറ്റെടുക്കണം. ഭൂമിയേറ്റെടുക്കുന്നതിന് നാല് കോടി രൂപയാണോ നൽകേണ്ടത്.

മി. ചെയർമാൻ: അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് പാക്കേജിന് കഴിഞ്ഞ വർഷം 125 കോടി രൂപ നൽകി ഇപ്രാവശ്യം 75 കോടിയാണ് മാറ്റിവച്ചിരിക്കുന്നത്. കാസർഗോഡ് മെഡിക്കൽ കോളേജിനെക്കുറിച്ച് ഒരക്ഷരംപോലും ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല. സമഗ്ര എൻഡോസൾഫാൻ പാക്കേജിനായി 17 കോടിരൂപ... ഇതിൽ 80 ശതമാനവും വനിതാ

ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്നതാണ് എന്നാണ് പറയുന്നത്. വനിതകൾ മാത്രമാണോ എൻഡോസൾഫാൻ ഇരകളായിട്ടുള്ളത്. എൻഡോസൾഫാൻ ഇരകളായിട്ടുള്ള ആണുങ്ങൾക്ക് ഒരു സഹായവുമില്ലേ? അതുകൊണ്ട് അത്തരത്തിൽ ഒരു .........(മൈക്ക് ഓഫ്)....വ്യക്തമായ മറുപടി ബഹുമാനപ്പെട്ട മന്ത്രി നൽകണം.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേരളം നേരിടുന്ന എല്ലാ വെല്ലുവിളികളെയും അതിജീവിച്ച് ഒരു നവകേരളത്തെ കെട്ടിപ്പടുക്കുകയെന്ന അതിമഹത്തായ ലക്ഷ്യം മുൻനിർത്തിക്കൊണ്ടുള്ള ഏറ്റവും മികച്ച ബഡ്ജറ്റാണ് സഖാവ് ശ്രീ. കെ. എൻ. ബാലഗോപാൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. എനിക്ക് മുമ്പേ പ്രസംഗിച്ച ശ്രീ. എൻ. എ. നെല്ലിക്കുന്ന് 'കാസർഗോഡുകാർ എന്ത് തെറ്റു ചെയ്തു'-എന്നൊരു ചോദ്യം ചോദിച്ചു. അതുതന്നെയാണ് എനിക്കും ചോദിക്കാനുള്ളത്. മുൻ എം.എൽ.എ. ശ്രീ. എം. സി. കമറുദ്ദീനുമായി ബന്ധപ്പെട്ട വിഷയം ഇവിടെ എല്ലാവർക്കും അറിയാം. ആ ആളുകളും ചോദിക്കുന്നത് കാസർഗോഡുകാർ എന്ത് തെറ്റ് ചെയ്തു എന്നാണ്, ഇതിന് ലീഗ് മറുപടി പറയണം. ഈ ബഡ്ജറ്റിന്റെ പ്രത്യേകത എന്തെന്നാൽ, ചരിത്രത്തിൽ സമാനതകളില്ലാത്ത ഏറ്റവും വലിയ പ്രതിസന്ധികളിലൂടെ

നമ്മൾ കടന്നുപോയ കാലഘട്ടമാണ് കഴിഞ്ഞുപോയത് എന്നാണ്. അശാസ്ത്രീയമായി നടപ്പിലാക്കിയ നോട്ട് നിരോധനം, ജി.എസ്.ടി., ഓഖി, നിപ, രണ്ട് പ്രളയങ്ങൾ തുടങ്ങിയവയെല്ലാം അതിജീവിച്ച് നമ്മൾ മുമ്പോട്ടുപോകുമ്പോഴാണ് കോവിഡ് മഹാമാരി വലിയ പ്രതിസന്ധി വിതച്ചത്. അത് വരുമാനത്തിൽ വലിയ രീതിയിലുള്ള തടസ്സങ്ങൾ സൃഷ്ടിച്ചുവെങ്കിലും കേരളത്തിലെ ഇടതുപക്ഷ സർക്കാർ അത്ഭുതമാണ് സൃഷ്ടിച്ചിരിക്കുന്നത്. മറ്റൊന്നുമല്ല, വരുമാനം വളരെയേറെ കുറഞ്ഞിരിക്കുമ്പോഴും ഈ സർക്കാർ നടത്തിയ കരുതലാണ് ആ അത്ഭുതം. ഇക്കാലയളവിൽ സാമൂഹ്യക്ഷേമ പെൻഷൻ കിട്ടാത്ത ഒരാളുപോലും കേരളത്തിലുണ്ടായില്ലായെന്നത് അത്ഭുതംതന്നെയാണ്. നമുക്കറിയാം കുറച്ചുകാലം മുമ്പ്, ഈ പ്രതിസന്ധികളൊന്നും ഇല്ലാതിരിക്കുമ്പോഴും സാമൂഹ്യക്ഷേമ പെൻഷൻ കിട്ടാത്ത ധാരാളമാളുകൾ കേരളത്തിലുണ്ടായിരുന്നു. ചികിത്സ കിട്ടാതെ ഒരാളുപോലും ഈ കോവിഡ് കാലത്ത് കേരളത്തിൽ ഉണ്ടായില്ലായെന്നത് അഭിമാനകരമായ നേട്ടമാണ്. പട്ടിണിമരണങ്ങളോ ഓക്സിജൻ കിട്ടാതെയുള്ള മരണങ്ങളോ എൽ.ഡി.എഫ്. സർക്കാർ ഭരിക്കുന്ന കേരളത്തിൽ ഉണ്ടായില്ലായെന്നത് മികച്ച രീതിയിൽ സമ്പത്ത് കൈകാര്യം ചെയ്യുന്നതിൽ ഈ സർക്കാർ വിജയിച്ചുവെന്നതിന്റെ

ഏറ്റവും വലിയ തെളിവാണ്. നമുക്ക് കിട്ടേണ്ട ജി.എസ്.ടി. വിഹിതം കുറയ്ക്കുന്നതോടൊപ്പംതന്നെ കേന്ദ്രം ജി.എസ്.ടി. നഷ്ടപരിഹാരം ഇനിമുതൽ തരാതിരിക്കാൻ പോകുകയുമാണ്. അതോടൊപ്പംതന്നെ കേരളത്തിന് ന്യായമായും കിട്ടേണ്ട തുക കേരളം കൈവരിച്ച നേട്ടങ്ങൾ കണക്കിലെടുത്തുകൊണ്ട് തടഞ്ഞുവയ്ക്കാനുള്ള ശ്രമവും കേന്ദ്രസർക്കാരിന്റെ ഭാഗത്തിനുമുണ്ടാകുകയാണ്. പതിനാലാം ധനകാര്യ കമ്മീഷൻ നിശ്ചയിച്ച വിഹിതം 2.5 ശതമാനമായിരുന്നുവെങ്കിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ അത് 1.92 ശതമാനമായി വെട്ടിക്കുറച്ചിരിക്കുകയാണ്. എൽ.ഡി.എഫ്, യു.ഡി.എഫ്, ബി.ജെ.പി. എന്നീ വ്യത്യാസമില്ലാതെ കേരളത്തിലെ എല്ലാവരെയും ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയമാണിത്. യു.ഡി.എഫ്.-ന്റെ 18 എം.പി.മാരും കെ-റെയിൽ കേരളത്തിന് ആവശ്യമില്ല എന്നുപറയാൻ പോയിരുന്നു, എന്നാൽ കേരളത്തിന്റെ വെട്ടിക്കുറച്ച വിഹിതം തിരിച്ചുനൽകണമെന്നും കേരളത്തിന് ആവശ്യമായ തുക അനുവദിക്കണമെന്നും പറയാൻ അവർ പോയില്ല എന്നതിലെ രാഷ്ട്രീയം ജനങ്ങൾ കാണുകയാണ്. കേന്ദ്ര ബഡ്ജറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ നമുക്കറിയാം, അവർ സ്വീകരിച്ച നയം നേരത്തെ കോൺഗ്രസ് സ്വീകരിച്ചിരുന്ന അതേ നയമാണ്, എല്ലാം വിറ്റുതുലയ്ക്കുക എന്നതാണത്.

ഏറ്റവുമവസാനം പാലങ്ങളും റോഡുകളും റെയിൽവേ സ്റ്റേഷനുകളുമടക്കം വിറ്റുതുലയ്ക്കാൻവേണ്ടി തയ്യാറായി മുമ്പോട്ടുവരുമ്പോഴാണ് കേരളം അതിൽനിന്നും വ്യത്യസ്ത മാതൃകയായി പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. ഈ കടുത്ത പ്രതിസന്ധിയിൽനിന്നും നമ്മൾ കരകയറുന്നുവെന്നത് വലിയ ആശ്വാസം നൽകുന്ന കാര്യമാണ്. കഴിഞ്ഞ മാസങ്ങളിൽ 14.5% ജി.എസ്.ടി. വരുമാനം ഉയർത്തിക്കൊണ്ട് കോവിഡ് മഹാമാരിക്കുശേഷം ഒരു തിരിച്ചുവരവിന്റെ പാതയിലാണ് കേരളമെന്നത് വലിയ സന്തോഷം നൽകുന്നുണ്ട്. കോവിഡ് പ്രതിരോധ മേഖലയിലുൾപ്പെടെ വിവിധ മേഖലകളിൽ വലിയ നേട്ടംകൊയ്ത സർക്കാരാണിത്. നീതി ആയോഗിന്റെ, ആരോഗ്യ സൂചികയിൽ, കോവിഡ് പ്രതിരോധത്തിലും സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ കാര്യത്തിലും ഏറ്റവും മികച്ച ഭരണനിർവ്വഹണം നടത്തുന്ന സംസ്ഥാനമെന്ന നിലയിലും നിരവധിയായ നേട്ടങ്ങൾ കേരളം നേടിയിരിക്കുന്നു. പട്ടിണിക്കാർ ഏറെയുള്ള രാജ്യമായി നമ്മുടെ ഇന്ത്യാ രാജ്യം മാറുമ്പോഴും കേരളം അഭിമാനകരമായ ചില പ്രവർത്തനങ്ങളിലൂടെ അതിദാരിദ്ര്യം ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങളുമായി മുമ്പോട്ടുപോകുകയാണ്. 643052 ആളുകളെ കണ്ടെത്തി അവർക്ക് പ്രത്യേകമായ പദ്ധതി ആവിഷ്ക്കരിച്ച്

നടപ്പിലാക്കുകയാണ്. വിശപ്പിനെ ഏറ്റവുംകൂടുതൽ പരിഗണിച്ചുകൊണ്ട് 'വിശപ്പുരഹിത കേരളം' എന്ന ആശയവുമായി മുമ്പോട്ടുപോകുകയാണ്. വിലക്കയറ്റത്തെ പിടിച്ചുനിർത്താനായി 2000 കോടി രൂപ അനുവദിച്ചുകൊണ്ട് ഈ നാട്ടിലെ സാധാരണ ജനങ്ങളുടെ ജീവിതം ദുഃസ്സഹമാകുന്നത് തടയാനുള്ള പ്രവർത്തനങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. കാലവർഷം ഏറ്റവും കൂടുതലായി ലഭിക്കുന്നത് പലപ്പോഴും കൃഷിയെ ബാധിച്ചിട്ടുപോലും കാർഷിക മേഖലയിൽ വലിയ മാറ്റം ഈ കാലഘട്ടത്തിൽ നമുക്കുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്, ഞാൻ ആ കണക്കുകളിലേയ്ക്ക് വിശദമായി കടക്കുന്നില്ല. കാർഷിക മേഖല പുതിയൊരു രീതിയിലേയ്ക്ക് പോകുകയാണ്. മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കാനും അവയെ പ്രോത്സാഹിപ്പിക്കാനുമായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുകയാണ്. നെല്ലിന്റെ താങ്ങുവില 28.20 രൂപയായി ഉയർത്തിയത് പാലക്കാട് ജില്ലയിലടക്കമുള്ള സാധാരണക്കാരായ കർഷകരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അതോടൊപ്പംതന്നെ അഗ്രിടെക് ഫെസിലിറ്റി കേന്ദ്രങ്ങൾവഴി 175 കോടി രൂപ അനുവദിച്ചുകൊണ്ട് വ്യത്യസ്തങ്ങളായ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. 100 കോടി രൂപ

ചെലവഴിച്ചുകൊണ്ട് 10 മിനി ഫുഡ് പ്രോസസ്സിംഗ് പാർക്കുകൾ വ്യവസായ വകുപ്പിന്റെ കീഴിൽ ആരംഭിക്കാൻ പോകുകയാണ്. മാർക്കറ്റിംഗിനുവേണ്ടി സിയാൽ മോഡൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ സാധാരണക്കാരന് സഹായകമാകുന്ന വലിയ മാറ്റങ്ങൾ ഉണ്ടാകുമ്പോൾത്തന്നെ വ്യവസായമേഖലയിലും ഉന്നതവിദ്യാഭ്യാസ മേഖലയിലും വലിയ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ധാരാളം മികച്ച തീരുമാനങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഈ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം പ്രോജക്ട് മോഡിൽ ഷോർട്ട് ടേം കോഴ്സുകളും പി. ജി. കോഴ്സുകളും ആരംഭിച്ച് സർവ്വകലാശാലകൾക്ക് വരുമാനമുണ്ടാക്കാനും അതോടൊപ്പംതന്നെ ഒരു തൊഴിൽ ലഭ്യമാകുന്ന രീതിയിലേയ്ക്കും സംരംഭകരായും നമ്മുടെ യുവാക്കളെ വളർത്തിക്കൊണ്ടുവരാനുമുതകുന്ന മികച്ച പദ്ധതികൾ അഞ്ചുവർഷം ലക്ഷ്യമിട്ടുകൊണ്ട്, ഓരോ യൂണിവേഴ്സിറ്റിക്കും മൂന്ന് പ്രോജക്ടുകൾ വീതം 20 കോടി രൂപ അനുവദിച്ചിരിക്കുകയാണ്. അതോടൊപ്പം അക്കാദമിക നിലവാരം വർദ്ധിപ്പിക്കുന്നതിനുമാത്രമല്ല, ട്രാൻസ്ലേഷണൽ ലാബുകൾ, ഇൻക്യുബേഷൻ സെന്ററുകൾ, സ്റ്റാർട്ടപ്പുകൾ, ഗവേഷണങ്ങൾ തുടങ്ങി

നിരവധിയായ കാര്യങ്ങൾ കാമ്പസുകളിൽ ഏർപ്പെടുത്തുകയും അവയെല്ലാംതന്നെ ജനങ്ങളിലേയ്ക്കെത്തിക്കാനുള്ള ഏറ്റവും മികച്ച പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് ഏറെ പ്രയോജനം കിട്ടുന്നതരത്തിൽ 1500 പുതിയ ഹോസ്റ്റൽ മുറികൾ 250 ഇന്റർനാഷണൽ ഹോസ്റ്റൽ മുറികൾ എന്നിവയടക്കമുള്ള നിരവധിയായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 2019-ൽ 45000 കോടി രൂപ വരുമാനം നേടിത്തന്ന വിനോദസഞ്ചാരമേഖല കോവിഡ് പശ്ചാത്തലത്തിൽ വലിയ പ്രതിസന്ധിയിലൂടെ കടന്നുപോയി. നിരവധിയായ നടപടികളിലൂടെ ഇന്നത് തിരിച്ചുവരവിന്റെ പാതയിലാണ്. വാക്സിനേറ്റഡ് ടൂറിസം, റിവോൾവിംഗ് ഫണ്ട്, കാരവാൻ ടൂറിസം തുടങ്ങി നിരവധിയായ പദ്ധതികളിലൂടെ കേരളത്തിൽ ടൂറിസം ഹബ്ബുകൾക്ക് തുടക്കമിട്ടുകൊണ്ട് ടൂറിസം മേഖല വലിയ മാറ്റങ്ങളുണ്ടാക്കുകയാണ്. ഇത്തരത്തിലുള്ള നിരവധിയായ കാര്യങ്ങളുണ്ട്, ഞാൻ ഓരോന്നിലേയ്ക്കും പ്രത്യേകമായി കടക്കുന്നില്ല. സിൽവർ ലൈനുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ ചർച്ചയിൽ വന്നു. നമ്മുടെ ജീവിതത്തിൽ ധാരാളം ടെക്നോളജിക്കൽ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. കമ്മ്യൂണിക്കേഷൻ രംഗത്താണെങ്കിൽ നമുക്കറിയാവുന്നതുപോലെ

മൊബൈലുകളിൽത്തന്നെ ഏറ്റവും ആധുനികമായ സ്മാർട്ട് ഫോണുകൾ വന്നിരിക്കുകയാണ്, അതിലെ ടെക്നോളജികൾ മാറിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ബിൽ പേയ്മെന്റുകൾ, മണി ട്രാൻസ്ഫർ, ടെലിവിഷൻ കാണുന്നതിൽ തുടങ്ങി എല്ലാത്തിലും മാറ്റംവന്ന് പുതിയ ടെക്നോളജികൾ വന്നുകൊണ്ടിരിക്കുകയാണ്. സെൽഫ് ഡ്രൈവിംഗ് കാറുകൾ, വോയിസ് ബേസ്ഡ് അസിസ്റ്റന്റ് സംവിധാനം എന്നിവയൊക്കെ വരുമ്പോഴും commute ചെയ്യാനുള്ള സൗകര്യങ്ങൾ ഇപ്പോഴും കുറവാണ്. സിൽവർ ലൈൻ ഇവിടെയുള്ള സാധാരണക്കാരായ എല്ലാവർക്കും ആവശ്യമായ പദ്ധതിയാണ്. അത് നടന്നില്ലെങ്കിൽ വരുംതലമുറ വലിയ ചോദ്യങ്ങളിലേയ്ക്ക് നമ്മെ കൊണ്ടുപോകും. സിൽവർ ലൈൻ അടക്കമുള്ള പദ്ധതികളെ എതിർക്കുന്നത് അത്തരമൊരു പദ്ധതി കോൺഗ്രസിനും, യു.ഡി.എഫ്-നും നടപ്പിലാക്കാൻ പറ്റാത്തതുകൊണ്ടാണ്. ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസിന്റെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുകയാണെന്നാണ് എനിക്ക് ലീഗിന്റെ സുഹൃത്തുക്കളോട് പറയാനുള്ളത്. മറ്റൊന്നുംകൊണ്ടല്ല, ആത്മാവ് നഷ്ടപ്പെട്ട ശരീരമായി അതല്ലെങ്കിൽ രക്തം വാർന്നൊലിച്ച ശരീരമായി കോൺഗ്രസ് മാറിയിരിക്കുകയാണ്, കോൺഗ്രസിന് രാഷ്ട്രീയം നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ രാജ്യത്ത് ബി.ജെ.പി. അധികാരത്തിൽ വരുന്നത് communal

polarisation-നോട്ടുകൂടിയാണ് (വർഗ്ഗീയമായി ധ്രുവീകരിച്ചുകൊണ്ടാണ്). രാമക്ഷേത്രം പണിയുന്ന കാര്യത്തിൽ അതിനെ സ്വാഗതം ചെയ്തവരാണ് കോൺഗ്രസുകാർ. അതോടൊപ്പംതന്നെ രാമക്ഷേത്രമാക്കാൻ ബാബ്റി മസ്ജിദിന്റെ വാതിലുകൾ ആദ്യമായി രാജീവ് ഗാന്ധി തുറന്നുകൊടുത്തു. അതിനുശേഷം  നരസിംഹ റാവുവിന്റെ കാലത്ത് ബാബ്റി മസ്ജിദ് പൊളിക്കുന്നു. അതുപോലെ പശുവിനെവച്ചുകൊണ്ടുള്ള രാഷ്ട്രീയം. കുറച്ചുകാലമാണ് കമൽനാഥ് അധികാരത്തിൽ വന്നത്. അപ്പോഴാണ് National Security Act വച്ച് പശുവിനെ കൊന്നുവെന്ന് ആരോപിച്ചുകൊണ്ട് അറസ്റ്റ് ചെയ്യുന്ന രീതിയിലേക്ക് പോയത്. ബി.ജെ.പി.-ക്ക് പഠിക്കുന്ന ബി-ടീം ആയി മാറിയിരിക്കുകയാണ്. ഇനിയും മുസ്ലിംലീഗ് അടക്കമുള്ള രാഷ്ട്രീയ പാർട്ടികൾ തിരിച്ചറിഞ്ഞിട്ടില്ലെങ്കിൽ ഒരു കാര്യം പറയാം. ശ്രീ. പി. കെ. ബഷീർ, ഡോ. എം. കെ. മുനീർ അടക്കമുള്ളവർ ശ്രീമതി പ്രിയങ്ക ഗാന്ധിയുടെകൂടെ ലാസ്റ്റ് ബസ് പിടിക്കാനായി ഓപ്പൺ വാഹനത്തിൽ യാത്ര ചെയ്തിരുന്നു. അങ്ങനെ കേരളത്തിൽ ഓപ്പൺ വാഹനത്തിൽ യാത്രചെയ്ത് ശ്രീ. രാഹുൽഗാന്ധി എം.പി.-യായി മാറി. എന്നാൽ അവിടെനിന്ന രാഹുൽഗാന്ധിയുടെ തട്ടകത്തിൽ തോറ്റു. ആ യു.പി.-യിലേക്ക് ലീഗുകാർ പോയപ്പോൾ ആ വണ്ടിയുടെ ഡിക്കിയിൽപോലും ഇടാൻ ലീഗുകാരെ

സമ്മതിച്ചില്ലെന്ന രാഷ്ട്രീയം നിങ്ങൾ തിരിച്ചറിയണം. അവിടെ (Asaduddin Owaisi) ഒവൈസി-യുടെകൂടെ കൂടികൊണ്ട് മതനിരപേക്ഷ വോട്ടുകളിൽ ഏതാണ്ട് 60 സീറ്റുകളോളം നഷ്ടപ്പെടുത്തി ബി.ജെ.പി.യെ സഹായിക്കുന്ന നിലയിലേയ്ക്ക് മുസ്ലിംലീഗും അധ:പതിച്ചു. അങ്ങനെ ഇന്ത്യയിലെ രാഷ്ട്രീയമില്ലാത്ത... കോൺഗ്രസ്സ് നഷ്ടപ്പെട്ടാൽ എല്ലാം നഷ്ടപ്പെട്ടെന്ന് പറയുന്നുണ്ട്. കോൺഗ്രസ്സിനെ നഷ്ടപ്പെടുത്തിയത് കോൺഗ്രസ്സ് തന്നെയാണ്. ഇന്ത്യയിൽ ഏതാണ്ട് ആറ് സംസ്ഥാനങ്ങളിൽ അധികാരത്തിൽവന്ന വലിയ കക്ഷികളായിട്ടുപോലും അവിടെ ഗവൺമെന്റ് ഫോം ചെയ്യാൻ കഴിയാത്ത രീതിയിലേക്ക് കോൺഗ്രസ്സ് അധ:പതിച്ചു. ഏതാണ്ട് 222 സ്ഥാനാർത്ഥികളാണ് കോൺഗ്രസ്സിനായി മത്സരിച്ചവർ ബി.ജെ.പി.-യിലേക്ക് പോയത്. ഏതാണ്ട് 177 എം.പി.-മാരും എം.എൽ.എ.-മാരുമാണ് ബി.ജെ.പി.-യിലേക്ക് മാറിക്കൊണ്ട് ഈ രാജ്യത്തിന്റെ മതനിരപേക്ഷതയെ തകർത്തുകൊണ്ട് ഇന്ത്യയിലെ വർഗ്ഗീയ ഫാസിസ്സത്തിന് അവസരമൊരുക്കിയത്. രാഷ്ട്രീയം നഷ്ടപ്പെട്ട, ആത്മാവ് നഷ്ടപ്പെട്ടവരാണ് Indian National Congress (INC). അഭിനവ ബ്രൂട്ടസുമാരാണ്, ചതിയാണ് ഏറ്റവും വലുത്. വിശ്വാസ വഞ്ചന അത് മറ്റുള്ളവരോട് മാത്രമല്ല; സ്വയം വിശ്വാസ വഞ്ചന ഏറ്റവും വലുതാണ്. അതിന്

ഏറ്റവും വലിയ ഉദാഹരണമാണ്, ഇവിടത്തെ പ്രതിപക്ഷനേതാവിന്റെ വീട്ടിൽ പോലും കെ. പി. സി. സി. പ്രസിഡന്റ് ചാരന്മാരെ അയച്ച് റെയ്ഡ് നടത്തുകയാണ്. ഈ രീതിയിലേക്ക് സ്വന്തം പ്രവർത്തകരെപോലും വിശ്വസിക്കാത്ത അവിശ്വാസത്തിന്റെ ഏറ്റവും വലിയ കേന്ദ്രമായി Indian National Congress അടക്കം മാറുമ്പോൾ അവിടെ മാതൃകയായിട്ടുള്ള വികസന കാഴ്ചപ്പാടുമായി ജനങ്ങൾക്ക് ഇച്ഛാശക്തിയോടെ പ്രതീക്ഷിക്കാൻ കഴിയുന്ന രീതിയിൽ ജനങ്ങളുടെ വികസന കാഴ്ചപ്പാടുകളും അവരുടെ ആവശ്യങ്ങളും നിറവേറ്റിക്കൊണ്ട് ഇന്ത്യയിൽ മാതൃകയായികൊണ്ട് ഇടതുപക്ഷ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഈ ഗവൺമെന്റ് രാജ്യത്തിന് മാതൃകയാണ്. അതുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പിൻതുണയ്ക്കുകയാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, യാഥാർത്ഥ്യ ബോധമില്ലാത്തതും ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാനായി ക്രിയാത്മകമായ യാതൊരു നടപടികളും നിർദ്ദേശിക്കാത്തതും പ്രഖ്യാപനങ്ങൾ മാത്രമായതുമായ ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗം ആരംഭിച്ചപ്പോൾ അദ്ദേഹം തുടക്കത്തിൽ

ആഗോളവൽക്കരണനയത്തെക്കുറിച്ചും അതിന്റെ ദൂഷ്യ വശങ്ങളെക്കുറിച്ചുമൊക്കെ രണ്ട് പാരഗ്രാഫിൽ പരാമർശിച്ചത് കേട്ടപ്പോൾ ഇത്തവണത്തെ പാർട്ടി സമ്മേളനത്തിൽ പങ്കെടുത്തില്ലേയെന്ന സംശയം എനിക്ക് തോന്നി. പക്ഷെ അതിനുശേഷം ഒരു economic initiative ആയിട്ടുള്ള completely neoliberal ആയ കിഫ്ബി ബഡ്ജറ്റ് മാത്രമാണ് അദ്ദേഹം അതിനുശേഷം അവതരിപ്പിച്ചതെന്ന് പറയേണ്ടിയിരിക്കുന്നു. അദ്ദേഹം പാർട്ടി സമ്മേളനത്തിൽ നന്നായി പങ്കെടുത്തുവെന്നും നയവ്യതിയാനത്തെക്കുറിച്ച് അദ്ദേഹത്തിന് പൂർണ്ണമായ ബോധ്യമുണ്ടായിട്ടുണ്ടെന്നും അത് കേട്ടപ്പോൾ മനസ്സിലായി. ഇന്ന് കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം എന്താണ്? കോവിഡ് കാലത്ത് സമ്പദ്ഘടനയ്ക്കും ജനങ്ങൾക്കുമുണ്ടായ ക്ഷീണവും നഷ്ടവും പരിഹരിക്കാനായി ഭരണകൂടത്തിന്റെ ശക്തമായ ഇടപെടൽ ഉണ്ടായേ മതിയാകുവെന്നും ജനങ്ങളുടെ കൈകളിലേക്ക് പണം എത്തിച്ച് സമ്പദ്ഘടനയിലെ ഡിമാന്റ് വർദ്ധിപ്പിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുന്നുണ്ട്. പക്ഷെ അത്തരത്തിൽ സമ്പദ്ഘടനയിലെ ഡിമാന്റ് വർദ്ധിപ്പിക്കുന്നതിനും ജനങ്ങളുടെ പർച്ചേയ്സിംഗ് പവർ ഉയർത്തുന്നതിനുംവേണ്ടിയുള്ള എന്ത് നിർദ്ദേശമാണ് ഈ ബഡ്ജറ്റിൽ

ഉണ്ടായിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് പറയാൻ സാധിക്കുമോ? ഇന്ന് കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം എന്താണ്; സാധാരണക്കാരന്റെ കയ്യിൽ പണമില്ലായെന്നുള്ളതാണ്. ഒരു സാധാരണക്കാരന് അവന്റെ നിത്യനിതാന ചെലവുകൾ നിർവഹിക്കുന്നതിനുവേണ്ടി ആവശ്യത്തിന് പണമില്ലാത്തൊരു സാഹചര്യം, അതാണ് മാർക്കറ്റിനെ പൂർണ്ണമായും നിർജ്ജീവമായി നിർത്തുന്നത്. ആ മാർക്കറ്റിനെ ഉദ്ദീപിപ്പിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലുമൊരു നടപടി.... ജനങ്ങളുടെ കൈകളിലേയ്ക്ക് പണമെത്തിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിതന്നെ പറയുമ്പോൾ ആ പണം ജനങ്ങളുടെ കൈകളിലേയ്ക്ക് എത്തിക്കാനായി എന്തെങ്കിലുമൊരു നിർദ്ദേശം ഈ ബഡ്ജറ്റിന്റെ ഭാഗമായി ഉണ്ടായോ; നമ്മുടെ ക്ഷേമ പെൻഷനുകൾ 1600 രൂപയിൽനിന്ന് അത് 1700 രൂപയായി വർദ്ധിപ്പിക്കുമെന്നുള്ള ഒരു പ്രഖ്യാപനം കേൾക്കാൻമാത്രം നിരവധി ആളുകൾ ഈ ബഡ്ജറ്റ് പ്രസംഗം ആകാംഷയോടെ കേട്ടിരുന്നവരുണ്ട്. കാരണം 100 രൂപയുടെ വർദ്ധനവുവരെ ഇന്ന് സാധാരണക്കാരനെ സംബന്ധിച്ച് വലിയൊരു വർദ്ധനവായും വലിയൊരു ആശ്വാസമായും മാറുന്നൊരു കാലഘട്ടത്തിൽ അത്തരമൊരു വർദ്ധനവ് ഉണ്ടായിട്ടില്ല. ഇത് ഞങ്ങൾ പറഞ്ഞതല്ല. നിങ്ങൾ പ്രകടന

പത്രികയിൽ മുന്നോട്ടുവച്ചതാണ്. ക്ഷേമപെൻഷനുകൾ 2500 രൂപയായി വർദ്ധിപ്പിക്കുമെന്ന് പറഞ്ഞിട്ട് കഴിഞ്ഞ ഒരു വർഷംമാത്രമെ വർദ്ധിപ്പിച്ചിട്ടുള്ളൂ. ഈ പ്രതിസന്ധി കാലഘട്ടത്തിൽ ജനങ്ങളുടെ കൈകളിൽ പണമെത്തിക്കാനായി ഒരു രൂപയുടെ വർദ്ധനവുപോലും ഈ ഗവൺമെന്റ് വരുത്തിയില്ല എന്നുപറയുന്നത് ഈ പ്രതിസന്ധിയെ മറികടക്കാനും സാധാരണക്കാരന്റെ വിഷയങ്ങളിൽ പരിഹാരം കാണുവാനും ഈ ബഡ്ജറ്റിൽ ക്രിയാത്മകമായ നടപടികൾ ഒന്നുമില്ലായെന്നതിന്റെ സൂചന തന്നെയാണ്. എന്താണ് ഇവിടെ സംഭവിക്കുന്നത്; പ്രഖ്യാപനങ്ങളാണ്. നാടോടിക്കാറ്റ് സിനിമയിൽ ഒരു രംഗമുണ്ട്. ശ്രീനിവാസനും മോഹൻലാലും അവതരിപ്പിക്കുന്ന ദാസനും വിജയനും കഥാപാത്രങ്ങൾ മദ്രാസിൽചെന്ന് വാടകയ്ക്ക് വീട് അന്വേഷിക്കുകയാണ്. വീട് അന്വേഷിക്കാൻ പോകുമ്പോൾ പൂജാമുറി, ഉദ്യാനം, ഡ്രോയിംഗ് റൂം, പാർക്കിംഗ് സൗകര്യം എന്നിവ വേണമെന്ന് അവർ പറയും. വാടക എത്രയാണ്; വാടക 150 രൂപ കൊടുക്കാം. ആ ദാസന്റെയും വിജയന്റെയും അവസ്ഥയിലാണ് ഇന്ന് ശ്രീ. പിണറായി വിജയൻ ഗവൺമെന്റ് നിൽക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം വലിയ പ്രഖ്യാപനങ്ങളുണ്ട്. പക്ഷെ, യാഥാർത്ഥ്യം എന്താണ് ഇവിടെ നേരത്തെപറഞ്ഞു. സംസ്ഥാനത്ത്

പോലിസിന്റെ വാഹനങ്ങൾക്ക് ഡീസൽ അടിക്കാൻ കാശില്ലാതെ പോലീസുകാരൻ നാട്ടിലുള്ള പെട്രോൾ പമ്പിൽ കടംപറയേണ്ട അവസ്ഥയിലാണ് സർക്കാർ നിൽക്കുന്നത്. കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കാൻ കാശില്ല. സാധാരണക്കാരൻ, കൃഷിക്കാരൻ ജപ്തി നോട്ടീസുകളുമായി ആത്മഹത്യയുടെ വക്കിൽ നിൽക്കുന്നു. ഡോ. മാത്യൂ കുഴൽനാടൻ വ്യക്തമായി പറഞ്ഞതുകൊണ്ട് ഞാൻ വിശദമായി അതിലേക്ക് കടന്നുപോകുന്നില്ല. വന്യമൃഗങ്ങളുടെ ആക്രമണത്തിൽപ്പെട്ട ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ കാശില്ല; കൃഷിനാശം വന്നതിന് കൊടുക്കാനായി കാശില്ല; പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ, തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇന്ന് വേതനം കിട്ടാതെ നിരവധി നാളുകളായി അവർ ദുരിതത്തിലായിരിക്കുന്നു. യാതൊരു നടപടിയും അക്കാര്യത്തിൽ സർക്കാരിന് സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്രം അലോക്കേഷൻ കൊടുത്തിട്ടില്ലെന്നാണ് പറയുന്നത്. കേന്ദ്രം ഇക്കാര്യത്തിൽ പട്ടികവിഭാഗത്തിൽപ്പെട്ടവരിൽ, തൊഴിലുറപ്പ് തൊഴിലാളികളിൽ യാതൊരു തരത്തിലുമുള്ള അനുഭാവ പൂർവ്വമായ സമീപനം സ്വീകരിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. സംസ്ഥാനത്തിന് ഉത്തരവാദിത്തമില്ലേ; ഇവിടെ റീബിൽഡ് കേരള പദ്ധതിയിൽപോലും കിട്ടിയ ആയിരകണക്കിന് കോടി രൂപ

ശമ്പളത്തിനും മറ്റാവശ്യങ്ങൾക്കുമായി വകമാറ്റി ചെലവാക്കിയ സർക്കാരിന് കേന്ദ്രം കൊടുക്കുന്നില്ലായെന്ന് പറഞ്ഞ് തൊഴിലുറപ്പ് പദ്ധതിയിൽ സാധാരണക്കാരായ പട്ടിക ജാതിക്കാരുടെ കൂലി കൊടുക്കാൻ കഴിയാത്ത സർക്കാർ... ആ തുക തൊഴിലുറപ്പ് തൊഴിലാളികൾക്ക് കൂലികൊടുക്കാനായി വകമാറ്റി ചെലവഴിച്ചുവെങ്കിൽ ഞങ്ങൾ ഈ സർക്കാരിന്റെ അഭിനന്ദിക്കുമായിരുന്നു. പക്ഷെ അതിനുപോലും സർക്കാർ തയ്യാറാകുന്നില്ല. പ്രീ-പ്രൈമറി ടീച്ചേഴ്സിന് ഒരു രൂപയുടെ ശമ്പളം വർദ്ധിപ്പിക്കാനായി ഈ സർക്കാരിന് കഴിയുന്നില്ല. നിരവധിയായുള്ള പ്രഖ്യാപനങ്ങൾ ഈ ബഡ്ജറ്റിൽ .......(ബഹളം)....

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> സർ, പോയിന്റ് ഓഫ് ഓർഡർ.... ബഹുമാനപ്പെട്ട അംഗം തെറ്റിദ്ധാരണാജനകമായ പ്രസ്താവനയാണ് നടത്തിയത്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് കേന്ദ്ര ഗവൺമെന്റ് അവരുടെ അക്കൗണ്ടിലേക്ക് നേരിട്ടാണ് കൂലികൊടുക്കുന്നത്. ആ തൊഴിലാളികൾക്ക് കേരളത്തിൽ ഉത്സവാനുകൂല്യവും ക്ഷേമനിധിയും കൂടുതൽ തൊഴിലവസരങ്ങളും ഇതിനകത്ത് പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽനിന്ന് കൊടുക്കണമെന്ന് പറഞ്ഞത് മാറ്റണം. കേന്ദ്രഗവൺമെന്റ് അക്കൗണ്ടിൽനിന്ന് നേരിട്ട് കൊടുക്കുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ പറഞ്ഞത് അദ്ദേഹത്തിന് മനസ്സിലായിട്ടില്ല. പട്ടിക ജാതിക്കാരായിട്ടുള്ള ആളുകൾക്ക്, തൊഴിലുറപ്പ് തൊഴിലാളികൾക്ക് കൂലിപോലും കിട്ടാത്ത സാഹചര്യത്തിൽ അവരുടെ പർച്ചേയിസിംഗ് പവർ ഏത് രീതിയിൽ വർദ്ധിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; എന്തുതരത്തിലുള്ള ആശ്വാസമാണ് ഈ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. അങ്ങനെ ഒരു ആശ്വാസ നടപടികളും നടത്താൻ സാധിക്കാത്ത സർക്കാരാണ് ഇവിടെ അധികാരത്തിലിരിക്കുന്നത്. കേരളം വലിയ പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ട്. ടൂറിസം മേഖലയിൽ കുറെ പ്രഖ്യാപനങ്ങൾ നടത്തി. കേരളത്തിന് വളരെയേറെ comparative advantage ഉള്ളൊരു മേഖലയാണ്. ആയിരംകോടി രൂപ വായ്പ നൽകാനായി നീക്കിവയ്ക്കുമെന്ന് അങ്ങുതന്നെയാണ് നിയമസഭയിൽ നേരത്തെ പ്രഖ്യാപിച്ചത്. ബാങ്ക് വായ്പയുടെ പകുതി പലിശ സർക്കാർ നൽകുമെന്ന് പ്രഖ്യപിച്ചു. ഇത് നടപ്പിലായോ; ഇതൊന്നും നടപ്പിലായിട്ടില്ല. കെ.എസ്.ആർ.ടി.സി.-ക്ക് ആയിരം കോടി രൂപയുടെ പ്രഖ്യാപനം നടത്തി. അങ്ങയുടെ മുൻഗാമി ഈ നിയമസഭയിൽ അവതരിപ്പിച്ചൊരു ബഡ്ജറ്റിൽ പറഞ്ഞത് കെ.എസ്.ആർ.ടി.സി.-ക്ക് ആയിരം പുതിയ ബസുകൾ വാങ്ങുമെന്നാണ്

പറഞ്ഞത്. അത് നടപ്പിലായോ; കേരളം ഇന്ന് വലിയ വരൾച്ചയിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന കാലഘട്ടമാണ്. ജലജീവൻ മിഷൻവഴി നിരവധി ആളുകൾക്ക് ഹൗസ് കണക്ഷൻ കൊടുത്തിട്ടുണ്ട്. ആ ഹൗസ് കണക്ഷൻ കൊടുത്തിട്ടുള്ള ആളുകളുടെ സ്ഥിതി എന്താണ്; എല്ലാപേർക്കും കണക്ഷനുമുണ്ട്. പൈപ്പ് തുറന്നാൽ കാറ്റും വാട്ടർ അതോറിറ്റിയുടെ ബില്ലുംവരും. വെള്ളംമാത്രം വരില്ല. ഇത്തരത്തിൽ വരൾച്ചയിലേക്ക് പോകുന്നൊരു കാലത്ത് ആ ജനങ്ങളുടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാനായി സർക്കാരിന് മാർഗ്ഗ നിർദ്ദേശങ്ങളില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ 15 ശതമാനം (ജലജീവൻ മിഷൻ) ജെ. ജെ. മിഷനുവേണ്ടി നീക്കി വയ്ക്കണമെന്നാണ് പറയുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏത് വിധേന ഇതിനുവേണ്ടി ഫണ്ട് കണ്ടെത്താൻ കഴിയും; സംസ്ഥാനത്തിന്റെ കടബാധ്യത കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ 3.59 ശതമാനം വർദ്ധിച്ചുവെന്ന് എക്കണോമിക് സർവ്വേതന്നെ പറയുകയാണ്. സംസ്ഥാനങ്ങളുടെ സഞ്ചിത കടം ജി.എസ്.ഡി. പി.-യുടെ 29 ശതമാനമായി നിജപ്പെടുത്തണമെന്ന് Fiscal Responsibility and Budget Management Act (F.R.B.M. Act) പറയുമ്പോൾ കേരളത്തിന്റേത് 37 ശതമാനമായി ഉയർന്നിരിക്കുന്നുയെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ

പറയുകയാണ്. ഇവിടെ ആകെയുള്ളൊരു ആശ്വാസം ബഡ്ജറ്റുമായി ബന്ധപ്പെട്ട് ഈ ബഡ്ജറ്റ് പാസ്സായി കഴിയുമ്പോഴേയ്ക്കും ലോകസമാധാനം ഉറപ്പാകുമെന്നത് മാത്രമാണ്. എനിക്ക് നിർദ്ദേശിക്കാനുള്ളത് ആ സമ്മേളനം കണ്ണൂരിൽ വച്ചുനടത്തുകയും നമ്മുടെ ഖാദിബോർഡിന്റെ വൈസ് ചെയർമാനെ അതിന്റെ സംഘാടക സമിതിയുടെ ചെയർമാനായി ഒരു ലോകസമാധാന സംഘാടക സമിതി അടിയന്തരമായി രൂപീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത് ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച പ്രിയപ്പെട്ട ശ്രീ. മുഹമ്മദ് മുഹസിനും അതുപോലെ നേരത്തെ സംസാരിച്ച ശ്രീമതി കെ. കെ. ശൈലജ ടീച്ചറും ശ്രീ. എ. എൻ. ഷംസീറുമൊക്കെ അഞ്ച് നിയമസഭാ തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ്സിനുണ്ടായ പരാജയത്തെക്കുറിച്ച് അവരുടെ ഉള്ളിലുള്ള സന്തോഷം, 'സന്തോഷം കൊണ്ട് എനിക്ക് ഇരിക്കാൻ വയ്യേ' എന്ന് പറഞ്ഞതുപോലെ ആ പ്രസംഗത്തിലൊക്കെ നിഴലിച്ച് കാണാനിടയായി. പ്രിയപ്പെട്ട ശ്രീ. മുഹമ്മദ് മുഹസിനോട് ഞാനൊരു കാര്യം ചോദിക്കാനാഗ്രഹിക്കുന്നു. അങ്ങയുടെ പാർട്ടിയായ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ രൂപം കൊണ്ടത് എവിടെയാണെന്നറിയാമോ? 1925-ൽ ഉത്തർപ്രദേശിലെ കാൺപൂരിലാണ്. 1925-ൽ രൂപം കൊണ്ട അങ്ങയുടെ

പാർട്ടി ഇന്ന് അവിടെയെങ്ങും കാണ്മാനില്ലാത്ത അവസ്ഥയിലാണ് നിൽക്കുന്നതെന്ന് അറിയണം. പ്രിയപ്പെട്ട സി.പി.ഐ.(എം)-ന്റെ അംഗങ്ങളോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് ശ്രീ. നരേന്ദ്രമോദി പ്രതിനിധാനം ചെയ്യുന്ന വാരാണസിയിൽ സത്യനാരായൺ ശർമ്മ എന്ന സി.പി.ഐ.(എം)-ന്റെ ഒരു പാർലമെന്റ് അംഗമുണ്ടായിരുന്നു. പ്രിയപ്പെട്ട ശ്രീ. എ. എൻ. ഷംസീറിനോട് ചോദിക്കാനാഗ്രഹിക്കുകയാണ്, അങ്ങ് പ്രതിനിധാനം ചെയ്യുന്ന ഡി.വൈ.എഫ്.വൈ. പ്രസ്ഥാനം രൂപംകൊണ്ടത് എവിടെയെന്നറിയാമോ? 42 വർഷങ്ങൾക്കുമുമ്പ് പഞ്ചാബിലെ ലുധിയാനയിലാണ് ഡി.വൈ.എഫ്.വൈ. പ്രസ്ഥാനം രൂപംകൊണ്ടത്. ആ പഞ്ചാബിൽ ഇന്ന് സി.പി.ഐ.(എം)-ന്റെ അവസ്ഥ എന്താണ്? ഉത്തർപ്രദേശിൽ സി.പി.ഐ.(എം)-ന് കിട്ടിയ വോട്ട് കേവലം 0.01 ശതമാനമാണ്. ഡി.വൈ.എഫ്.വൈ. രൂപംകൊണ്ട പഞ്ചാബിൽ സി.പി.ഐ.(എം)-ന് കിട്ടിയ വോട്ട് 0.06 ശതമാനമാണ്. പാർട്ടി രൂപംകൊണ്ട ഉത്തർപ്രദേശിലും ഡി.വൈ.എഫ്.ഐ. രൂപംകൊണ്ട പഞ്ചാബിലും ഒരു ശതമാനത്തിനുപോലും വോട്ടില്ലാത്ത ആളുകൾ. ഈ അവസ്ഥയിലുള്ള സി.പി.ഐ.(എം), പഞ്ചാബിൽ 22.98 ശതമാനവും ഗോവയിൽ 23.46 ശതമാനവും മണിപ്പൂരിൽ 16.31 ശതമാനവും

ഉത്തരാഖണ്ഡിൽ 37.91 ശതമാനവും യു.പി.-യിൽ 2.41 ശതമാനവും വോട്ട് നേടിയ കോൺഗ്രസ്സിനെ ദയവുചെയ്ത് ഉപദേശിക്കാൻ വരരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഉത്തർപ്രദേശിലെ യോഗി ആദിത്യനാഥിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ അവിടെ അവർ മുന്നോട്ടുവച്ച പ്രധാനപ്പെട്ട മുദ്രാവാക്യമെന്നുപറയുന്നത് ഇത് 80 ശതമാനവും 20 ശതമാനവും തമ്മിലുള്ള മത്സരമാണെന്നാണ്. ആ 80-ഉം 20-ഉം ശതമാനം എന്താണെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. ആ രാഷ്ട്രീയത്തിനെതിരെയാണ് നമ്മൾ പോരാടേണ്ടത്. ആ രാഷ്ട്രീയത്തിൽ 80-നും 20-നും എതിരെയുള്ള പോരാട്ടമാണ് രാജ്യത്ത് നടക്കുന്നതെന്ന് ബി.ജെ.പി. ആയ സംഘപരിവാറിന്റെ ആളുകൾ പറഞ്ഞു പോകുമ്പോൾ ആ പോരാട്ടത്തിൽ ബി.ജെ.പി. വിജയിക്കുമ്പോൾ അത് കോൺഗ്രസ്സിന് ദുർദിനമാണെന്ന് പറഞ്ഞ് ആക്ഷേപിക്കുന്ന കേരളത്തിന്റെ മുഖ്യമന്ത്രി, നിങ്ങൾ സന്തോഷിക്കുന്നതും കൊഞ്ഞണം കുത്തുന്നതും അവിടെ കോൺഗ്രസ് പരാജയപ്പെട്ടതിലും ബി.ജെ.പി. വിജയിച്ചതിലുമാണ്. രാജ്യത്തിന്റെ അവസ്ഥ എവിടെയെത്തി നിൽക്കുന്നുവെന്നും രാജ്യത്തെ സംഘപരിവാർ ശക്തികൾക്കെതിരെയുള്ള പോരാട്ടത്തിൽ അതിന് പിന്നിൽനിന്ന് കുത്തുന്ന നടപടിയുമല്ലേ അങ്ങയുടെ ഈ പരാമർശമെന്ന്

വിനയപൂർവ്വം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. യാതൊരു ക്രിയാത്മക നിർദ്ദേശങ്ങളുമില്ലാത്ത ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി ഞാൻ എതിർക്കുന്നു.

<u>ശ്രീ. പി. നന്ദകുമാർ:</u> സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2022-23 വർഷത്തെ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ബഡ്ജറ്റ് എന്നത് സർക്കാരിന്റെ ഒരു വരവ് ചെലവ് കണക്കല്ല. സർക്കാരിന്റെ രാഷ്ട്രീയ നയസമീപനങ്ങൾ വ്യക്തമാക്കുന്ന ഒരു രേഖയാണ്. സംസ്ഥാനത്തിന്റെ 25 വർഷത്തെ വളർച്ച, നവ കേരള സൃഷ്ടി എങ്ങനെയെന്ന് വ്യക്തമാക്കുന്ന ബഡ്ജറ്റാണിത്. വിജ്ഞാന മേഖലയെ ഉത്പ്പാദനമേഖലയുമായി ബന്ധപ്പെടുത്തി വളർച്ച നേടിയെടുക്കുകയെന്ന കാഴ്ചപ്പാടാണ് ബഡ്ജറ്റിൽ അവതരിപ്പിച്ചിട്ടുള്ളത്. അതിന് വൈജ്ഞാനിക മേഖലയെ സമ്പുഷ്ടമാക്കണം. അതിന്റെ ഇടപെടൽ അഭിനന്ദാർഹമാണ്. കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകുന്ന ബഡ്ജറ്റാണിത്. കൃഷി ചെയ്ത് എന്തെങ്കിലുമുണ്ടാക്കണമെന്ന പൊതുബോധം ഇന്ന് സമൂഹത്തിൽ വളർന്നുവരുന്നൊരു ഘട്ടമാണ്. ആ സാമൂഹ്യബോധം ശക്തിപ്പെടുത്തിയെടുക്കുകയും അതിനനുസൃതമായ രൂപത്തിലുള്ള കാഴ്ചപ്പാട് അവതരിപ്പിക്കുകയും ചെയ്തിട്ടുള്ള ബഡ്ജറ്റാണിത്. നല്ല സാദ്ധ്യതയുള്ള മേഖലയാണ് സ്പൈസസ് മേഖല. അവിടെ വാല്യൂ ആഡഡ് ഉത്പ്പന്നങ്ങൾ

തുടങ്ങുന്നതിനുവേണ്ടി ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. മില്ലെറ്റ്സിന് ഇപ്പോൾ നല്ല മാർക്കറ്റുണ്ട്. അതുപോലെ ചാമ, റാഗി തുടങ്ങിയ കൃഷികൾ പ്രോത്സാഹിപ്പിക്കണം. ഒരു കാലത്ത് നമ്മുടെ നാട്ടിൽ ഈ ഉത്പ്പന്നങ്ങളൊക്കെ ധാരാളമുണ്ടായിരുന്നെങ്കിലും ഇപ്പോൾ അതെല്ലാം ഇല്ലാതായിരിക്കുകയാണ്. വ്യവസായ മേഖലയിൽ കുറച്ചുകൂടി ഇൻവെസ്റ്റുമെന്റ് വേണ്ടിയിരുന്നുവെന്നാണ് എന്റെ അഭിപ്രായം. 2017-18-ലെ വ്യാവസായിക നേട്ടത്തെ സംബന്ധിച്ച് നീതി ആയോഗ് പോലും എടുത്തുപറഞ്ഞതാണ്. എം.എസ്.എം.ഇ.-യെ സംരക്ഷിക്കാൻ നടപടി വേണം. സാംസ്കാരിക മേഖലയിൽ സർക്കാർ കാണിക്കുന്ന ശ്രദ്ധ എടുത്തുപറയേണ്ടതാണ്. നവോത്ഥാന മൂല്യങ്ങളുയർത്തിപിടിച്ച് നവ ലിബറൽ നയത്തിന്റെ ഫലമായി സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വിനാശകരമായ സാംസ്കാരിക അന്തരീക്ഷം മാറ്റിയെടുത്ത് പുരോഗമനാത്മകമായ മണ്ഡലം ശക്തിപ്പെടുത്തുന്നതിന് ഇടപെടൽ നടത്തേണ്ടിയിരിക്കുന്നു. അതിന് ഈ ബഡ്ജറ്റ് കരുത്തുനൽകുമെന്നാണ് എന്റെ അഭിപ്രായം. ദേശീയ രാഷ്ട്രീയ സാഹചര്യം ഇന്നത്തെ ആഗോളവത്ക്കരണത്തെക്കുറിച്ച് പരിശോധിക്കേണ്ടതുണ്ട്. ശ്രീ. റോജി എം. ജോൺ ചൂണ്ടിക്കാണിച്ച കാര്യം പറയാനാഗ്രഹിക്കുകയാണ്. അങ്ങയുടെ വിജ്ഞാനത്തെ ഞാൻ അഭിനന്ദിക്കുന്നു. കമ്മ്യൂണിസ്റ്റ്

പാർട്ടിയെ സംബന്ധിച്ച് ഞങ്ങളെക്കാളും വിവരമുണ്ട്. പാർട്ടി കോൺഗ്രസ്സിൽ പങ്കെടുത്ത വ്യക്തിയാണ് അങ്ങ്. ശ്രീ. കെ. എൻ. ബാലഗോപാലൻ പങ്കെടുത്തില്ലെന്നല്ലേ പറഞ്ഞത്. പാർട്ടി കോൺഗ്രസ് ചർച്ചയെപ്പറ്റി പറഞ്ഞപ്പോൾ അങ്ങ് പ്രധാനപ്പെട്ട പ്രതിനിധിയായിരുന്നുവെന്ന് മനസ്സിലാക്കിയതിൽ ഞാൻ സന്തോഷിക്കുന്നു. കോവിഡ് മഹാമാരി വരുത്തിവച്ച ആഘാതത്തിൽനിന്ന് ഇപ്പോഴും നിവർന്നുനിൽക്കാൻ കഴിയാത്ത സമയത്താണ് യുക്രൈൻ-റഷ്യ യുദ്ധം നടക്കുന്നത്. അതിന്റെ പ്രത്യാഘാതം ഗുരുതരമാണ്. അത് കേരളത്തെയും ബാധിക്കുകയാണ്. കമ്മോഡിറ്റി പ്രൈസുകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു, പെട്രോളിയം ഉല്പന്നങ്ങളുടെയും ഭക്ഷ്യ എണ്ണയുടെയും വില വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കൃഷിക്കാർക്ക് താങ്ങാൻ കഴിയാത്തവണ്ണം വളത്തിന്റെയും വില വർദ്ധിക്കുകയാണ്. ഇതൊക്കെ യുദ്ധത്തിന്റെ കെടുതികളാണ്. അതുപോലെ നിക്കൽ, അലുമിനിയം, കോബാൾട്ട് തുടങ്ങിയ ലോഹങ്ങളുടെ വില വർദ്ധനവ് ഇന്ത്യൻ വ്യവസായത്തെ ബാധിച്ചുകൊണ്ടിരിക്കുന്നു. ഗോതമ്പിന്റെ വിലക്കയറ്റം തുടങ്ങിയിരിക്കുന്നു. അത് നമ്മളെയും ബാധിക്കും. ഈ അവസരം മുതലാക്കി ഇന്ത്യയിലെ കയറ്റുമതിക്കാർ ഗോതമ്പ് കയറ്റുമതിക്ക് തുനിയുകയാണ്. ഇന്ത്യാ ഗവൺമെന്റ് അതിനെ തടയാതെ

പ്രോത്സാഹിപ്പിക്കുകയാണ്. രാജ്യാന്തര പണമിടപാട് ശൃംഖലയായ സ്വിഫ്റ്റിൽനിന്ന് റഷ്യൻ ബാങ്കുകളെ ഒഴിവാക്കിയത് നമ്മുടെ കയറ്റുമതിയെ ബാധിക്കും. ഇവിടെ നിന്ന് ചായ, മറൈൻ പ്രോഡക്ട്സ്, കാപ്പി, സ്പൈസസ് എന്നിവ യുക്രൈനിലേയ്ക്കും റഷ്യയിലേയ്ക്കും കയറ്റി അയയ്ക്കുന്നുണ്ട്. ഇതിനെയെല്ലാം ബാധിക്കാൻ പോകുകയാണ്. പെട്രോൾ ഉല്പന്നങ്ങളുടെ വിലവർദ്ധനവിനെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. മോദി സർക്കാർ ഇപ്പോൾ ഇടപെടാതെ അറച്ചുനിൽക്കുകയാണ്. നമ്മുടെ സമ്പദ്ഘടനയെ സംരക്ഷിക്കാൻ ആവശ്യമായ ഇടപെടൽ നടത്താൻ കേന്ദ്രഗവൺമെന്റ് തയ്യാറാകുന്നില്ല. യുക്രൈൻ വിദ്യാർത്ഥികളെ സംരക്ഷിക്കാൻ കേരള ഗവൺമെന്റ് എടുത്ത നടപടിയെ അഭിനന്ദിക്കുകയാണ്. ഇത് ഇന്ത്യയ്ക്കാകെ മാതൃകയാണ്. ഒരു സംസ്ഥാനം പോലും അത്തരം നടപടി സ്വീകരിച്ചിട്ടില്ല. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽനിന്നുമുള്ള കുട്ടികൾ യുക്രൈനിൽ പഠിക്കുന്നുണ്ട്. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ നിന്നുള്ളവരും അവിടെ പഠിക്കുന്നുണ്ട്. ഒരനക്കം പോലും അവരുടെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. പോസ്റ്റ് കോവിഡ് റഷ്യൻ-യുക്രൈൻ യുദ്ധം ലോകക്രമത്തിൽ തന്നെ മാറ്റമുണ്ടാക്കുമെന്നാണ് എന്റെ അഭിപ്രായം. യു.എസ്. സാമ്രാജ്യത്വത്തിന്റെ കുത്തിത്തിരിപ്പും അവരുടെ നടപടികളും ഇനി

നടക്കാൻപോകുന്നില്ലെന്ന് തെളിയിക്കുന്ന രൂപത്തിലേയ്ക്ക് ഒരുപക്ഷെ ലോകത്തിനകത്തൊരു മാറ്റമുണ്ടാകാം. ഇന്ത്യയുടെ ഉല്പാദനമേഖല ഇപ്പോഴും മരവിച്ചുനിൽക്കുകയാണ്. ഇതിന് പ്രായോഗിക പരിഹാരം കാണാൻ ബി.ജെ.പി. സർക്കാർ തയ്യാറാകുന്നില്ല. കോർപ്പറേറ്റുകൾക്ക് ആനുകൂല്യം വാരിക്കോരി കൊടുക്കുകയാണ്. രാഷ്ട്രത്തിന്റെ സമ്പത്ത്, കുത്തകകൾക്ക് വീതിച്ചുകൊടുക്കുന്നു. ഒരു നിലയ്ക്കും പൊതുമേഖലയുണ്ടാകാൻ പാടില്ലെന്ന കാഴ്ചപ്പാടാണ് കേന്ദ്രത്തിനുള്ളത്. എച്ച്.എൽ.എൽ. അടക്കം സംസ്ഥാന പൊതുമേഖലയിൽ നിലനിർത്തില്ലെന്ന തീരുമാനമാണ് കേന്ദ്രമെടുത്തിട്ടുള്ളത്. 75 വർഷം നാം അവകാശങ്ങളിലായിരുന്നു, അതിനുവേണ്ടി കേന്ദ്രീകരിച്ചു; എന്നാൽ ഇപ്പോൾ 25 വർഷം കടമയിലേയ്ക്ക് കടക്കണമെന്നാണ് പ്രധാനമന്ത്രി പറഞ്ഞത്. അവരുടെ കടമ നമുക്കറിയുന്നതാണ്. ആർ.എസ്.എസ്.-ന്റെ താൽപ്പര്യം സംരക്ഷിക്കുന്ന തോതിലുള്ള നടപടികളാണ് അവരെടുത്തുകൊണ്ടിരിക്കുന്നത്. നമ്മുടെ സമ്പദ്ഘടന അതിഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു, അസമത്വം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഓക്സ്ഫാം ഇന്റർനാഷണലിന്റെ റിപ്പോർട്ട് പ്രകാരം അതിന്റെ തലക്കെട്ട് തന്നെ അസമത്വം കൊല്ലുന്നുവെന്നാണ്. 'Inequality Kills' എന്നാണ്

പറഞ്ഞിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ കാലത്ത് ദാരിദ്ര്യവൽക്കരിക്കപ്പെട്ട ലോകത്തിന്റെ ജനസംഖ്യയിൽ പകുതി ഇന്ത്യയിലാണ്. അതിനെക്കുറിച്ച് പ്രതിപക്ഷം ഒരക്ഷരം പറഞ്ഞിട്ടില്ല. മോദി ഗവൺമെന്റിന്റെ നടപടി അവർക്ക് പ്രശ്നമേയല്ല. 84 ശതമാനം വരുന്ന വീട്ടുകാരുടെ വരുമാനത്തിൽ ഗണ്യമായ ഇടിവ് വന്നു. 4.6 ശതമാനം കോടി ജനങ്ങൾ ദരിദ്രരായി കഴിഞ്ഞു. 14 വൻകിട പണക്കാരെ സംബന്ധിച്ചിടത്തോളം 53 ലക്ഷം കോടി രൂപയുടെ നഷ്ടമാണ് കോവിഡ് മഹാമാരിക്കാലത്തുണ്ടായത്. ഇതൊന്നും പ്രതിപക്ഷത്തിന് പ്രശ്നമല്ല. രാജ്യത്ത് വിഭവസമാഹരണത്തിന് ഒരു കുഴപ്പവുമില്ല, ഇവിടെ പ്രകൃതിവിഭവങ്ങളും ധാതുക്കളുമുണ്ട്; ഇഷ്ടംപോലെ സമ്പത്തുമുണ്ട്. പക്ഷേ അത് കോടീശ്വരന്മാരുടെയും പണക്കാരുടെയും കൈകളിലേയ്ക്ക് എത്തിക്കുന്ന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. 142 പേരുടെ വരുമാനത്തിൽ മാത്രം 30 ലക്ഷം കോടി രൂപയുടെ വരുമാനമാണുണ്ടായിട്ടുള്ളത്. ഓക്സ്ഫാം യൂണിവേഴ്സിറ്റിയുടെ റിപ്പോർട്ട് പ്രകാരം ഇവരിൽ നിന്നും 2 ശതമാനം നികുതി കിട്ടിയാൽതന്നെ 6 ലക്ഷം കോടി രൂപ ലഭിക്കുമെന്നാണ്. നമ്മുടെ പാവപ്പെട്ട ദരിദ്രനാരായണന്മാരെ സംരക്ഷിക്കാൻ ആവശ്യമായ ഫണ്ട് ഇതിൽനിന്ന് കിട്ടും. എന്നാൽ ഒരനക്കവും ബി.ജെ.പി. ഗവൺമെന്റിന്റെ

ഭാഗത്തുനിന്നുമില്ല. ഇതിനെക്കുറിച്ച് പ്രതിപക്ഷത്തിന് മിണ്ടാട്ടവുമില്ല. ജനങ്ങളുടെ ജീവൽപ്രശ്നം ഉയർത്തിപ്പിടിച്ചുകൊണ്ട് കോൺഗ്രസ് പ്രക്ഷോഭത്തിന് തയ്യാറാകുന്നില്ല. ഇവർക്ക് നികുതിയിളവ് കൊടുത്തുകൊണ്ടിരിക്കുന്നു. അവരുടെ ബാങ്ക് വായ്പ തള്ളിക്കളയുന്നു. ഒരക്ഷരവും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. പാർലമെന്റിനകത്ത് ഇത്തരം പ്രശ്നമുയർത്തിപിടിച്ചുകൊണ്ട് ഒരക്ഷരം പറയാൻ കേരളത്തിലെ എം.പി.-മാരായ പ്രതിപക്ഷക്കാർ തയ്യാറാകുന്നില്ലെന്ന ദുഃഖകരമായ അവസ്ഥ നമ്മളിവിടെ കാണണം. സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സുകളെയെല്ലാം തടയുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്ര വിഹിതം വർഷംതോറും കുറയുകയാണ്. ജി.എസ്.ടി. കോമ്പൻസേഷൻ കുറയാൻ പോകുകയാണ്. സംസ്ഥാന നിക്ഷേപം കൂടുകയാണെന്ന കാര്യം ഇവിടത്തെ പ്രതിപക്ഷം മനസ്സിലാക്കണം. വികസന കുതിപ്പ് പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ കടത്തിന്റെയും പലിശയുടെയും കാര്യങ്ങൾ പറയുന്നത് കേട്ടു. ഇന്ത്യാ ഗവൺമെന്റിന്റെ ഫിസ്കൽ ഡെഫിസിറ്റ് 16,61,196 കോടി രൂപയാണ് (6.9 ശതമാനം). ബഹുമാന്യരായ കോൺഗ്രസ് നേതാക്കൾ ഭരിക്കുന്ന രാജസ്ഥാനിൽ 58,212 കോടി രൂപയാണ് ധനകമ്മി (5.1 ശതമാനം).

കേരളത്തിൽ ഇത് 3.91 ശതമാനമാണ്. എഴുന്നേറ്റ് നിൽക്കാൻ കഴിയാത്തവനാണ് ആരോഗ്യമുള്ളവന്റെ മുഖത്തുനോക്കി പ്രതികരിക്കുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടെ കാര്യം പരിശോധിക്കുമ്പോൾ കേരളത്തിലെ ധനകമ്മി എത്രയാണെന്ന് കണക്കുകൾ നോക്കണം. ഇപ്പോൾ കണക്കുകളെല്ലാം ഇന്റർനെറ്റിൽ കിട്ടുമല്ലോ. കേരളത്തെ സംബന്ധിച്ച് ഇവിടെയിരുന്ന് പച്ചക്കള്ളം തട്ടുകയാണ്. കേരള സമ്പദ് ഘടനയിൽ സാമ്പത്തിക പ്രതിസന്ധിയില്ല എന്ന് പ്രതിപക്ഷം പറയുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ സൃഷ്ടിയാണത്. ഈ സാമ്പത്തിക നയത്തിന്റെ സൃഷ്ടിയുടെ വക്താക്കളും പ്രയോക്താക്കളുമായിരുന്നില്ലേ കോൺഗ്രസുകാർ. അതല്ലേ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ആ നയത്തെക്കുറിച്ച് അവർക്ക് അഭിപ്രായമുണ്ട്. കേന്ദ്ര പലിശ/ബാധ്യത ജി.ഡി.പി.-യുടെ 3.13 ശതമാനമാണ്. ഇത് ഇപ്പോൾ 2021-നേക്കാൾ വർദ്ധിച്ചിരിക്കുകയാണ്. നിങ്ങൾ ഒരക്ഷരം മിണ്ടുന്നുണ്ടോ; റവന്യൂ കമ്മി, വരുമാനത്തെപ്പറ്റി പറഞ്ഞുകൂടെ; റവന്യൂ കമ്മി വരുമാനത്തെപ്പറ്റി പറയുമ്പോൾ ഇന്ത്യയുടെ അവസ്ഥയെന്താണ്? രാജസ്ഥാനിലടക്കം റവന്യൂ കമ്മി നികത്തുന്നത് റവന്യൂ വരുമാനം കൊണ്ടാണോ? കോൺഗ്രസ് അവശേഷിക്കുന്ന ഏക സംസ്ഥാനമാണ് രാജസ്ഥാൻ. റവന്യൂ കമ്മി എങ്ങനെയാണ് നികത്തുന്നത്

എന്നതിനെ സംബന്ധിച്ച് ആ ബഡ്ജറ്റ് എടുത്ത് വായിച്ച് നോക്കണം. കേന്ദ്രത്തിന്റെ ഈ പലിശച്ചെലവ് 42.7 ശതമാനമാണ്. ഓയിൽ ബോണ്ടിന്റെ പലിശ മൂന്ന് ശതമാനത്തിൽ താഴെയാണ്. എക്സൈസ് നികുതിയും സെസ്സുമൊക്കെത്തന്നെ കൂട്ടുന്നത് ഓയിൽ ബോണ്ടിന്റെ പലിശ തീർക്കാനാണെന്നാണ് ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. കേന്ദ്ര മന്ത്രിയടക്കം പച്ചക്കള്ളം പറയുകയാണ്. യാഥാർത്ഥ്യ ബോധത്തോടെ പ്രശ്നത്തെ കാണാൻ കഴിയുന്നില്ല. ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ എഫ്.ആർ.ബി.എം.-നെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. എഫ്.ആർ.ബി.എം. ഏത് സംസ്ഥാനത്താണ് നടപ്പാക്കാൻ കഴിയുന്നത്; സംസ്ഥാനത്തിന്റെ വരുമാനമെത്രയാണ്; പ്രതിപക്ഷം കേന്ദ്രത്തിന്റെ വാദം ഏറ്റുപിടിക്കുകയാണ്. കേന്ദ്രത്തിനും മറ്റ് സംസ്ഥാനങ്ങൾക്കും ഇഷ്ടംപോലെ കടമാകാം. കേരളത്തെ സംബന്ധിച്ച് എഫ്.ആർ.ബി.എം.-ന് പൂർണ്ണമായും വിധേയമാകണമെന്ന രൂപത്തിലേയ്ക്ക് വരുമ്പോൾ ഇവിടത്തെ പ്രതിപക്ഷം ആവശ്യപ്പെടുന്നത് നമ്മൾ അത് കേൾക്കണമെന്ന അർത്ഥത്തിലാണ്. അത് ഏറ്റുപിടിക്കുകയാണ്. കിഫ്ബിയെ സംബന്ധിച്ചാണ് മറ്റൊരു പ്രചരണം. കിഫ്ബി ബഡ്ജറ്റിന് പുറത്ത് കടന്ന് കടമെടുക്കുന്നത് വലിയ അപരാധമായിട്ടാണ് പറയുന്നത്. പല

സാമ്പത്തിക വിദഗ്ദ്ധരും ഇപ്പോൾ അതാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അതാണ് ഇവിടെ ഏറ്റുപിടിക്കുന്നത്. കോൺഗ്രസ് സർക്കാർ തുടങ്ങിവച്ച ആഗോളവൽകരണ സാമ്പത്തിക നയത്തിന്റെ ഭാഗമായി ഈ പൊതുമേഖലാ നിക്ഷേപത്തിനും പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിനുമുള്ള ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളുടെ സ്ഥിതി ഇപ്പോൾ എന്താണ്? കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ചതല്ലേ; ഐ.ഡി.ബി.ഐ., ഐ.എഫ്.സി.ഐ., ഐ.സി.സി.ഐ. തുടങ്ങി സ്ഥാപനങ്ങൾ ഇപ്പോൾ ഉണ്ടോ? എല്ലാം ഇല്ലാതാക്കി. ഒരക്ഷരം ഇവിടത്തെ കോൺഗ്രസ് നേതാക്കന്മാർ മിണ്ടുന്നുണ്ടോ? പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുള്ള ഇത്തരം ഇൻസ്റ്റിറ്റ്യൂഷനുകളെ ഇല്ലാതാക്കി. കിഫ്ബി ഒരു മൂലസ്ഥാപനമായി വന്നപ്പോൾ അതിന്റെ മെക്കിട്ട് കയറുന്ന ആളുകളുണ്ട്. ബി.ജെ.പി. ഗവൺമെന്റ് അത് ചെയ്യുന്നില്ലേ? ബി.ജെ.പി. ഗവൺമെന്റിനെ സംബന്ധിച്ച് നാഷണൽ ബാങ്ക് ഫോർ ഫിനാൻസിംഗ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് ഡെവലപ്മെന്റ് എന്ന പേരിൽ ഒരു സ്ഥാപനമുണ്ടാക്കിയില്ലേ? അവർ ആഭ്യന്തര കമ്പോളത്തിൽനിന്നും വിദേശ കമ്പോളത്തിൽനിന്നുമാണ് കടം കടം വാങ്ങുന്നത്. ഒരു അഭിപ്രായ വ്യത്യാസവും ഇവിടത്തെ കോൺഗ്രസുകാർക്കില്ല. അവരെ സംബന്ധിച്ച് ശ്രീ. നരേന്ദ്ര മോദി നല്ലതും

ശ്രീ. പിണറായി വിജയൻ മോശവുമാണ്. ശ്രീ. പിണറായി വിജയൻ കടം വാങ്ങിയാൽ മോശവും ശ്രീ. നരേന്ദ്ര മോദി കടം വാങ്ങിയാൽ നല്ല കാര്യവുമാണ്. ബി.ജെ.പി.-യുടെ നയത്തെ എതിർക്കുന്നതിൽ ഞങ്ങൾ പരാജയപ്പെട്ടു എന്നാണ് തെരഞ്ഞെടുപ്പ് പരാജയത്തിന്റെ അടിസ്ഥാനത്തിൽ കോൺഗ്രസ് നേതൃത്വം പറഞ്ഞത്. ഞങ്ങളല്ല, നിങ്ങളുടെ നേതൃത്വമാണ് പറഞ്ഞത്. അത് തുറന്ന് കാണിക്കാൻ ഞങ്ങൾക്ക് പറ്റിയില്ല. ഇടതുപക്ഷത്തിന്റെ മെക്കിട്ട് കയറുന്നതിനേ നിങ്ങൾക്ക് സമയമുള്ളൂ. ഇന്ത്യാ രാജ്യത്ത് ബി.ജെ.പി.-യെ അവരുടെ കളത്തിൽനിന്നുകൊണ്ട് എതിർക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. അവിടെന്നിന്ന് ഓടിരക്ഷപ്പെട്ട് വയനാട്ടിൽ വന്ന് ഇടതുപക്ഷത്തിന്റെ മെക്കിട്ട് കയറാനാണ് കോൺഗ്രസുകാർ ശ്രമിക്കുന്നത്. ഉപ്പിട്ട കലംപോലെ കോൺഗ്രസുകാർ ഞങ്ങളുടെ മെക്കിട്ട് കയറുന്നത് ഞങ്ങളുടെ നയംകൊണ്ടാണോ. നിങ്ങളുടെ നയം കൊണ്ടല്ലേ? കോൺഗ്രസിനെ സംബന്ധിച്ച് ഇപ്പോൾ അതുപോലെ ആയില്ലേ? എന്തുകൊണ്ടിങ്ങനെ വന്നു? സി.പി.ഐ.(എം.) വലിയ പാർട്ടിയൊന്നുമായിട്ടില്ല. സി.പി.ഐ.(എം.)-ഉം ഡിവൈ.എഫ്.ഐ.-യും രൂപീകരിച്ചതിലൊക്കെ പങ്കെടുത്തിട്ടുള്ള മെമ്പർമാർ പറയുന്നത് കേട്ടാൽ ഞങ്ങളൊക്കെ വേറെയാണെന്ന് തോന്നും. കമ്മ്യൂണിസ്റ്റ് പാർട്ടിയെ

സംബന്ധിച്ച് അത് രൂപംകൊണ്ടതിന്റെ ചരിത്രവും മറ്റുമൊക്കെ ഒന്ന് വായിക്കണം സുഹൃത്തുക്കളേ. നിങ്ങൾ എങ്ങനെ ഇങ്ങനെയായി? നിങ്ങളുടെ തറവാടല്ലേ യു.പി.? അവിടെ 370 സീറ്റിൽ കെട്ടിവച്ച കാശ് പോകേണ്ട ഗതികേട് നിങ്ങൾക്ക് എത്തിയിട്ടുണ്ടെങ്കിൽ അതിന് കാരണം നിങ്ങളുടെ നയങ്ങൾ തന്നെയാണ്. ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഒരു പ്രക്ഷോഭത്തിനും നിങ്ങൾ തയ്യാറല്ല. ഈ രാജ്യത്തെ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ വരുമ്പോൾ പാർലമെന്റിനകത്ത് മിണ്ടില്ല. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പോരാട്ടത്തിലേയ്ക്ക് വരില്ല. അവരുടെ ആവശ്യങ്ങൾ ഉന്നയിക്കില്ല. നിങ്ങൾ വർഗ്ഗീയതയുമായി കൂട്ടുകൂടിയിരിക്കുകയാണ്. നിങ്ങൾ ബി.ജെ.പി.-യുടെ ബി-ടീമായി പ്രവർത്തിക്കുകയാണെന്ന് ഇവിടെ സൂചിപ്പിച്ചു. ഇവിടെ ഇരിക്കുന്നയാൾ നാളെ ബി.ജെ.പി.-യുടെ ബി-ടീമിലേയ്ക്ക് പോകില്ല എന്ന ഗ്യാരന്റി ആർക്കുമില്ല. അതുകൊണ്ടാണല്ലോ നിങ്ങൾ ചാടുന്നതായി പലപ്പോഴും കാണുന്നത്. ഇന്നലത്തെ കോൺഗ്രസുകാരല്ലേ മുഴുവൻ ബി.ജെ.പി.-ക്കാരായത്? എന്താണ് അതിന് കാരണം. രാഷ്ട്രീയ ധാരണ വേണം. നയങ്ങൾ തിരുത്തിക്കാനുള്ള പോരാട്ടത്തിൽ പങ്കാളികളാകണം. പ്രക്ഷോഭസമരത്തിലേയ്ക്ക് പോകാൻ തയ്യാറാകണം.

ഇപ്പോൾ സ്ഥിതിയെന്താണ്? തൊഴിലാളികൾ പ്രക്ഷോഭം നടത്തുമ്പോൾ, ഐ.എൻ.ടി.യു.സി. പ്രക്ഷോഭത്തിൽ കോൺഗ്രസിന് വേറെ നയമാണ്. അതാണ് അവസ്ഥ. ഈ നയങ്ങൾ തിരുത്തിക്കുന്നതിനുള്ള പോരാട്ടത്തിൽ നിങ്ങളുടെ പങ്കെന്താണ്?

ബഡ്ജറ്റിനെപ്പറ്റി മറ്റ് ചിലതൊക്കെ പറയാൻ ആഗ്രഹിക്കുകയാണ്. തൊഴിലാളികളെ കുറച്ചുകൂടി സ്നേഹിക്കുന്ന രൂപത്തിലേയ്ക്കുള്ള ചില പരാമർശങ്ങൾ ബഡ്ജറ്റിൽ വരണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. തൊഴിൽ മേഖല സൗഹാർദ്ദപരമായിരിക്കണം. വളർന്നുവരുന്ന ഗിഗ് എക്കോണമിയിൽ ഗിഗ് തൊഴിലാളികളെ സഹായിക്കുന്നതിനാവശ്യമായ ഒരു പരാമർശവും കണ്ടില്ല, ആ രീതിയിലുള്ള പരാമർശം വരണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. കഴിഞ്ഞ ബഡ്ജറ്റ് നിർദ്ദേശത്തിൽ വന്നിട്ടുള്ള അങ്കണവാടി ജീവനക്കാരുടെയും ആശാ വർക്കർമാരുടെയും പ്രശ്നങ്ങളുണ്ട്. അവരെ സഹായിക്കുന്നതിന് എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ സംസ്ഥാന ഗവൺമെന്റ് ചെയ്യണം. അവരെ സഹായിക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. പുതിയ നികുതി നിർദ്ദേശത്തിൽ ഹരിത നികുതി എന്ന നിലയിൽ മോട്ടോർ മേഖലയിൽ ചുമത്തിയിട്ടുള്ള നികുതികൾ പുനഃപരിശോധിക്കണം. പാവപ്പെട്ടവരായ ഓട്ടോറിക്ഷക്കാർ മുതൽ

ലോറിക്കാർ വരെ നികുതിയടയ്ക്കണം. വലിയ ലക്ഷ്വറി വാഹനങ്ങൾക്ക് നികുതി ചുമത്തുന്നതിന് ഞങ്ങൾ എതിരല്ല. സർക്കാർ അത് ചെയ്തോട്ടെ. പക്ഷേ പാവപ്പെട്ട ഓട്ടോറിക്ഷക്കാർ, സ്വയംതൊഴിൽ കണ്ടെത്തി ജീവിക്കുന്നവർ തുടങ്ങിയവർ പ്രക്ഷോഭ സമരത്തിലാണ്. കേന്ദ്ര ഗവൺമെന്റിന്റെ മോട്ടോർ നയം നടപ്പിലാക്കുന്നതിൽ രാജാവിനേക്കാൾ രാജഭക്തി കാണിക്കുന്ന കുറേ ഉദ്യോഗസ്ഥർ മോട്ടോർ വാഹന വകുപ്പിലുണ്ട്. അവരെ ശക്തമായ രൂപത്തിലേയ്ക്ക് തുറന്നുകാട്ടിക്കൊണ്ട് ഈ തൊഴിലാളി സംഘടനകൾ പ്രക്ഷോഭം നടത്തുകയാണ്. അതുകൊണ്ട് ഈ പുതിയ നികുതി ഒഴിവാക്കുന്ന കാര്യം പരിഗണിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ ജനങ്ങൾക്ക് വലിയ പ്രതീക്ഷ നൽകുന്ന ബഡ്ജറ്റാണിത്. ആ ബഡ്ജറ്റ് സർവ്വാത്മനാ എല്ലാവരും പിന്തുണച്ചുകൊണ്ടിരിക്കുകയാണ്. മാതൃഭൂമിയുടെയും മനോരമയുടെയുമൊക്കെ ചില ടൈറ്റിൽസ് ഇവിടെ വായിച്ചു. അതിനകത്തുള്ളത് ഒന്നും വായിച്ചില്ല. മാതൃഭൂമി എഴുതിയ മുഴുവൻ കാര്യവും വായിച്ചില്ല. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് മനോരമയടക്കം പറഞ്ഞത്, ദീർഘവീക്ഷണമുള്ള, കേരളത്തിന്റെ പുരോഗതിക്കാവശ്യമായ സമസ്ത മേഖലയെയും സ്പർശിച്ച ഒരു ഭാവി കണ്ടുകൊണ്ടുള്ള ബഡ്ജറ്റാണിത് എന്നാണ്.

<u>മി. ചെയർമാൻ</u>: യെസ്..... പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, ഞാൻ മറ്റ് വിഷയങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. സുഹൃത്തുക്കളെ, നിങ്ങൾ ഇനിയെങ്കിലും നന്നാവണം. ഈ കോൺഗ്രസ് നശിക്കുന്നത് ഞങ്ങൾക്ക് വലിയ ഇഷ്ടമുള്ള കാര്യമൊന്നുമല്ല. ഇന്നത്തെ ദേശീയ രാഷ്ട്രീയ സാഹചര്യത്തിൽ കോൺഗ്രസിന് അതിന്റേതായ പങ്ക് നിർവ്വഹിക്കാനുണ്ടെന്ന് വിശ്വസിക്കുന്നവരാണ് ഞങ്ങൾ. പക്ഷേ നിങ്ങൾ സ്വയം മരിക്കാൻ തീരുമാനിച്ചാൽ യാതൊരു നിവൃത്തിയുമില്ല. മരിച്ച് പോകുകയേ ഉള്ളൂ, രക്ഷപ്പെടുത്താൻ കഴിയില്ല. ഇന്നത്തെ ദേശീയ രാഷ്ട്രീയം ഗൗരവമായ വിഷയമാണ്. ആ ഗൗരവമായ അന്തരീക്ഷത്തിൽ മതനിരപേക്ഷ പ്രസ്ഥാനങ്ങളെ സംബന്ധിച്ച് യോജിപ്പ് വേണം. ഒരു ഫാസിസ്റ്റ് സംഘടനയാണ് ഇന്ത്യാ രാജ്യത്ത് ഭരിക്കുന്നത്. ആ കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് കോൺഗ്രസ് നയങ്ങൾ തിരുത്താൻ തയ്യാറാകണം. അന്ധമായ മഞ്ഞക്കണ്ണട വച്ചുകൊണ്ട് നോക്കാതെ, കമ്മ്യൂണിസ്റ്റ് വിരോധം മാത്രം കൈമുതലായി നോക്കാതെ യാഥാർത്ഥ്യബോധത്തിൽ പ്രശ്നങ്ങളെ കാണാനും അതിനെ സമീപിക്കാനും കഴിയുന്ന രൂപത്തിലേയ്ക്ക് കോൺഗ്രസ് വളർന്നാൽ നന്ന്. അല്ലെങ്കിൽ കോൺഗ്രസിന്റെ ഗതികേട് ഇപ്പോൾ യു.പി.-യിൽ ഉണ്ടായതിനേക്കാൾ

കട്ടപ്പത്തിലാകും. അത്രമാത്രമെ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.